മധുമൊഴി

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

മധുമൊഴി

പ്രൊഫ. എം. വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പൽ,

സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTEDAT

AYODHYA PRINTERS LTD. ELAMAKKARA,
KOCHI - 682 026

●

copy right reserved

●

അവതാരിക

എന്റെ ആത്മീയ ഗുരുവായ പ്രൊഫ. എം.വൈ. യോഹന്നാൻസാർ 'മധുമൊഴി'ക്ക് ഒരു അവതാരിക എഴുതണമെന്ന് എന്നോട് പറഞ്ഞത് എന്നെ അത്ഭുതപരതന്ത്രനാക്കി. ഒരു വലിയ പദവി എന്ന നിലയ്ക്ക് ഞാനതിനെ കണക്കാക്കി ഈ സാഹസത്തിന് മുതിരുകയാണ്.

യോഹന്നാൻ സാർ ചെയ്യുന്ന റേഡിയോ പ്രഭാഷണങ്ങളുടെ അഞ്ചാമത്തെ സമാഹാരമാണിത്. ഇതിന് മുമ്പ് പ്രസിദ്ധീകരിച്ച അമൃതധാര, ആന്തരികശാന്തി, ശുഭഭാവി, ശാന്തിതീരം എന്നീ പുസ്തകങ്ങളെക്കാളെല്ലാം ഒരു പുതിയ ആവിഷ്ക്കരണ ശൈലിയാണ് 'മധുമൊഴി'ക്കുള്ളത്. കെട്ടിലും രൂപത്തിലും ഭാവത്തിലും നൂതനത്വം തുളുമ്പുന്ന ഈ പുസ്തകം അനേകർക്ക് ഒരു ആത്മീയ വഴികാട്ടിയാകും എന്നതിന് ഒരു സംശയവുമില്ല.

കഴിഞ്ഞ നാല്പത്തഞ്ചു വർഷമായി യോഹന്നാൻസാറിനെ എനിക്ക് അടുത്തറിയാം. നാട്ടുകാരൻ, വീട്ടുകാരൻ, ബന്ധക്കാരൻ എന്നെല്ലാമുള്ളതിനെക്കാൾ എന്റെ ആത്മീയ ജീവിതത്തെ ഏറ്റവും അധികം സ്വാധീനം ചെയ്ത വ്യക്തി

യാണ് അദ്ദേഹം. വലമ്പൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ സണ്ടെസ്കൂളിൽ എന്നെ പഠിപ്പിച്ച കാലം മുതൽ ഉള്ളതാണ് ആ ആത്മീയ ബന്ധം. അടുത്തറിയുന്തോറും കൂടുതൽ ആദരവും സ്നേഹവും പിടിച്ചു പറ്റുന്ന ഒരു പ്രകൃതമാണ് അദ്ദേഹത്തിന്. ഒരു നിസ്സാര കാര്യത്തിനുപോലും ഒരു കുറ്റവും ആരോപിക്കുവാൻ ഇടവരുത്താത്ത ഒരാത്മീയനാണ് അദ്ദേഹം. യോഹന്നാൻസാറിൽ നിന്ന് അനേകമനേകം കാര്യങ്ങൾ എന്റെ ജീവിതത്തിൽ പകർത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

വേദപുസ്തകത്തിലുള്ള ആഴമായ ജ്ഞാനം, സഭാചരിത്രം, പിതാക്കന്മാരുടെ വിശ്വാസ പാരമ്പര്യങ്ങൾ എന്നിവയിലുള്ള ഗാഢമായ അറിവ് എന്നിവ ഈ ദൈവപുരുഷനിൽ മാത്രമാണ് ഞാൻ കണ്ടിട്ടുള്ളത്. ലഭിച്ച വേദവിജ്ഞാനവും പാണ്ഡിത്യവും സ്വന്തം ജീവിതത്തിൽ പകർത്തി, ലളിതജീവിതം, ജീവിതവിശുദ്ധി, വിശാലവീക്ഷണം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ അതിതീക്ഷ്ണതയോടെ നിൽക്കുന്ന വ്യക്തിയാണ് അദ്ദേഹം.

അനേകം ശ്രേഷ്ഠ ദൈവദാസൻമാരുടെ സുവിശേഷ പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ എന്റെ ജീവിതത്തിൽ ആഴത്തിൽ സ്വാധീനിച്ചത് യോഹന്നാൻസാറിന്റെ പ്രസംഗങ്ങൾ ആണ്. ഹൃദയത്തെ തൊടുന്ന പ്രസംഗങ്ങളാണ് അവ. അങ്ങനെയുള്ള പതിമൂന്ന് പ്രസംഗങ്ങളുടെ സമാഹാരമാണ് ഈ "മധുമൊഴി." ഓരോ പ്രസംഗത്തിലും നിത്യജീവനുള്ള പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്നു. "ഭൂമിയിൽ സ്വർഗ്ഗം ആരംഭിച്ച് അത് നിത്യതയിലേക്ക് നിറവോടെ തുടരുന്നതാണ് ക്രിസ്തീയ ജീവിതം" എന്ന് സാറിന്റെ പ്രസംഗങ്ങളിൽ പറഞ്ഞിരിക്കുന്ന ആശയം അനേകരുടെ ജീവിതത്തെ സ്വാധീനിക്കും എന്നതിന് എനിക്ക് തെല്ലും സംശയ

മില്ല. ഓരോ പ്രസംഗത്തിന്റെയും അന്തസ്സത്ത, ഭാഷ, വചന ജ്ഞാനം, അവതരണശൈലി എന്നിവ ആരേയും ആകർഷിക്കും.

"Practise what you preach" എന്നൊരു ചൊല്ല് ഞാൻ കേട്ടിട്ടുണ്ട്. പ്രസംഗിക്കുന്നതുപോലെ ജീവിച്ചു കാണിക്കുക എന്നാണല്ലോ അതിന്റെ അർത്ഥം. സ്വന്തം ജീവിതത്തിൽ അനുഭവിക്കുന്ന കാര്യങ്ങളാണ് സാർ പ്രസംഗിക്കുന്നത്. ആന്തരിക വിശുദ്ധിയും ഹൃദയസമാധാനവും സാർ പ്രസംഗിക്കുന്നു. സാറിന്റെ വ്യക്തി ജീവിതത്തിലും കുടുംബ ജീവിതത്തിലും ഞാനത് കാണുന്നു. കുടുംബത്തിലെ ഐക്യവും സമാധാനവും പരസ്പര സ്നേഹവും സാർ പ്രസംഗങ്ങളിൽ ആഹ്വാനം ചെയ്യുന്നു. സാറിന്റെ കുടുംബത്തിൽ അതിന്റെ ഏറ്റവും നല്ല മാതൃകയാണ് ഞാൻ കാണുന്നത്.

ദൈവാശ്രയവും ദൈവഭയവും ആണ് സാറിനെ പടിപടിയായി ഉയർത്തിയത്. കോളേജിൽ പഠിക്കാതെ സ്വന്തപരിശ്രമത്താൽ M.A. ഡിഗ്രി കേരളായൂണിവേഴ്സിറ്റി റാങ്കോടെ നേടി എന്നത് നിസ്സാര കാര്യമല്ലല്ലോ. ഒരു സ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച് കോലഞ്ചേരി സെ. പീറ്റേഴ്സ് കോളേജിന്റെ പ്രിൻസിപ്പലായി വളർന്ന ആ ജീവിതത്തിന്റെ സവിശേഷത ആരേയും ആകർഷിക്കുന്നതാണ്.

മാനേജ്മെന്റിന്റെയും സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും കോലഞ്ചേരിയിലും പരിസരത്തുമുള്ള പൊതുജനങ്ങളുടെയും ആദരവിനും പ്രീതിക്കും പാത്രമായിത്തീർന്നിട്ടുള്ള ഒരു നല്ല പ്രിൻസിപ്പലും അനുഗൃഹീത അദ്ധ്യാപകനുമായിരുന്നു യോഹന്നാൻ സാർ. ആ നേട്ടത്തിനു കാരണം ഞാൻ വിശ്വസിക്കുന്നു, ഓരോ പ്രാവശ്യവും ജോലിക്കയറ്റം കിട്ടുമ്പോഴെല്ലാം സാർ പറയാറുണ്ട് : "ഒന്നാമത്

ഞാനൊരു സുവിശേഷകനായിരിക്കും. രണ്ടാമത് ഞാൻ എന്റെ ജോലികൾ സത്യസന്ധതയോടെ, പൂർണ്ണ വിശ്വസ്ത തയോടെ, തികഞ്ഞ ഉത്തരവാദിത്തബോധത്തോടെ, ദൈവ നാമ മഹത്വത്തിനായി നിർവ്വഹിക്കും."

സാറിന്റെ അനേക സുവിശേഷ പ്രസംഗ യാത്രകളിൽ ചേർന്നു പോകാൻ എനിക്ക് ഇടയായിട്ടുണ്ട്. മിക്കവാറും പ്രസംഗങ്ങൾ ഞാൻ എഴുതി എടുക്കാറുണ്ട്. ചിലതെല്ലാം ടേപ്പ് റെക്കോഡ് ചെയ്തും സൂക്ഷിക്കാറുണ്ട്. കാരണം, അവ യെല്ലാം വിലപ്പെട്ട നിധികളാണ്. അവയിൽ ചിലതെല്ലാം ഇപ്പോൾ പുസ്തക രൂപത്തിൽ കിട്ടിയത് വലിയൊരു അനു ഗ്രഹമായി ഞാൻ കരുതുന്നു. ഭാവി തലമുറയ്ക്കും ഇതൊരു വലിയ മുതൽക്കൂട്ടായിരിക്കും.

ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പതിമൂന്നു പ്രസംഗങ്ങളും അനുഭവസാക്ഷ്യങ്ങളും എല്ലാം വായിക്കുന്ന ഓരോരുത്തരുടെയും ജീവിതത്തെ മാറ്റിമറിക്കും എന്നത് തീർച്ച തന്നെ. ദിവ്യവെളിച്ചം വീശിത്തരുന്ന, ആത്മാവിനെ ഉദ്ദീപിപ്പി ക്കുന്ന വചനശുശ്രൂഷകളാണവ. അവ വിശ്വാസത്തോടെ സ്വീകരിക്കുന്നവരിൽ ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടും.

ക്രിസ്തുഭക്തൻ എല്ലാക്കാലത്തും തെറ്റിദ്ധരിക്കപ്പെടുമല്ലോ. യോഹന്നാൻ സാറിനെതിരായും അനേകം പരിഹാസങ്ങളും നിന്ദനങ്ങളും അപവാദപ്രചരണങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷേ അദ്ദേഹം അവ സന്തോഷത്തോടെ സ്വീകരിച്ചു. പുഞ്ചിരി യോടെ നേരിട്ടു. "മനുഷ്യർ ദ്വേഷിച്ച്, നിന്ദിച്ച്, എല്ലാ തിന്മയും കളവായി പറയുമ്പോൾ സന്തോഷിക്കാൻ" കഴിയണമെങ്കിൽ ക്രിസ്തുവിലുള്ള ഭാവവും ആത്മനിറവും ആവശ്യമാണെന്ന് സാറിൽ നിന്ന് എനിക്ക് പഠിക്കാൻ കഴിഞ്ഞു.

നാട്ടുകാരുടെയും വീട്ടുകാരുടെയും ഇടവകക്കാരുടെയും ഇടയിൽ മാതൃകാപരമായ ഒരു ജീവിതം നയിച്ചുകൊണ്ട് സുവിശേഷം അറിയിക്കുന്നതു കൊണ്ടാണ് അനേക ഹൃദയങ്ങളിൽ ചലനമുളവാക്കുവാനും അവരെ ക്രിസ്തുവിങ്കലേക്ക് അടുപ്പിക്കുവാനും സാറിന്റെ പ്രസംഗങ്ങൾക്ക് കഴിയുന്നത്. ഭാരപ്പെട്ടും തളർന്നും ക്ഷീണിച്ചും വരുന്നവർക്ക് ഒരു നല്ല കൗൺസലർ ആയി വർത്തിച്ച് അവരെ ആശ്വാസദാതാവായ ക്രിസ്തുവിങ്കലേക്ക് നടത്തുവാൻ സാറിന് കഴിയുന്നുണ്ട്. അരികത്തിരുന്ന് കുറെനേരം സംസാരിക്കാൻ അവസരം കിട്ടിയാൽ ഒരു വലിയ ആശ്വാസവും ക്രിസ്തുവിലുള്ള വിശ്വാസവും സ്നേഹവും അനുഭവിച്ചുകൊണ്ട് എഴുന്നേല്ക്കാൻ കഴിയും എന്നത് എന്നെപ്പോലെതന്നെ അനേകരുടെ അനുഭവമാണ്.

ദൈവത്തിന്റെ വചനം മായം ചേർക്കാതെ നിർമ്മല സുവിശേഷം പ്രചരിപ്പിക്കുന്നതിനും സഭയുടെ സത്യവിശ്വാസങ്ങൾ വേദപുസ്തക സത്യങ്ങളുമായി സമന്വയിപ്പിച്ച് പിതാക്കന്മാർ എഴുതിവെച്ചിരിക്കുന്നവ വ്യാഖ്യാനിച്ച് പഠിപ്പിക്കുന്നതിനും യോഹന്നാൻസാറിനുള്ള കഴിവും ജ്ഞാനവും പാടവവും പ്രശംസനീയമാണ്. സഭയുടെ നവീകരണമല്ല, പൂർവ്വീകരണമാണ് സാറിന്റെ ലക്ഷ്യമെന്ന് എനിക്ക് നല്ലതുപോലെ യറിയാം.

ആദ്യനൂറ്റാണ്ടിലെ വിശുദ്ധൻമാരായ പുണ്യപിതാക്കന്മാർ എങ്ങനെ വിശുദ്ധ സാക്ഷികളായി ജീവിച്ച് ക്രൂശിന്റെ അനുഭവം ജീവിതത്തിൽക്കൂടെ കാണിച്ചുവോ, അതുപോലെ ജീവിക്കുന്ന അനേകം വിശുദ്ധ മക്കളെ ഈ തലമുറയിലും എഴുന്നേല്പിക്കണം എന്ന ലക്ഷ്യത്തോടെയാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് നടത്തിക്കൊണ്ടു പോകുന്നത്. ആ ലാക്കോടെയാണ് ഈ ഗ്രന്ഥത്തിലുള്ള ഓരോ പ്രസംഗവും

നിർവ്വഹിച്ചിട്ടുള്ളത്.

യേശുക്രിസ്തു വീണ്ടും വരുന്നത് ഏറ്റവും സമീപമായിരിക്കുന്ന ഈ അന്ത്യകാലത്ത് സത്യവിശ്വാസത്തിൽ ഉറച്ചു നിന്ന് സത്യസുവിശേഷത്തിനുവേണ്ടി പോരാടിക്കൊണ്ട് എഴുതിയിരിക്കുന്ന ഒരു പുസ്തകമാണ് "മധുമൊഴി." അനേകർക്ക് ഇത് ആത്മീയ ജീവിതത്തിന് വഴികാട്ടിയായിത്തീരുവാൻ സർവ്വവല്ലഭനായ ദൈവം സഹായിക്കട്ടെ എന്ന് ആശംസിച്ചു കൊണ്ട് ദൈവനാമ മഹത്വത്തിനായി ഞാൻ ഈ ഗ്രന്ഥം അവതരിപ്പിച്ചുകൊള്ളുന്നു.

ഡോ. കെ.റ്റി. പൗലോസ്
നെച്ചുപ്പാടം ഓർത്തഡോണ്ടിക്സ്

ആമുഖം

മഹാജ്ഞാനിയായ സി. രാജഗോപാലാചാരി 'ഉപനിഷത്തുക്കളെ കുറിച്ചുള്ള പഠനഗ്രന്ഥത്തിൽ എഴുതിയിട്ടുണ്ട്.

"ദൈവത്തെയും ദൈവത്തിന്റെ വഴികളെയും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾകൊണ്ടറിയുക സാദ്ധ്യമല്ല." (Upanishads Page 27)

കഠോപനിഷത്ത് 11 : 23-ൽ നാം വായിക്കുന്നു :

"നായവാത്മാ പ്രവചേന ലഭ്യോ
നമേധയാ ന ബഹുനാ ശ്രുതേന
യമേവൈഷ വൃണുതേ ന ലഭ്യസ്ത സ്യൈഷ
ആത്മാവി വൃണുതേ തനൂം സ്വാം."

വേദോപനിഷത്തുക്കൾ അനവധി പഠിച്ചതുകൊണ്ടോ, ബുദ്ധിസാമർത്ഥ്യം കൊണ്ടോ, വളരെ പ്രാവശ്യം കേട്ടതുകൊണ്ടോ ദൈവത്തെക്കുറിച്ച് അറിവ് ലഭിക്കണമെന്നില്ല. ദൈവത്തിന് ആരോട് കൃപ തോന്നുന്നുവോ, അവന് തന്നെക്കുറിച്ചുള്ള ജ്ഞാനം നൽകി തന്റെ സ്വരൂപം വെളിപ്പെടുത്തിക്കൊടുക്കുന്നു.

ഈ ആശയം തന്നെയാണ് സെ. പോൾ റോമർക്കുള്ള ലേഖനത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നത് :

> "ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രേ സകലവും സാധിക്കുന്നത്." റോമർ 9 : 16

പുറപ്പാട് 33 : 19-ൽ മോശയുടെ നാവിൽ കൂടെ നിത്യനായ ദൈവം അരുളിച്ചെയ്തത് സെ. പോൾ ഉദ്ധരിച്ചതിനു ശേഷമാണ് പ്രസ്തുത വാക്യം പറയുന്നത്.

> "കൃപ ചെയ്‌വാൻ എനിക്ക് മനസ്സുള്ളവനോട് ഞാൻ കൃപ ചെയ്യും, കരുണ കാണിപ്പാൻ എനിക്ക് മനസ്സുള്ളവന് ഞാൻ കരുണ കാണിക്കും." പുറ. 33 : 19

> "എനിക്ക് കരുണ തോന്നേണം എന്നുള്ളവനോട് കരുണ തോന്നുകയും എനിക്ക് കനിവ് തോന്നേണം എന്നുള്ളവനോട് കനിവ് തോന്നുകയും ചെയ്യും." റോമർ 9 : 15

William Barclay പറഞ്ഞിട്ടുണ്ട് : രണ്ടു തരത്തിലുള്ള revelations (വെളിപ്പാടുകൾ) ആണുള്ളത്. ഒന്ന്, മനുഷ്യൻ ദൈവത്തെ കണ്ടെത്തുക, രണ്ട് മനുഷ്യൻ തന്നെത്തന്നെ കണ്ടെത്തുക. അതായത്, ദൈവത്തെക്കുറിച്ചും തന്നെക്കുറിച്ചുമുള്ള revelations.

ഈ ദർശനങ്ങളിലാണ് ആദ്ധ്യാത്മിക മൂല്യം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ഈ കാഴ്ചപ്പാടുകളാവട്ടെ, ദൈവം തരുന്ന സൗജന്യദാനങ്ങളാണ്. ക്രിസ്തു ഒരിക്കൽ പറഞ്ഞു :

"പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്ക് പ്രസാദം തോന്നിയത്."

മത്തായി 11 : 25 – 26

ഈ അത്ഭുതകരമായ ദൈവവരപ്രസാദത്തിന്റെ ഗരിമ ഉൾക്കൊള്ളുന്നതുകൊണ്ട് മാത്രമാണ് സുവിശേഷ പ്രഭാഷണങ്ങൾ ചെയ്യാൻ എനിക്ക് കഴിഞ്ഞിട്ടുള്ളത്. എന്റെ ഒന്നുമില്ലായ്മയും നിസ്സാരതയും തിരിച്ചറിയാൻ കഴിഞ്ഞതും നിത്യപരിശുദ്ധനായ ദൈവത്തിന്റെ നിസ്തുല സ്നേഹം എന്നെ വശീകരിച്ചതുമാണ് എന്റെ ജീവിതത്തിൽ എനിക്ക് ലഭിച്ച മഹാഭാഗ്യം.

പൂർവ്വിക പുണ്യപിതാക്കൾ പാടിയല്ലോ :

"എന്നെ മയക്കീനിൻ നൽ –
സൗന്ദര്യാശ്ചര്യങ്ങൾ,
നിൻസ്തുതി ദൈവസുതാ പാടാൻ –
സ്വരമിവനില്ലൊന്നും."

എന്റെ പ്രസംഗങ്ങളിൽ ഈ നന്ദിയുടെ സ്തുതികൾ തുടിച്ചു നില്ക്കണമെന്നാണ് എന്റെ ആഗ്രഹം. കാരുണ്യവാനായ ദൈവം തന്റെ വാത്സല്യാതിരേകത്താൽ കോരിച്ചൊരിഞ്ഞു തന്ന അനുഗ്രഹങ്ങളല്ലാതെ എനിക്ക് മറ്റൊന്നുമില്ല. അതെന്റെ വാക്കുകളിൽ അനുരണനം ചെയ്യണമെന്ന ദാഹത്തിൽ നിന്നാണ് ഈ പ്രസംഗ സമാഹാരവും പ്രസിദ്ധപ്പെടുത്തുന്നത്.

മുൻ പ്രസിദ്ധീകരണങ്ങൾക്ക് നല്കിയ ആവേശകരമായ സ്വീകരണവും പ്രോത്സാഹനവും ഈ കൃതിയ്ക്കും അനുവാചകരായ എന്റെ ബഹുമാന്യ സഹോദരങ്ങൾ നല്കുമെന്ന് എനിക്കുറപ്പുണ്ട്.

സ്നേഹമസൃണവും ഹൃദയസ്പർശിയുമായ ഒരവതാരിക എഴുതി ഈ ഗ്രന്ഥത്തെ ധന്യമാക്കിയ എന്റെ ബഹുമാന്യ സഹോദരൻ ഡോ. കെ. റ്റി. പൗലോസ്, നെച്ചുപ്പാടം അവർകളോടുള്ള എന്റെ നിസ്സീമമായ കൃതജ്ഞത ഞാൻ ഇവിടെ പ്രകാശിപ്പിക്കട്ടെ.

പ്രസംഗങ്ങൾ പുസ്തകരൂപത്തിലാക്കുവാൻ അദ്ധ്വാനിച്ച്, ക്ലേശകരമായ ഉദ്യമം വിജയകരമായി പൂർത്തീകരിച്ച എന്റെ ബഹുമാന്യ സഹോദരൻമാരായ ശ്രീ. അഞ്ചി എൻ. കൊല്ലംപറമ്പ് (എൻജിനീയർ, കിറ്റ്കൊ, എറണാകുളം), ശ്രീ. തമ്പി (ക്രിസ്ത്യൻ ബുക്ക് സെന്റർ, എറണാകുളം സൗത്ത്) എന്നിവരോടുള്ള എന്റെ കടപ്പാട് അതിരറ്റതാണ്.

ഹൃദയ ശുദ്ധീകരണത്തിനും ആന്തരിക സമാധാനത്തിനും ദാഹിക്കുന്ന എല്ലാവരും ഈ പ്രസംഗങ്ങൾ ജീവിതത്തിൽ പ്രയോജനപ്പെടുത്തും എന്ന് എനിക്കുറപ്പുണ്ട്.

ഏവരുടെയും സൗമനസ്യത്തിന്റെയും സ്നേഹനിർഭരമായ സഹകരണത്തിന്റെയും തണലിൽ ഇളച്ചുകൊണ്ട് എല്ലാവർക്കും ആദരപൂർവ്വമായ വന്ദനം ഞാനിവിടെ അർപ്പിക്കുകയാണ്. നിത്യശോഭന തീരത്ത് അരുമനാഥനായ ക്രിസ്തു നമ്മെ എത്തിക്കുമാറാകട്ടെ.

നിങ്ങളുടെ വിനീതവിധേയൻ,

എം.വൈ. യോഹന്നാൻ

ഒന്ന്

'ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു; അത് ആർക്കും അടച്ചു കൂടാ." വെളിപ്പാട് 3 : 8

"അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല."

യെശയ്യാ 22 : 22

കർത്താവായ യേശുക്രിസ്തു ആരും അടയ്ക്കാതവണ്ണം തുറക്കുന്നവനും ആരും തുറക്കാതവണ്ണം അടയ്ക്കുന്നവനുമാണ്. "അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല. അവൻ അടച്ചാൽ ആരും തുറക്കുകയുമില്ല."

അടഞ്ഞ വാതിലുകളെ തുറക്കുന്നവനത്രേ കർത്താവായ യേശുക്രിസ്തു. ജീവിതപാതയിൽ മുന്നോട്ട് നീങ്ങാനാവാതെ വാതിൽ അടഞ്ഞു കാണുന്നവരുടെ മുമ്പിൽ അതിശയകരമായി വാതിൽ തുറന്നു കൊടുക്കുന്നവനത്രേ കർത്താവായ യേശുക്രിസ്തു.

പ്രത്യാശയുടെ ഒരംശം പോലുമില്ലാതെ നിരാശയിൽ മുങ്ങി വലയുന്നവരുടെ മുമ്പിൽ പുത്തൻ പ്രതീക്ഷകളുടെ പുതുനാമ്പുകൾ വിരിയിച്ചു കൊടുക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു.

ഈ വാക്കുകളെ കേൾക്കുന്ന മാന്യ സ്നേഹിതാ, താങ്കളുടെ ജീവിതം ഇന്ന് അസ്വസ്ഥമായിരിക്കുകയാണോ? ജീവിതത്തിൽ അനേകം വാതിലുകൾ അടഞ്ഞ് മുന്നോട്ടുള്ള ഗതി മുട്ടി താങ്കൾ ഇന്ന് മനം മടുത്തു നിൽക്കുകയാണോ? തുറന്നു കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്ന അനേക വാതിലുകൾ ഇന്ന് താങ്കൾ അടഞ്ഞു കാണുകയാണോ?

രോഗസൗഖ്യത്തിനുള്ള സാധ്യതകൾ തകർന്നിരിക്കുന്നു. കടം വീട്ടുവാനുള്ള മാർഗ്ഗങ്ങൾ അടഞ്ഞു കിടക്കുന്നു. ഒരു വിവാഹം നടക്കുമെന്നുള്ള പ്രതീക്ഷകൾ നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഒരു ശിശുവിനെ ലഭിക്കുമെന്നുള്ള ആശ അടഞ്ഞുപോയിരിക്കുന്നു, ഒരു തൊഴിൽ ലഭിക്കുമെന്നുള്ള പ്രതീക്ഷകൾ തകർന്നു പോയിരിക്കുന്നു. അനേകം അടഞ്ഞ വാതിലുകൾ! എന്നാൽ കർത്താവായ യേശുക്രിസ്തു പറയുന്നു :

> "ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു; അത് ആർക്കും അടച്ചു കൂടാ." വെളിപ്പാട് 3 : 8

> "അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല; അവൻ അടച്ചാൽ ആരും തുറക്കുകയുമില്ല."
> യെശയ്യാ 22 : 22

നോഹയുടെ കാലത്ത് പെട്ടകത്തിന്റെ വാതിൽ തുറന്നു വെച്ചുകൊണ്ട് നീതിപ്രസംഗിയായ നോഹ നെടുനാൾ ജനത്തെ വിളിച്ചുകൊണ്ടിരുന്നു. ഹിംസ്രമൃഗങ്ങൾ അകത്ത് കടന്നു.

കൊടുംക്രൂരജീവികൾ പെട്ടകത്തിൽ പ്രവേശിച്ചു.

പക്ഷെ വിശേഷബുദ്ധിയുള്ള മനുഷ്യൻ മാത്രം അകത്ത് കടന്നില്ല. അതുവരെ കാണാത്തവയെക്കുറിച്ചുള്ള അരുളപ്പാടാണ് അവർ കേട്ടത്. അവർക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല.

അതുവരെ ലോകത്തിൽ മഴയുണ്ടായിരുന്നില്ല. ഉല്പത്തി പുസ്തകം അങ്ങനെയാണ് പറയുന്നത്.

> "യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല. ഭൂമിയിൽനിന്ന് മഞ്ഞ് പൊങ്ങി നിലം ഒക്കെയും നനച്ചുവന്നു." ഉല്പത്തി 2 : 5 – 6

കണ്ടിട്ടില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് തിരുവചനം സംസാരിച്ചപ്പോൾ അന്നത്തെ ജനത്തിന് വിശ്വസിക്കാൻ കഴിയാത്തതുപോലെ ഇന്നത്തെ ജനത്തിനും വിശ്വസിക്കാൻ കഴിയുന്നില്ല.

"ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ത്തന്നേ രക്ഷാദിവസം" എന്ന് പൗലോസ് അപ്പോസ്തലർ പറയുന്നു. 2 കൊരിന്ത്യർ 6:1–2

അനേകരും ഈ രക്ഷാസമയം – ഈ സുപ്രസാദകാലം – തിരിച്ചറിയാതെ പാപജീവിതത്തിൽ മുഴുകിക്കഴിയുന്നു.

"പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരമരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു," എന്നാണ് ക്രിസ്തുവിന്റെ വചനം.

ആദിമ മനുഷ്യന്റെ മുമ്പിൽ പെട്ടകത്തിന്റെ വാതിൽ തുറന്നു വെച്ചുകൊണ്ട് നോഹ ജനത്തെ പ്രളയത്തിൽനിന്ന്

രക്ഷപ്പെടുത്തുവാൻ മാടി വിളിച്ചതുപോലെ ഇന്നും കരുണയുള്ള ക്രിസ്തു രക്ഷയുടെ കവാടം തുറന്നു വെച്ചുകൊണ്ട് മനുഷ്യനെ ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. രക്ഷയുടെ കവാടം നരകാവകാശിയായ മനുഷ്യനെ സ്വർഗ്ഗാവകാശിയാക്കുന്ന അത്ഭുതത്തിൻ വാതിലത്രേ. രക്ഷയുടെ കവാടം അശുദ്ധനെ വിശുദ്ധനാക്കുന്ന വിശുദ്ധിയുടെ വാതിലത്രേ.

സ്വർഗ്ഗം തുറന്ന അനുഭവങ്ങൾ തിരുവചനത്തിൽ അനേകം ഭാഗങ്ങളിൽ കാണുന്നുണ്ട്.

ഒന്ന്, യാക്കോബിന്റെ മുമ്പിൽ സ്വർഗ്ഗം തുറന്നു.

> "ഇത് ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇത് സ്വർഗ്ഗത്തിന്റെ വാതിൽതന്നേ."
>
> ഉല്പത്തി 28 : 17

യൗവനാരംഭത്തിൽത്തന്നെ യാക്കോബിന് സ്വന്തഭവനം വിട്ടുപോകേണ്ടിവന്നു. മരണഭീതിയോടെ അവൻ ഓടുകയാണ്. സഹോദരനായ ഏശാവിന്റെ കൈയിൽനിന്ന് രക്ഷപ്പെടുവാൻ അവൻ പ്രാണരക്ഷാർത്ഥം പിതൃഭവനം വിട്ട് ഓടുകയാണ്.

ബേർശേബാ മരുഭൂമിയിൽക്കൂടി ആ യൗവ്വനക്കാരൻ വേച്ചും കിതച്ചും നീങ്ങുകയാണ്. ശരീരം തളർന്നു; മനസ്സും തകർന്നു. ഇരുളടഞ്ഞ ഭാവി. നിരാശ തളം കെട്ടിയ ഹൃദയം. ആശയും പ്രതീക്ഷയുമറ്റ ജീവിതം. മരണം തന്നെ വേട്ടയാടുന്നല്ലൊ എന്ന് പതറി ഉലഞ്ഞ ജീവിതം.

അപ്പോഴാണ് ദൈവസാന്നിദ്ധ്യം ലഭിച്ചത്. സ്വർഗ്ഗത്തോളം എത്തുന്ന ഗോവണിയുടെ ദർശനം. ഭൂമിയിൽ വെച്ചിരിക്കുന്ന ഗോവണി. അതിന്റെ അഗ്രം സ്വർഗ്ഗത്തിൽ!

അതിൻമീതെ നിത്യനായ ദൈവം ഇറങ്ങി നിൽക്കുന്നു!

തളർന്ന മനസ്സിന് ഉൻമേഷം അരുളുന്നതാണ് ദൈവിക പ്രത്യക്ഷത. വാടിയുലഞ്ഞ ഹൃദയത്തെ ഉണർത്തുന്നതാണ് ദൈവികസാന്നിദ്ധ്യം. യാക്കോബിന്റെ ഉള്ളമുണർന്നു.

എന്തൊരത്ഭുതം ! ദൈവദൂതൻമാർ ആ ഗോവണിയിൽ കൂടി കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ആദ്യം കാണുന്നത് ദൂതൻമാർ കയറുന്നതാണ്. ആ മാലാഖമാർ അതുവരെയും തന്നോടുകൂടെയുണ്ടായിരുന്നു! ഏകനാണെന്നോർത്ത് വിഷാദിച്ചു യാത്ര ചെയ്യുകയായിരുന്നു. ഞാൻ ഒറ്റപ്പെട്ടല്ലോ എന്നോർത്ത് മനസ്സുരുകി നടക്കുകയായിരുന്നു.

എന്നെ ഏകനായി വിടാതെ, എന്നെ കാക്കാൻ, എന്നെ പരിപാലിക്കാൻ, നിത്യനായ ദൈവം തന്റെ ദൂതൻമാരെ നിയോഗിച്ചിരുന്നുവല്ലോ എന്ന് യാക്കോബ് അറിഞ്ഞു. നിസ്തുലസ്നേഹത്തിന്റെ ദൈവിക പരിപാലനം! അത്ഭുതവും നന്ദിയും വിടർത്തിയ കണ്ണുകളോടെ യാക്കോബ് നിൽക്കുകയാണ്. അപ്പോഴിതാ ദൈവം അരുളിച്ചെയ്യുന്നു:

> "ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു. നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും. നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും. നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ ഞാൻ നിന്നോടുകൂടെയുണ്ട്. നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്ത്, ഈ രാജ്യത്തേക്ക് നിന്നെ മടക്കി

വരുത്തും. ഞാൻ നിന്നെ കൈവിടാതെ നിന്നോട് അരുളിച്ചെയ്തത് നിവർത്തിക്കും."

ഉല്പത്തി 28 : 13-5

ഒന്നാമതായി ദൈവം യാക്കോബിന് തന്നെത്തന്നെ വെളിപ്പെടുത്തുകയാണ്. "ഞാൻ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവമാകുന്നു" എന്നാണ് ദൈവം അരുളിച്ചെയ്യുന്നത്. പിൽക്കാലത്ത് മോശയോട് ദൈവം സംസാരിക്കുമ്പോൾ "അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി പിതാക്കൻമാരുടെ ദൈവം" എന്ന് തന്നെക്കുറിച്ച് അരുളിച്ചെയ്യുന്നുണ്ട്. പുറപ്പാട് 3 : 15

"ആകയാൽ ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല" എന്ന് എബ്രായലേഖനം 11-ാം അധ്യായം 16-ാം വാക്യത്തിൽ പൗലോസ് അപ്പോസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നു.

വിശ്വാസികളായ പിതാക്കന്മാരുടെ ദൈവം സംസാരിക്കുന്നു. യാക്കോബിന് ധൈര്യം പകരുന്നു.

രണ്ടാമതായി, "ഞാൻ നിനക്കു തരും" എന്ന വാഗ്ദത്തം. "നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും." ഈ ദേശത്തുനിന്ന് ഇപ്പോൾ പോകുന്നെങ്കിലും ദീർഘായുസ്സോടെ ഇങ്ങോട്ടു മടങ്ങി വരും എന്ന വാഗ്ദത്തം. ഇന്ന് നീ ഒന്നുമില്ലാത്തവനെങ്കിലും നീ സമ്പന്നനാകും എന്ന വാഗ്ദത്തം.

മൂന്നാമതായി, "നിനക്ക് സന്തതിയുണ്ടാകും" എന്ന വാഗ്ദത്തം. ഇരുളടഞ്ഞ ഭാവിയിലേക്ക് കണ്ണും നട്ട് നിരാശയോടെ നിൽക്കുന്ന യാക്കോബിന് സന്തതി ലഭിക്കും എന്ന

വാഗദത്തം. “നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.”

നാലാമതായി, നീ അനുഗ്രഹിക്കപ്പെടും. നീ മൂലം അനേകർ അനുഗ്രഹം പ്രാപിക്കും, എന്ന വാഗ്ദത്തം. “നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.”

അഞ്ചാമതായി, “ഞാൻ നിന്നോടുകൂടെയുണ്ട്” എന്ന ധൈര്യപ്പെടുത്തുന്ന വചനം. ആരോരുമില്ല എന്ന് വ്യസനിച്ചിരിക്കുന്നവനോട് അത്യുന്നതൻ കൂടെയിരിക്കാമെന്ന വാഗ്ദത്തം.

ആറാമതായി, “ഈ രാജ്യത്തേക്ക് ഞാൻ നിന്നെ മടക്കി വരുത്തും” എന്ന വാഗ്ദത്തം. നിന്നെ നിയന്ത്രിക്കുകയും നയിക്കുകയും ചെയ്ത് നിന്നെ തിരികെ വരുത്തും എന്ന വാഗ്ദത്തം.

ഏഴാമതായി, “ഞാൻ നിന്നെ കൈവിടുകയില്ല” എന്നുള്ള വാഗ്ദത്തം.

യാക്കോബിന്റെ മുമ്പിൽ സ്വർഗ്ഗം തുറന്ന് ഈ ഏഴു വാഗ്ദത്തങ്ങൾ നൽകി. ദൈവത്തിന്റെ കരുതലും വാത്സല്യവും നോക്കൂ.

മാന്യ സ്നേഹിതാ, നിന്നെ സ്നേഹിക്കുന്ന ദൈവം നിന്റെ മുമ്പിൽ സ്വർഗ്ഗവാതിൽ തുറന്ന് നിന്നോട് സംസാരിക്കുകയാണ്. സ്വർഗ്ഗവാതിൽ തുറന്ന് നിനക്ക് വാഗ്ദത്തം - Promise - തരികയാണ്. സ്വർഗ്ഗം തുറന്നു – വാഗ്ദത്തം - സ്വർഗ്ഗം തുറക്കുന്നത് സ്വർഗ്ഗത്തിലേക്ക് പ്രവേശനം തരാനാണ്. സ്വർഗ്ഗം വിട്ട് ഭൂമിയിലേക്ക് വന്ന ക്രിസ്തു തന്റെ

ജീവൻ ക്രൂശിലർപ്പിച്ചത്, സ്നേഹിതാ, നിനക്ക് സ്വർഗ്ഗത്തിന്റെ അവകാശം തരാനാണ്. ക്രിസ്തുവിന്റെ രക്തം നിന്റെ സകല പാപവും പോക്കി നിന്നെ ശുദ്ധീകരിക്കും. കഴിഞ്ഞ ജീവിതം മായിച്ച് ഒരു പുതിയ മനുഷ്യനായി ജീവിക്കാനും നിത്യരക്ഷ ഈ ഭൂമിയിൽ ജീവിക്കുമ്പോൾതന്നെ നിനക്ക് അവകാശമാക്കാനും ക്രിസ്തു ഇതാ, സ്വർഗ്ഗം തുറന്ന് നിന്നോടു സംസാരിക്കുകയാണ്.

കാൽവറിക്രൂശിൽ ചങ്ക് തുറന്ന ക്രിസ്തു ഇപ്പോൾ, മാന്യ ദൈവപൈതലേ, നിന്റെ മുമ്പിൽ സ്വർഗ്ഗം തുറന്ന് അനന്ത സൗഭാഗ്യങ്ങളുടെ വാഗ്ദത്തം നിനക്ക് തരികയാണ്. ക്രിസ്തുവിനെ കൈക്കൊള്ളുവിൻ. ക്രിസ്തുവിന് ഹൃദയത്തിൽ ഇടം കൊടുക്കുവിൻ. നാഥാ, ഇന്നുമുതൽ ഞാൻ ഒരു പുതിയ മനുഷ്യനായി ജീവിക്കും എന്ന് ക്രിസ്തുവിനോടു വാക്കു പറയുവിൻ.

നമുക്ക് പ്രാർത്ഥിക്കാം :

കരുണയുള്ള കർത്താവേ, അവിടുന്ന് ഞങ്ങൾക്ക് തരുന്ന സ്വർഗ്ഗീയ വാഗ്ദത്തങ്ങൾക്കായി സ്തോത്രം. അവിടത്തെ ആണിപ്പാടുള്ള കരങ്ങളിലേക്ക് ഞാനിതാ എന്നെത്തന്നെ സമർപ്പിക്കുന്നു. അന്ത്യത്തോളം എന്നെ കാക്കണമേ.

രണ്ട്

"ഇതാ, ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു. അത് ആർക്കും അടച്ചു കൂടാ." വെളിപ്പാട് 3 : 8

"അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല."

യെശയ്യാ 22 : 22

കഴിഞ്ഞ അദ്ധ്യായത്തിൽ നാം ധ്യാനിച്ചു, തുറക്കപ്പെട്ട സ്വർഗ്ഗവാതിലിന്റെ അനുഭവം എന്ത് എന്ന്. സ്വർഗ്ഗം തുറന്നു – ദൈവീകവാഗ്ദത്തം നൽകുവാൻ. യാക്കോബിന്റെ മുമ്പിൽ സ്വർഗ്ഗം തുറന്നു – ദൈവീകവാഗ്ദത്തം ലഭിച്ചു - Promise.

ഒന്ന്, സ്വർഗ്ഗം തുറന്നു. ദൈവീകവാഗ്ദത്തങ്ങൾ നൽകുവാൻ – Promise.

രണ്ട്, സ്വർഗ്ഗം തുറന്നു ക്രിസ്തു സാക്ഷാൽ ദൈവപുത്രനെന്നറിയുവാൻ, രക്ഷ അനുഭവിപ്പാൻ.

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു; സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതൻമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും."

യോഹ. 1 : 51

യേശുക്രിസ്തു നഥനയേലിനോട് പറയുന്ന വാക്യമാണിത്. "റബ്ബീ, നീ ദൈവപുത്രൻ, നീ യിസ്രായേലിന്റെ രാജാവ്" എന്ന് നഥനയേൽ വിശ്വാസം ഏറ്റു പറഞ്ഞപ്പോൾ ക്രിസ്തു പറയുന്ന വാക്യമാണിത്.

ക്രിസ്തു രക്ഷ തരുന്നു എന്നത് സത്യമത്രേ. എന്നാൽ ക്രിസ്തു തന്നെയാണ് രക്ഷ. ക്രിസ്തു രക്ഷയിലേക്കുള്ള വഴി കാണിച്ചു തരുന്നുണ്ട്. എന്നാൽ ക്രിസ്തു തന്നെയാണ് വഴി. ക്രിസ്തു സ്വർഗ്ഗത്തിലെത്തിക്കുന്നു എന്നതും സത്യമാണ്. എന്നാൽ ക്രിസ്തു തന്നെയാണ് സ്വർഗ്ഗം.

യാക്കോബ് കണ്ട ഗോവണി ക്രിസ്തുവിന്റെ നിഴലത്രേ, പ്രതീകമത്രേ. "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു" എന്ന് ക്രിസ്തു പറഞ്ഞതിന്റെ പൊരുൾ തിരിയുന്നത് ഇവിടെയാണ്. യോഹ 14 : 6

ക്രിസ്തുവിനെ കൈക്കൊള്ളുന്നവൻ സ്വാഭാവികമായി സ്വർഗ്ഗത്തിലെത്തുകയാണ്. ക്രിസ്തുവിൽ വസിക്കുക എന്ന അനഭവമാണ് സ്വർഗ്ഗം.

മാന്യ സ്നേഹിതാ, താങ്കൾ രക്ഷയായ ക്രിസ്തുവിനെ കണ്ടെത്തിയോ? തുറക്കപ്പെട്ട തിരുവിലാവിലൂടെ ക്രിസ്തുവിന്റെ സ്നേഹനിർഭരമായ ഹൃദയത്തിൽ താങ്കൾ വിശ്രമം കണ്ടെത്തിയോ?

ക്രിസ്തുവിനെ ദൈവപുത്രൻ എന്ന് വിശ്വസിക്കുന്നതാണ് രക്ഷയുടെ ആദ്യപടി. വിശ്വാസത്താൽ ക്രിസ്തുവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുമ്പോൾ രക്ഷയുടെ മാധുര്യം അനുഭവമാകും.

ബഹിരാകാശപേടകത്തിൽ കയറുവാൻ വലിയ പരിശീലനവും ഒരുക്കവും ആവശ്യമാണ്. ബഹിരാകാശപേടകം ചന്ദ്രനിലേക്ക് യാത്ര ചെയ്തു, ചന്ദ്രനിൽ കാലുകുത്തി. നീൽ ആംസ്ട്രോങ് ചന്ദ്രനിൽ കാലുകുത്തിയതിനുശേഷം ചന്ദ്രനിൽ കൊടി നാട്ടി. ആദ്യം ഉച്ചരിച്ചവാക്കുകൾ : ദൈവത്തിനു സ്തുതി – Praise the Lord എന്നായിരുന്നു.

ചന്ദ്രനിലേക്ക് പോകുന്ന വാഹനത്തിൽ പ്രവേശിച്ചതിനാലാണ് ആംസ്ട്രോങ് ചന്ദ്രനിലെത്തിയത്. ക്രിസ്തുവിലാകുന്ന മനുഷ്യൻ ക്രിസ്തു എവിടെ ആയിരിക്കുന്നുവോ, അവിടെ എത്തിച്ചേരും.

മൂന്ന്, സ്വർഗ്ഗം തുറന്നു, ദിവ്യദർശനം ലഭിപ്പാൻ – Revelation

> "സ്വർഗ്ഗം തുറന്ന് ഞാൻ ദിവ്യദർശനങ്ങളെ കണ്ടു." യെഹ – 1 : 1
>
> "യഹോവയുടെ കൈ പ്രവാചകന്റെ മേൽ വന്നു." യെഹസ്കേൽ 1 : 3
>
> "യഹോവയുടെ ആത്മാവ് എന്നിൽ വന്നു." യെഹസ്കേൽ 2 : 2
>
> "ആത്മാവ് എന്നെ എടുത്തു. ആത്മാവ് എന്നെ എടുത്തുകൊണ്ടുപോയി. യഹോവയുടെ കൈ ശക്തിയോടെ എന്റെമേൽ ഉണ്ടായിരുന്നു."

യെഹസ്കേൽ 3 : 12 – 14

"യഹോവയുടെ കൈ പിന്നെയും എന്റെമേൽ വന്നു." യെഹ. 3 : 22

"അപ്പോൾ ആത്മാവ് എന്നിൽ വന്നു." യെഹ. 3:24.

"ആത്മാവ് എന്നെ എടുത്തു." 11 : 1, 11 : 24,

"ആത്മാവ് എന്റെമേൽ വീണു." 11 : 5

ഇങ്ങനെ അനേകം പ്രസ്താവനകൾ യെഹസ്കേലിനെ സംബന്ധിച്ച് വായിക്കാൻ സാധിക്കും. ദിവ്യദർശനങ്ങൾ പ്രവാചകന് നൽകി ജനത്തെ അറിയിപ്പാനുള്ള സ്വർഗ്ഗീയ അരുളപ്പാടുകൾ ഭരമേൽപ്പിക്കുകയാണ്.

പൗലോസ് അപ്പോസ്തലൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു എന്നും സ്വർഗ്ഗീയ വെളിപാടുകൾ പ്രാപിച്ചു എന്നും തിരുവെഴുത്തിലുണ്ടല്ലോ . 2 കൊരി 12 : 1 – 4

സ്വർഗ്ഗം തുറന്നു – Revelation – ദിവ്യദർശനങ്ങൾ നൽകാൻ.

നാല്, സ്വർഗ്ഗം തുറന്നു, പീഡയെ അഭിമുഖീകരിക്കാനുള്ള ശക്തിപകരുന്നതിന്. Tribulation.

"ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു." അപ്പൊ. പ്ര. 7 : 56

സ്തെഫാനോസ് കല്ലേറ് കൊള്ളുകയാണ്. സുവിശേഷം അറിയിച്ചു എന്ന ഒരൊറ്റ കാരണംകൊണ്ട് കല്ലേറ് ഏൽക്കുകയാണ്.

അപ്പോൾ സ്വർഗ്ഗം തുറന്നു – Tribulation – പീഡ നേരിടുവാനുള്ള കരുത്ത് നൽകുന്നതിന്.

നിർമ്മല സുവിശേഷമാണ് സ്തെഫാനോസ് പ്രസംഗിച്ചത്. മായം കലർത്താത്ത വചനം. പിതാക്കന്മാരുടെ കാലം മുതലുള്ള സത്യവിശ്വാസ ജീവിതത്തെ വ്യക്തമായി തുറന്നു കാണിക്കുന്ന വചനം. അബ്രാഹാമിന്റെ കാലം മുതൽ, മോശയുടെ കാലം മുതൽ അങ്ങനെ നിത്യനായ ദൈവം തന്റെ ജനത്തെ നടത്തിയ അത്ഭുതവഴികൾ പ്രതിപാദിക്കുന്ന വചനം. യേശുക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള സത്യസുവിശേഷം. ജനത്തിന്റെ തെറ്റുകൾ വ്യക്തമായി ചൂണ്ടിക്കാണിക്കുന്ന ജീവന്റെ വചനം.

> "അത് കേട്ടപ്പോൾ അവർ കോപപരവശരായി അവന്റെ നേരെ പല്ലു കടിച്ചു."
>
> അപ്പോസ്തല പ്രവൃത്തികൾ 7 : 54

ഇന്നും സത്യവചനം പ്രസ്താവിച്ചാൽ Tribulation – പീഡ ഉണ്ടാകും. വചനം പറയുന്നയാൾ കല്ലേറ് ഏൽക്കേണ്ടിവരും.

സത്യവചനഘോഷണത്തിന്റെ പേരിൽ പീഡയേൽക്കാൻ, മാന്യസ്നേഹിതാ, താങ്കൾ തയ്യാറാണോ? ഒട്ടും സത്യമല്ലാത്ത കാര്യങ്ങൾ താങ്കളുടെമേൽ ആരോപിച്ച് അപഹസനത്തിന്റെയും സ്വാഭാവഹത്യയുടെയും കല്ലേറുകൾ താങ്കളുടെമേൽ വരുമ്പോൾ ഒരു പരിഭവവുമില്ലാതെ അവയെ മൗനമായി ഏൽക്കാൻ താങ്കൾ തയ്യാറാണോ?

ക്രിസ്തുവിന്റെ നാമം നിമിത്തം ഉപദ്രവങ്ങളും കഷ്ടനഷ്ടങ്ങളും ഉണ്ടാകും എന്ന് തിരുവചനം വ്യക്തമായി പറയുന്നുണ്ട്.

> "മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ച് ഭ്രഷ്ടരാക്കി, നിന്ദിച്ച്, നിങ്ങളുടെ പേർ വിടക്ക് എന്ന് തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാർ."
>
> ലൂക്കോസ് 6 : 22

> "ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ."
>
> 1 പത്രോസ് 4 : 13

കല്ലേറ് ഏറ്റുകൊണ്ടിരുന്നപ്പോൾ സ്തെഫാനോസിന്റെ നേരെ സ്വർഗ്ഗം തുറന്നു, തന്റെ പ്രിയദാസൻ വേദനിക്കുന്നതു കണ്ട് ക്രിസ്തു പിതാവിന്റെ വലത്തുഭാഗത്ത് നിൽക്കുന്നത് സ്തെഫാനോസ് കണ്ടു. "കർത്താവേ, അവർക്ക് ഈ പാപം നിറുത്തരുതേ" എന്ന് സ്തെഫാനോസ് പ്രാർത്ഥിച്ചു.

പ്രിയ ദൈവപൈതലേ, കഷ്ടതയേറ്റ് നീ പിടയുമ്പോൾ നിന്നെ ഉറ്റുനോക്കികൊണ്ട് ക്രിസ്തു നിൽക്കുന്നു എന്ന് നീ അറിയുന്നുവോ? നീ നേരിടുന്ന പീഡ – tribulation - അവൻ സ്വർഗ്ഗം തുറന്ന് കാണുന്നു.

അഞ്ച്, സ്വർഗ്ഗം തുറന്നു, ക്രിസ്തുവിന്റെ പുനരാഗമനം – The Second Coming of Jesus.

> "അനന്തരം സ്വർഗ്ഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു. ഒരു വെള്ളക്കുതിര പ്രത്യക്ഷമായി. അതിൻമേൽ ഇരിക്കുന്നവന് വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു." വെളി. 19 : 11

സ്വർഗ്ഗം തുറന്നു – ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത. നീതിയോടെ വിധിക്കുന്ന നീതിന്യായാധിപതിയത്രേ കർത്താ

വായ യേശുക്രിസ്തു. എതിർക്രിസ്തുവിനോട് പോരാടി ജയമെടുക്കുന്നതും കർത്താവായ യേശുക്രിസ്തുവത്രേ. ദാനിയേൽ പ്രവചനം 2ന്റെ 33-35ൽ കാണുന്ന, കൈ തൊടാതെ ഒരു കല്ല് പറിഞ്ഞുവന്ന് ബിംബത്തെ തകർത്തുകളയുന്നു, കല്ല് സൂചിപ്പിക്കുന്ന തകർക്കുന്ന രാജരാജനായ ക്രിസ്തു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലെ തേജോമയമായ മഹത്വപ്രത്യക്ഷത - സ്വർഗ്ഗം തുറന്ന് ഇറങ്ങി വരുന്ന രാജാധിരാജനായ ക്രിസ്തു.

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിന്റെ ആദ്യഘട്ടം മേഘപ്രത്യക്ഷതയും രണ്ടാംഘട്ടം മഹത്വപ്രത്യക്ഷതയുമാണ്.

> "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും.".
>
> 1 തെസ്സലോനിക്യർ 4 : 16 - 18

ക്രിസ്തുവിൽ ജീവിക്കുന്നവരാണ് ക്രിസ്തുവിൽ മരിക്കുന്നവർ. ക്രിസ്തുവിൽ മരിക്കുന്നവരാണ് മേഘപ്രത്യക്ഷതയിൽ വാനമേഘങ്ങളിൽ പറന്നെത്തുവാൻ ഉയിർത്തെഴുന്നേൽക്കുന്നത്. ക്രിസ്തുവിലാണോ എന്ന് എങ്ങനെ അറിയാം?

> "ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി; ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു."
>
> 2 കൊരി. 5 : 17

ക്രിസ്തുവിന്റെ സ്വഭാവമുള്ള ഒരു പുതിയ മനുഷ്യനായി ജീവിക്കുന്നവനാണ് ക്രിസ്തുവിൽ ജീവിക്കുന്നത്. ക്രിസ്തുവിൽ ജീവിക്കുന്നവൻ മാത്രം ക്രിസ്തുവിൽ മരിക്കും. ക്രിസ്തുവിൽ മരിക്കുന്നവർ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ഉയിർത്തെഴുന്നേറ്റ് വാനമേഘങ്ങളിൽ പറന്ന് അരുമ മണവാളനായ ക്രിസ്തുവിനെ എതിരേൽക്കും. അങ്ങനെ വിശുദ്ധസഭയുടെ വിശുദ്ധമക്കൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ വാനമേഘങ്ങളിലേക്ക് പറന്ന് ഉയരും.

സഭ മാറ്റപ്പെടുന്നതോടെ എതിർക്രിസ്തുവിന്റെ ഭരണം ഭൂമിയിലുണ്ടാകും. ഏഴു വർഷത്തെ ഭീകരഭരണത്തിലെ മഹോപദ്രവകാലത്തിന്റെ ഒടുവിൽ കർത്താവ് തേജോമയനായി, മഹത്വത്തിന്റെ നിറവിൽ വാനദൂതസേനയോടുകൂടി ഭൂമിയിലേക്ക് ഇറങ്ങി വരും. ഇതാണ് മഹത്വപ്രത്യക്ഷത.

> "ഇതാ കർത്താവ് എല്ലാവരേയും വിധിപ്പാനും, അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം, ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധൻമാരോടുകൂടെ വന്നിരിക്കുന്നു."
>
> യൂദാ. 15

ക്രിസ്തു മദ്ധ്യാകാശത്തിൽ എഴുന്നെള്ളി വരുമ്പോൾ വിശുദ്ധൻമാരാണ് തന്റെ സന്നിധിയിലേക്ക് പറന്നുയരുന്നത്. പ്രിയ ദൈവപൈതലേ, അരുമ മണവാളനായ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് പറന്നുയരാൻ നീ ഒരുങ്ങിയോ? നിന്റെ അര കെട്ടിയും വിളക്ക് കത്തിയും ഇരിക്കുന്നുണ്ടോ?

ഇന്ന് നീ ഒരുങ്ങിയില്ലെങ്കിൽ "മണവാളനെ എതിരേൽപ്പാൻ

പുറപ്പെടുവിൻ" എന്ന ആർപ്പുവിളി കേട്ട് നീ ഉണർന്നാലും നിന്റെ വിളക്ക് തെളിയുകയില്ല. നിന്റെ വിളക്ക് കെട്ടുപോകും. അതുകൊണ്ട് പ്രിയ സ്നേഹിതാ, പരിശുദ്ധാത്മാവാകുന്ന എണ്ണ ഇപ്പോൾതന്നെ സംഭരിച്ചു കൊൾവിൻ. "പോകുവിൻ, ഞാൻ നിന്നെ അറിയുന്നില്ല" എന്ന കഠോര ശബ്ദം കേൾപ്പാനിടയാകാതെ നിന്നെത്തന്നെ ഒരുക്കിക്കൊൾവിൻ. ക്രിസ്തുവിനെ നിന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിപ്പിൻ. കഴിഞ്ഞകാല പാപങ്ങൾ ഏറ്റു പറഞ്ഞ് ഉപേക്ഷിപ്പിൻ. ഒരു പുതിയ ജീവിതം തുടങ്ങുവിൻ.

നമുക്ക് പ്രാർത്ഥിക്കാം :

നാഥാ, ഇന്നു തന്ന വചനങ്ങൾക്കായി സ്തോത്രം. നരകയോഗ്യനായ എന്നെ സ്വർഗ്ഗാവകാശിയാക്കുവാൻ ജീവന്റെ വചനം തന്നതിനായി സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമെ.

മൂന്ന്

"യഥാസ്ഥാനപ്പെടുവിൻ." 2 കൊരി. 13 : 11

"യഹോവേ, ഞങ്ങൾ മടങ്ങി വരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ. ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമെ." വിലാപങ്ങൾ 5 : 21

യഥാസ്ഥാനപ്പെടുവിൻ.

നഷ്ടസൗഭാഗ്യങ്ങൾ മടക്കി കിട്ടണമെന്ന ആഗാധമായ ആഗ്രഹത്തോടെ കഴിയുന്നവരാണ് അധികമാളുകളും. പഴയ കാലത്തെ പ്രതാപങ്ങളും സമ്പത്തുകളും പദവികളും സന്തോഷത്തികവുകളും ഇനി മടക്കി കിട്ടുമോ എന്ന് വ്യസനത്തോടെ ചിന്തിച്ചു കഴിയുന്ന എത്രയോ ആളുകളുണ്ട്. നല്ല കാലങ്ങൾ പൊയ്പോയല്ലോ എന്ന് നെടുവീർപ്പോടെ കഴിയുന്ന അനേകരും അവ തിരികെ കിട്ടാൻ ആഗ്രഹിക്കുന്നവരാണ്; പ്രാർത്ഥിക്കുന്നവരാണ്.

ആനന്ദൈശ്വര്യങ്ങളെഴുന്ന മാസാബ്ദങ്ങളെ നൽകണമേ

എന്ന് പ്രാർത്ഥിക്കുന്ന മനുഷ്യൻ, ആനന്ദവും ഐശ്വര്യവും അലതല്ലിയിരുന്ന മാസങ്ങളും ആണ്ടുകളും തിരികെ ലഭിക്കണമെന്ന് ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നവനാണ്.

മാന്യ ദൈവപൈതലേ, നിന്റെ ജീവിതത്തിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്നതും പിന്നീട് നഷ്ടപ്പെട്ടതുമായ സന്തോഷ സൗഭാഗ്യങ്ങൾ തിരികെ ലഭിക്കണമെന്ന് വാഞ്ഛിച്ച് നീ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണോ? നല്ല കാലങ്ങൾ മടക്കി കിട്ടുകയില്ലയെന്ന് നീ നിരാശയോടിരിക്കയാണോ?

ഒരു കാലത്തുണ്ടായിരുന്ന വിശുദ്ധിയും ദൈവസ്നേഹവും നിനക്ക് നഷ്ടപ്പെട്ടിരിക്കുകയാണോ? നല്ല വ്രതത്തോടും പ്രതിഷ്ഠയോടും കൂടി ജീവിച്ച കാലങ്ങൾ പാപം മൂലം നഷ്ടപ്പെട്ടുപോയല്ലോ എന്ന് വിഷാദത്തോടും പരിഭ്രമത്തോടുംകൂടി നീ കഴിയുകയാണോ?

അങ്ങനെ ഒരു ഭാരത്തിന്റെയും ആകുലത്തിന്റെയും കയത്തിൽ പെട്ടുപോയ ഒരാളത്രേ യിരമ്യാപ്രവാചകൻ. യോശീയാ രാജാവിനും തൻമൂലം ദൈവജനത്തിനും വന്ന കെടുതികൾ കണ്ട് യിരമ്യാവ് കരഞ്ഞുപോയി. അതാണ് വിലാപങ്ങളുടെ പുസ്തകത്തിന്റെ മുഖ്യവിഷയം. 2 ദിവൃത്താന്തം 35 : 25

നാടിന്റെ ദയനീയാവസ്ഥ കണ്ട് 'കരയുന്ന പ്രവാചകൻ' കരയുകയാണ്. തന്റെ ജനത്തിന് വന്ന ദുരിതവും ക്ഷയവും കണ്ട് യിരമ്യാവ് വിലപിക്കുകയാണ്. ഒടുവിൽ പ്രവാചകൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു :

> "യഹോവേ, ഞങ്ങൾ മടങ്ങി വരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ, ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ല കാലം

വരുത്തേണമേ.” വിലാപങ്ങൾ 5 : 21

യിരമ്യാവിന്റെ പ്രവചനത്തിലും വിലാപങ്ങളിലും പ്രവാചകന്റെ കരച്ചിൽ ഉടനീളം കാണാം. ജനതതിക്ക് അവരുടെ പാപം മൂലം വരാൻപോകുന്ന കടുത്ത ദുരിതങ്ങളും കൊടിയ ആപത്തുകളും മുൻകൂട്ടി കാണുമ്പോൾ ദൈവപുരുഷന് അടങ്ങിയിരിക്കാൻ സാധിക്കുന്നില്ല. ആ ആത്മഭാരത്തിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതാണ് ഈ രണ്ടു പുസ്തകങ്ങളും.

“പൈതങ്ങളും ശിശുക്കളും നഗരവീഥികളിൽ തളർന്ന് കിടക്കുന്നു.” വിലാപങ്ങൾ 2 : 11

“സീയോൻപുത്രിയുടെ മൂപ്പൻമാർ മിണ്ടാതെ നിലത്തിരിക്കുന്നു. അവളുടെ പ്രവാചകൻമാർക്ക് യഹോവയിങ്കൽ നിന്ന് ദർശനം ഉണ്ടാകുന്നതുമില്ല.” വിലാപങ്ങൾ 2 : 9 – 10

“മുല കുടിക്കുന്ന കുഞ്ഞിന്റെ നാവ് ദാഹം കൊണ്ട് അണ്ണാക്കോട് പറ്റിയിരിക്കുന്നു. പൈതങ്ങൾ അപ്പം ചോദിക്കുന്നു. ആരും നുറുക്കി കൊടുക്കുന്നതുമില്ല. സ്വാദുഭോജ്യങ്ങളെ അനുഭവിച്ചു വന്നവർ വീഥികളിൽ പട്ടിണി കിടക്കുന്നു. ധൂമ്രവസ്ത്രം ധരിച്ച് വളർന്നവർ കുപ്പകളെ ആലിംഗനം ചെയ്യുന്നു.” വിലാപങ്ങൾ 4 : 4 – 5

“വൃദ്ധൻമാരെ പട്ടണവാതിൽക്കലും യൗവനക്കാരെ സംഗീതത്തിനും കാണുന്നില്ല. ഞങ്ങളുടെ ഹൃദയസന്തോഷം ഇല്ലാതെയായി. ഞങ്ങളുടെ നൃത്തം വിലാപമായിത്തീർന്നിരിക്കുന്നു. ഞങ്ങളുടെ തലയിലെ കിരീടം വീണുപോയി, ഞങ്ങൾ പാപം ചെയ്കകൊണ്ട് ഞങ്ങൾക്ക് അയ്യോ,

കഷ്ടം!" വിലാപങ്ങൾ 5 : 14 – 16

ഈ ശോചനീയ സ്ഥിതിയിൽ അകം നൊന്ത് പ്രവാചകൻ വിലപിക്കുകയാണ്. അതോടൊപ്പം ജനത്തെ പ്രബോധിപ്പിക്കുന്നു :

> "ഓരോരുത്തൻ താന്താന്റെ പാപങ്ങളെക്കുറിച്ച് നെടുവീർപ്പിടട്ടെ. നാം നമ്മുടെ നടപ്പ് ആരാഞ്ഞ് ശോധന ചെയ്ത് യഹോവയുടെ അടുക്കലേക്ക് തിരിയുക. നാം കൈകളെയും ഹൃദയത്തെയും സ്വർഗ്ഗസ്ഥനായ ദൈവത്തിങ്കലേക്ക് ഉയർത്തുക." വിലാപങ്ങൾ 3 : 39 – 41

വീണ്ടും പ്രവാചകൻ വിതുമ്പികൊണ്ട് ജനത്തെ ആഹ്വാനം ചെയ്യുന്നു :

> "സീയോൻ പുത്രിയുടെ മതിലേ, രാവും പകലും ഓലോല കണ്ണു നീരൊഴുക്കുക. നിനക്കു തന്നേ സ്വസ്ഥത നൽകരുത് . നിന്റെ കണ്മണി വിശ്രമിക്കയുമരുത്. രാത്രിയിൽ, യാമാരംഭത്തിൽ എഴുന്നേറ്റ് നിലവിളിക്ക. നിന്റെ ഹൃദയത്തെ വെള്ളംപോലെ കർത്തൃസന്നിധിയിൽ പകരുക. വീഥികളുടെ തലയ്ക്കലൊക്കെയും വിശപ്പു കൊണ്ടു തളർന്നു കിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി അവങ്കലേക്ക് കൈമലർത്തുക." വിലാപങ്ങൾ 2 : 18 – 19

ഒടുവിൽ ദൈവപുരുഷൻ ഏങ്ങലടിച്ചുകൊണ്ട് പ്രാർത്ഥിക്കുകയാണ് :

> "യഹോവേ, ഞങ്ങൾ മടങ്ങി വരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ; ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ." വിലാപങ്ങൾ 5 : 21

മാന്യ സ്നേഹിതാ, നഷ്ടപ്പെട്ട നല്ല കാലങ്ങൾ തിരികെ കിട്ടണമെന്ന് താങ്കൾ ആഗ്രഹിക്കുന്നുണ്ടോ? ഒരു നല്ല നാളെ നൽകണമേ എന്ന് ദൈവത്തോട് അപേക്ഷിക്കുന്നുണ്ടോ? കഴിഞ്ഞകാല പാപങ്ങൾ ഓർത്ത് താങ്കൾ കരയുന്നുണ്ടോ? സത്യ അനുതാപത്തോടും പശ്ചാത്താപത്തോടും കൂടി ജീവിച്ച് ഒരു ഐശ്വര്യനിർഭരമായ ജീവിതം നയിക്കുവാൻ സഹായിക്കണമേ എന്ന് താങ്കൾ മടുപ്പില്ലാതെ ദൈവത്തോട് അപേക്ഷിക്കുന്നുണ്ടോ?

ഭംഗിയേറിയ കാലവും അവസ്ഥയും നഷ്ടപ്പെട്ടാലും കൂടുതൽ ഭംഗിയും ശോഭനത്വവും മടക്കിത്തരുന്ന ജീവനുള്ള ദൈവത്തിന്റെ അത്ഭുത സ്നേഹത്തെ തിരുവചനം പല ഭാഗങ്ങളിൽ വിവരിക്കുന്നുണ്ട്. അതിലൊന്നാണ് യിരമ്യാവിന്റെ പ്രവചനം 18-ാം അദ്ധ്യായം ആദ്യഭാഗം.

> "യഹോവയിങ്കൽ നിന്ന് യിരമ്യാവിനുണ്ടായ അരുളപ്പാടെന്തെന്നാൽ : നീ എഴുന്നേറ്റ് കുശവന്റെ വീട്ടിലേക്ക് ചെല്ലുക. അവിടെവച്ച് ഞാൻ നിന്നെ എന്റെ വചനങ്ങളെ കേൾപ്പിക്കും. അങ്ങനെ ഞാൻ കുശവന്റെ വീട്ടിൽ ചെന്നപ്പോൾ അവൻ ചക്രത്തിൻമേൽ വേല ചെയ്തുകൊണ്ടിരുന്നു. കുശവൻ കളി മണ്ണുകൊണ്ട് ഉണ്ടാക്കിയ പാത്രം അവന്റെ കയ്യിൽ ചീത്തയായിപ്പോയി. എന്നാൽ കുശവൻ അതിനെ തനിക്ക് തോന്നിയതുപോലെ മറ്റൊരു പാത്രമാക്കി തീർത്തു." യിരെ. 18 : 1 – 4

വളരെ മഹത്തായ ഒരു പാഠം നിത്യനായ ദൈവം ഇവിടെ നമുക്ക് നൽകുകയാണ്. കുശവൻ വളരെ ക്ലേശിച്ച് അധ്വാനിച്ച് പാത്രം മെനയുകയാണ്. മനുഷ്യരും മൃഗങ്ങളും ചവിട്ടിയിരുന്ന മണ്ണിൽനിന്ന് കുശവൻ കുറെ മണ്ണെടുത്തു കൊണ്ടുവന്ന് അത് ചവിട്ടി കുഴയ്ക്കുന്നു. കഠിനാധ്വാനം മൂലം അവന്റെ ശരീരം വിയർത്തൊലിക്കുന്നു. കഠോരയത്നം ചെയ്ത് ആ മണ്ണ് തട്ടും തരിയുമില്ലാതെ നല്ലവണ്ണം കുഴച്ചെടുക്കുന്നു. നല്ല വണ്ണം കുഴഞ്ഞ്, അലിഞ്ഞ്, പാകമായ മണ്ണ് ചക്രത്തിൻമേൽ വച്ചുകൊണ്ട് കുശവൻ അത് മെനയുകയാണ്. സുന്ദരമായ നല്ല ശില്പസൗകുമാര്യമുള്ള ഒരു പാത്രം രൂപപ്പെട്ടുവരുന്നതു കണ്ട് അവന്റെ ഉള്ളം കുളുർക്കുകയാണ്; അവന്റെ ഹൃദയം അഭിമാനപുളകിതമാകുകയാണ്.

പക്ഷേ കഷ്ടം ! അവന്റെ പ്രതീക്ഷയെല്ലാമിതാ തകരുന്നു. ആ പാത്രം അവന്റെ കയ്യിൽ ചീത്തയായിപ്പോയി. ശിൽപവൈദഗ്ധ്യം പൂണ്ട ആ പാത്രം തീർത്തും ഉപയോഗശൂന്യമായിപ്പോയി.

പക്ഷേ! കുശവൻ നിരാശപ്പെട്ടില്ല. തളർന്നിരുന്നുമില്ല. അവൻ ഉടനെ അത് വീണ്ടും ഉടച്ചു. കഷണം കഷണമായി ചിതറിപ്പോയ പാത്രം അവൻ വീണ്ടും പൊടിച്ചു. വെള്ളം ചേർത്തു ചാലിച്ച് അത് വീണ്ടും കുഴയ്ക്കാൻ തുടങ്ങി. ചവിട്ടിക്കുഴച്ചു. ഏറെ നേരത്തെ അധ്വാനം! കഠിനപ്രയത്നം. ആദ്യത്തേതിനേക്കാളും ഇരട്ടി പരിശ്രമം.

വീണ്ടും മെനഞ്ഞു. ആദ്യത്തെ പാത്രംപോലെയല്ല. ഒരു പുതിയ പാത്രം. പഴയതിന്റെ രൂപവും ഭാവവുമല്ല. ഒരു പുതിയ ഭംഗി. പുതിയ ആകൃതി. പുതിയ പ്രയോജനം.

സ്നേഹിതാ, നിന്റെ ജീവിതത്തിൽ മുമ്പുണ്ടായിരുന്ന തേജസ്സും പ്രയോജനവും ശക്തിയും നഷ്ടപ്പെട്ടാലും നിന്നെ

ഒരു പുതിയ ശോഭയണിയിക്കാൻ ജീവനുള്ള ക്രിസ്തുവിന് കഴിയുമെന്ന് നീ വിശ്വസിക്കുന്നുണ്ടോ? ഒരു പുതിയ വേലയും പുത്തൻജീവിതത്തിന്റെ സൗഭഗവും നിനക്ക് ഇനിയും കൈവരും എന്നും അതിന് സർവ്വവല്ലഭനായ ദൈവം നിന്റെ അരികിൽ നിൽക്കുന്നു എന്നും നീ വിശ്വസിക്കുന്നുവോ?

കുശവൻ ചീത്തയായിപ്പോയ പാത്രത്തെ remould ചെയ്തു. പുതുക്കി മെനഞ്ഞു. ഒന്ന്, remoulding.

അങ്ങനെ ഒരു remoulding - ന് സൗഭാഗ്യം സിദ്ധിച്ച ഒരു ദൈവപൈതലാണ് ശ്രീ. എം.എ. ആൻഡ്രൂസ്. ഇപ്പോൾ അദ്ദേഹം കേരള ഗവൺമെന്റിൽ വൈക്കം താലൂക്ക് സർവെയർ ആയി ജോലി നോക്കുന്നു.

അദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ നമുക്കിപ്പോൾ ചോദിച്ചറിയാം.

ജീവിതത്തിന്റെ പഴയ കാലത്തെക്കുറിച്ച് ഇന്നെന്തെല്ലാം ഓർമ്മയുണ്ട്?

വളരെ അടുക്കും ചിട്ടയുമായി ജീവിച്ച ഒരു പഴയ കാലം എനിക്കോർമ്മയുണ്ട്. പള്ളിയാരാധന; വീട്ടിൽ പ്രാർത്ഥനയും ക്രമം തെറ്റാതുള്ള നമസ്ക്കാരവും; ഒരരുതാത്ത കൂട്ടുകെട്ടിലിലൊന്നും ചേരാതെ വളരെ മാന്യമായും മര്യാദയായുമുള്ള ജീവിതം. ആർക്കും വാത്സല്യവും പ്രീതിയും തോന്നത്തക്കവണ്ണം നല്ല അച്ചടക്കത്തോടുകൂടിയ പെരുമാറ്റം. സൽസ്വഭാവിയെന്ന് മറ്റുള്ളവർ പറയത്തക്കവണ്ണം യോഗ്യമായ പ്രകൃതം.

കുശവൻ മെനഞ്ഞുകൊണ്ടിരുന്ന പാത്രം ചീത്തയായതുപോലെ ജീവിതം താറുമാറായതെങ്ങനെയാണ്?

സിനിമകാണാനുള്ള കമ്പമാണ് ആദ്യം തുടങ്ങിയത്. വളരെ മ്ലേച്ഛമായ പടങ്ങൾ കാണുന്നത് എനിക്ക് ഹരമായി. അങ്ങനെ അരുതാത്ത ചില കൂട്ടുകെട്ടുകളുണ്ടായി. കൂട്ടുകാര്കൂടി മദ്യപിച്ചും ചീട്ടുകളിച്ചും വെറിക്കൂത്തുകളിൽ മുഴുകിയും പണവും ആരോഗ്യവും മാന്യതയുമെല്ലാം ഞാൻ കളഞ്ഞുകുളിച്ചു. അമ്പലപ്പറമ്പിലെ ഉത്സവങ്ങളിലും പള്ളിപ്പെരുന്നാളുകളിലും കോമാളിത്തങ്ങൾ കാട്ടാൻ എനിക്കൊരു മടിയുമില്ലാതായി. ഇന്നതെല്ലാം ഓർക്കുമ്പോൾ എനിക്ക് ലജ്ജ തോന്നുന്നു.

ആ ഹീനമായ ജീവിതം മാറി പുതിയ പാത്രംപോലെ ആയിത്തീർന്നതെങ്ങനെയാണ്?

ഞാൻ ഈ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ഒരു യോഗത്തിൽ പങ്കെടുത്തു. സുവിശേഷകരെയും സുവിശേഷപ്രസംഗകരെയും കളിയാക്കിയിരുന്ന ഞാൻ അന്ന് അവിടെ കേട്ട സുവിശേഷവചനം എന്റെ ജീവിതത്തെ ആകെ ഇളക്കിമറിച്ചു എന്ന് അനുഭവിച്ചു. എന്റെ ചീത്ത കൂട്ടുകെട്ടുകളെയും മദ്യപാനം, പുകവലി, ചീട്ടുകളി, പൈങ്കിളിക്കഥകൾ മുതലായ ദുസ്വഭാവങ്ങളെയും ഞാൻ എന്നന്നേക്കുമായി ഉപേക്ഷിച്ചു. തകർന്നുടഞ്ഞുപോയിരുന്ന എന്റെ ജീവിതത്തെ ക്രിസ്തു ഒരു പുതിയ പാത്രമാക്കിത്തീർത്തു. കാരണം ഞാനവിടെവെച്ച് എന്റെ ഹൃദയം തുറന്ന് ക്രിസ്തുവിനെ എന്റെ ഉള്ളത്തിലേക്ക് സ്വീകരിച്ചു.

ഇന്നത്തെ അനുഭവമെന്താണ്?

ഇന്ന് ഞാൻ സത്യസമാധാനം അനുഭവിക്കുന്നു. എന്റെ സ്വഭാവം മാറിയതോടെ എന്റെ കുടുംബത്തിൽ ശാന്തിയും ഐശ്വര്യവും വാഴുന്നു. ഞാനിന്ന് എന്റെ ഉപജീവനത്തിനുള്ള സർക്കാർ ജോലി ഏറ്റവും വിശ്വസ്തമായി ചെയ്തുകൊണ്ടുതന്നെ ക്രിസ്തുവിന്റെ സുവിശേഷവേലയും ചെയ്യു

ന്നു.

മാന്യ ദൈവപൈതലേ, നിന്റെ തകർന്നുടഞ്ഞ ജീവിതം പുതുക്കി മെനഞ്ഞു തരുവാൻ അടുത്തു നിൽക്കുന്ന ക്രിസ്തുവിനെ നീ ഒന്നു കാണുമോ? നിനക്കുവേണ്ടി ആണിയടിച്ച് തകർക്കപ്പെട്ട ആ കരങ്ങളിലേക്ക് നിന്നെ ഒന്ന് ഏൽപിച്ചു കൊടുക്കുമോ? സ്വർഗ്ഗരാജ്യത്തിലെ പ്രശോഭിത സോപാനങ്ങളിലേക്ക് പറന്നുയരാനുള്ള സൗഭാഗ്യം നീ ഇപ്പോൾ നേടിയെടുക്കുമോ? നിത്യരക്ഷയും നിത്യജീവനും നീ ഒന്ന് സ്വായത്തമാക്കുമോ? എങ്കിൽ ക്രിസ്തുവിനോടു പറയൂ :

നാഥാ ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിച്ച് ഒരു പുതിയ ജീവിതം നയിക്കും.

പ്രാർത്ഥിക്കാം :

കാരുണ്യവാനായ ദൈവമേ, എന്നെ മെനഞ്ഞ നിത്യസ്നേഹമായ നാഥാ, ചീത്തയായിപ്പോയ എന്റെ ജീവിതത്തെ മാറ്റി ഒരു പുതിയ ജീവിതം തരാമെന്ന് എന്നെ അറിയിച്ച തിരുവചനങ്ങൾക്കായി സ്തോത്രം. അന്ത്യത്തോളം തൃക്കരങ്ങളിൽ വഹിക്കണമേ.

നാല്

"യഥാസ്ഥാനപ്പെടുവിൻ." 2 കൊരി. 13 : 11

"യഹോവേ ഞങ്ങൾ മടങ്ങിവരേണ്ടത്തിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ. ഞങ്ങൾക്ക് പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമേ." വിലാപങ്ങൾ 5 : 21

നഷ്ടസൗഭാഗ്യങ്ങൾ മടക്കിത്തരുന്ന ദൈവസ്നേഹത്തെപ്പറ്റി കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിക്കുകയുണ്ടായല്ലോ. യഥാസ്ഥാനപ്പെടുത്തുന്ന ദൈവം. നല്ല കാലം വരുത്തുന്ന ദൈവം. പുതുക്കി മെനയുന്ന ദൈവം.

കുശവന്റെ കൈയിൽ മെനഞ്ഞുകൊണ്ടിരിക്കുമ്പോൾ ചീത്തയായിപ്പോയ പാത്രം പുതുക്കി മറ്റൊരു പാത്രമാക്കി മെനഞ്ഞു. Remoulding. ദൈവം Remould ചെയ്യുന്നവനാണ്. പുതുക്കിപ്പണിയുന്നവനാണ്.

ഒരു കഥ കേട്ടിട്ടുണ്ട്. പരവതാനി നെയ്യുന്ന ഒരു നെയ്ത്തുശാല. അനേകം ചെറുപ്പക്കാർ അവിടെ പരവതാനി നെയ്യു

ന്നതിന് പരിശീലിക്കുന്നുണ്ടായിരുന്നു. Instructor പരവതാനി നെയ്യുന്നതിന്റെ വിവിധ രീതികൾ പറഞ്ഞുകൊടുത്തു. ഓരോരുത്തരും അവരവർക്ക് കിട്ടിയ സാധനങ്ങൾകൊണ്ട് പരവതാനി നെയ്തുകൊണ്ടിരിക്കയാണ്.

Instructor ഓരോരുത്തരും നെയ്യുന്നത് പരിശോധിച്ചുകൊണ്ട് നടക്കുകയാണ്. അപ്പോഴുണ്ട്, ഒരാൾ തലയ്ക്ക് കൈയും കൊടുത്ത് ഒന്നും ചെയ്യാതെ നിരാശനായി, നെടുവീർപ്പിട്ടുകൊണ്ടിരിക്കയാണ്. കാരണം അന്വേഷിച്ചു.

"ഇതെല്ലാം കുരുങ്ങിപ്പോയി. ഞാൻ നോക്കിയിട്ട് നേരെയാക്കാൻ പറ്റുന്നില്ല."

ആ വിദ്യാർത്ഥിയെ അധ്യാപകൻ മാറ്റിയിരുത്തി. അവന്റെ സീറ്റിൽ അധ്യാപകൻ ഇരുന്നു. കുരുങ്ങിപ്പോയതെല്ലാം ഒന്നൊന്നായി അദ്ദേഹം അഴിച്ചെടുത്തു. അല്പസമയത്തിനുള്ളിൽ വളരെ മനോഹരമായ ചിത്രത്തയ്യലുള്ള ഒരു പരവതാനി അദ്ദേഹം ഉണ്ടാക്കി.

നമ്മുടെ ജീവിതത്തിൽ ചിലതെല്ലാം കുരുങ്ങിപ്പോയിട്ടുണ്ട്. നേരെയാക്കാൻ നാം എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ല. സ്നേഹിതാ, താങ്കൾ നിരാശപ്പെടേണ്ട. എല്ലാം ശരിയാക്കാൻ കഴിയുന്ന നിന്റെ ഗുരുനാഥൻ ആർദ്രതയോടെ, വാത്സല്യവായ്പോടെ നിന്റെ അടുത്ത് നില്ക്കുന്നുണ്ട്. എല്ലാ കുരുക്കും അഴിക്കാൻ അവൻ ശക്തനാണ്. കുരുക്കുകളഴിപ്പാൻ അവന് സമ്മതവുമാണ്. സ്നേഹിതാ, നിന്റെ ഇരിപ്പിടത്തിൽ നിന്ന് നീ ഒന്ന് മാറി കൊടുക്കൂ. നിന്റെ ഗുരുനാഥനെ അവിടെ ഇരുത്തൂ. അവൻ പുതുക്കി മെനയട്ടെ.

അവൻ remould ചെയ്യുന്നവനാണ്.

ഒന്ന് : remoulding.

രണ്ട് : rebuilding. വീണ്ടും പണിയുന്നു.

"ഞങ്ങൾ സ്വർഗ്ഗത്തിനും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു; ഏറിയ സംവത്സരം മുമ്പെ പണിതിരുന്ന ആലയം ഞങ്ങൾ പണിയുന്നു." എസ്രാ 5 : 11

"ദൈവാലയം അതിന്റെ സ്ഥാനത്ത് പണിയട്ടെ."

എസ്രാ. 5 : 15, 6 : 7

ശലോമോന്റെ കാലത്ത് പണിതിരുന്ന ആലയം ബാബേൽ ചക്രവർത്തിയായ നെബൂഖദ്നേസർ തകർത്തുകളഞ്ഞു. പേർഷ്യൻ സാമ്രാജ്യാധിപതിയായ സൈറസിന്റെ (കോരെശിന്റെ) പ്രത്യേക ആജ്ഞയനുസരിച്ച് ആലയം അതിന്റെ മുൻപിരുന്ന സ്ഥാനത്തുതന്നെ പണിയുവാൻ ദേശാധിപതിയായ സെരുബ്ബാബേലും മഹാപുരോഹിതനായ യോശുവയും ശാസ്ത്രിയായ എസ്രാപുരോഹിതനും ശ്രമിച്ചു. ഹഗ്ഗായി, സെഖര്യാവ് എന്നീ പ്രവാചകൻമാർ ദൈവാലയം പണിയെ പ്രവചനത്താൽ പ്രോത്സാഹിപ്പിച്ചു.

എസ്രായുടെ പുസ്തകം ദൈവാലയം പുതുക്കിപ്പണിയുന്നതിനെക്കുറിച്ചും നെഹമ്യാവിന്റെ പുസ്തകം ദേവാലയത്തിനു ചുറ്റും മതിൽ പണിയുന്നതിനെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്.

ആലയം പുതുക്കിപ്പണിതു. Rebuilding.

ആലയം തകർന്നു പോയിരുന്നു. അത് പുതുക്കിപ്പണിതു. ആലയം ശത്രുസൈന്യം നശിപ്പിച്ചിരുന്നു. അത് ദൈവമക്കൾ വീണ്ടും പണിതു.

ഏതാണ് ഈ ആലയം?

> "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും."
>
> 1 കൊരിന്ത്യർ 3 : 16 – 17

> "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?"
>
> 1 കൊരിന്ത്യർ 6 : 19

നാമോരോരുത്തരുമാണ് ദൈവത്തിന്റെ ആലയം. ഈ ആലയം വിശുദ്ധമായി സൂക്ഷിക്കേണ്ടതാണ്. യാതൊരു അശുദ്ധിക്കും ഈ ആലയത്തിൽ ഇടം കൊടുക്കരുത്.

> "ഇതാകുന്നു ആലയത്തെക്കുറിച്ചുള്ള പ്രമാണം. പർവ്വതത്തിന്റെ മുകളിൽ അതിന്റെ അതിർത്തിക്കകമെല്ലാം അതിവിശുദ്ധമായിരിക്കേണം. അതേ, ഇതാകുന്നു ആലയത്തെക്കുറിച്ചുള്ള പ്രമാണം." യെഹസ്കേൽ 43 : 12

ദൈവത്തിന്റെ ആലയം അശുദ്ധമാക്കുന്നവനെ ദൈവം നശിപ്പിക്കും എന്ന് തിരുവെഴുത്ത് പറയുന്നു.

> "If any man defile the temple of God, him shall God destroy, for the temple of God is holy, which temple ye are." 1 കൊരി. 3 : 17

"നിന്റെ എല്ലാ വെറുപ്പുകളാലും സകല മ്ലേച്ഛതകളാലും എന്റെ വിശുദ്ധമന്ദിരത്തെ നീ അശുദ്ധമാക്കിയതുകൊണ്ട്, എന്നാണ, ഞാനും നിന്നെ ആദരിയാതെ എന്റെ കടാക്ഷം നിങ്കൽനിന്ന് മാറ്റിക്കളയും; ഞാൻ കരുണ കാണിക്കയുമില്ല."

യെഹസ്കേൽ 5 : 11

മാന്യ സ്നേഹിതാ, നിന്റെ ജീവിതം സംശുദ്ധമാകട്ടെ. തിരുരക്തത്താലുള്ള വീണ്ടെടുപ്പും പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലുള്ള വിശുദ്ധീകരണവും നിന്റെ അനുദിന അനുഭവമാകട്ടെ.

ഒന്ന് : remoulding of the clay pot.

രണ്ട് : rebuilding of the temple.

മൂന്ന് : reviving of Elijah.

ഏലിയാവിനെ വീണ്ടും ഉണർത്തി.

"അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ പെട്ടെന്ന് ഒരു ദൂതൻ അവനെ തട്ടി, അവനോട് : എഴുന്നേറ്റ് തിന്നുക എന്ന് പറഞ്ഞു. ..... യഹോവയുടെ ദൂതൻ രണ്ടാം പ്രാവശ്യം വന്നു അവനെ തട്ടി : എഴുന്നേറ്റു തിന്നുക, നിനക്ക് ദൂരയാത്ര ചെയ്യാനുണ്ടല്ലോ എന്ന് പറഞ്ഞു."

1 രാജാ 19 : 5 – 7

കർമ്മേലിൽ സ്വർഗ്ഗത്തിലെ തീ ഇറങ്ങുവാൻ ദൈവകരങ്ങളിൽ ഉപയോഗപ്പെട്ട ദൈവപുരുഷനാണ് ബേർ – ശേബാ മരുഭൂമിയിലെ ചൂരച്ചെടിയുടെ തണലിൽ നിരാശയിലാണ്ട്, തളർന്നവശനായി കിടക്കുന്നത്, വാടിപ്പോയ ദൈവപൈത

ലിനെ ഉണർത്താൻ ദൈവം തന്റെ ദൂതനെ അയച്ചു.

"മതി, യഹോവേ, എന്റെ പ്രാണനെ എടുത്തു കൊള്ളണമേ," എന്ന് നിരാശയോടെ പറഞ്ഞ പ്രവാചകനെ ദൈവം ഉണർത്തി. ഇനി ഒരു വേലയും വേണ്ട, ചെയ്തിടത്തോളം ശുശ്രൂഷയൊക്കെ മതി എന്ന് ചിന്തിച്ചു തളർന്നിരുന്ന ഏലിയാവിനോട് ദൈവം പറഞ്ഞു : "നിനക്ക് ദൂരയാത്ര ചെയ്യാനുണ്ട്."

ദൈവപൈതലേ, നീ ഇന്ന് തളർന്നു കിടക്കുകയാണോ? മനം മടുത്തിരിക്കുകയാണോ? ഭാവി ഇരുളടഞ്ഞതായി കണ്ട് വിഷാദവിവശനായി കഴിയുകയാണോ?

ദുഷ്ടസ്ത്രീയായ ഈസബേലിന്റെ ഭീഷണിയാണ് ഏലിയാവിനെ തളർത്തിയത്. ശ്രേഷ്ഠശുശ്രൂഷ കഴിഞ്ഞ്, വിഗ്രഹാരാധികളെ ഉൻമൂലനാശം വരുത്തി, ആഹാബിന്റെ രഥത്തിന്റെ വേഗതയിലും കൂടുതൽ വേഗത്തിൽ ഓടിയവനാണ് ഏലിയാവ്.

വിഗ്രഹസേവയെ പ്രോത്സാഹിപ്പിക്കുന്ന ദുഷ്ടസ്ത്രീയായ ഈസബേലിന്റെ വെല്ലുവിളിയുടെ മുമ്പിൽ പതറേണ്ടവനാണോ ഏലിയാവ്? നാളുകളായി ദൈവകരങ്ങളിൽ ഉപയോഗപ്പെട്ട ഏലിയാവെവിടെ? വിഗ്രഹാരാധനയുടെ പിണിയാളുടെ വ്യക്തിപൂജയിൽ അഹങ്കരിച്ചു കഴിയുന്ന പൈശാചികപ്രതീകമായ ഈസബേലെവിടെ?

ദൈവപൈതലേ, ഉണരുക. ദൈവം നിന്നെ ഉണർത്തുന്നവനാണ്. നിനക്കുവേണ്ടി സ്വർഗ്ഗീയ ദൂതനെ അയയ്ക്കുന്നവനാണ്. നിനക്കുവേണ്ടി അപ്പവും വെള്ളവും കരുതുന്നവനാണ്. നിന്നെ തട്ടി എഴുന്നേല്പിക്കുന്നവനാണ്.

മൂന്ന്, Reviving of Elijah.

വിശ്വാസവീരനായ മാർട്ടിൻ ലൂഥർ ഒരു സമയത്ത് വളരെ ക്ഷീണിതനായിപ്പോയി എന്ന് കേട്ടിട്ടുണ്ട്. എതിർപ്പുകളും തെറ്റിദ്ധാരണകളും കുറ്റാരോപണങ്ങളുമെല്ലാം അദ്ദേഹത്തെ വളരെ തളർത്തി. ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ പ്രഭാതഭക്ഷണം വിളമ്പികൊണ്ടിരുന്നപ്പോൾ ഒരു കാര്യം മാർട്ടിൻ ലൂഥറുടെ ശ്രദ്ധയിൽപെട്ടു. ഭാര്യ ആസകലം കറുത്ത ഉടുപ്പ് ധരിച്ചിരിക്കുന്നു. ഏറ്റവും അടുപ്പമുള്ളവർ മരിക്കുമ്പോഴാണ് ആസകലം കറുത്ത് വേഷം ധരിക്കുന്നത്.

മാർട്ടിൻ ലൂഥർ പരിഭ്രമത്തോടെ ചോദിച്ചു :

“ആരാണ് മരിച്ചത്?”

“ദൈവം മരിച്ചു പോയി.”

“എന്ത്, ദൈവം മരിച്ചു പോയിയെന്നോ? എന്താണിങ്ങനെ വിഡ്ഢിത്തം പറയുന്നത്?”

“അങ്ങയുടെ തളർച്ചയും വിഷാദവും നിരാശയും കണ്ടപ്പോൾ ദൈവം മരിച്ചു പോയി എന്നു ഞാൻ കരുതി.”

“ഇല്ലില്ല. എന്റെ ദൈവം മരിച്ചിട്ടില്ല. മരിക്കുകയുമില്ല.”

ലൂഥർ സടകുടഞ്ഞെഴുന്നേല്ക്കുന്ന സിംഹത്തെപ്പോലെ ഉണർന്ന് ചാടിയെഴുന്നേറ്റു. തളർച്ചയെല്ലാം പറന്നുപ്പോയി.

മൂന്ന്, reviving of Elijah. ഏലിയാവിനെ വീണ്ടും ഉണർത്തി.

നാല്, reusing of Jonah. യോനയെ വീണ്ടും ഉപയോഗിച്ചു.

“യഹോവയുടെ അരുളപ്പാട് രണ്ടാപ്രാവശ്യം യോനയ്ക്കുണ്ടായി.” യോനാ 3 : 1

ദൈവം കണ്ട പ്രവാചകനായിരുന്നു യോന. ദൈവം

വിളിച്ച പ്രവാചകനായിരുന്നു യോന. ദൈവം ദൂത് ഭരമേല്പിച്ച പ്രവാചകനായിരുന്നു യോന.

പക്ഷെ കിഴക്ക് നിനവേയിൽ പോയി പ്രസംഗിക്കാൻ ദൈവം പറഞ്ഞപ്പോൾ യോനാ നേരെ പടിഞ്ഞാറോട്ട് തർശീശീലേക്കുള്ള കപ്പലിൽ കയറി. ദൈവത്തിന് ഉപയോഗിക്കാനാകാതെ ദൈവഹിതത്തിന് എതിരായി സഞ്ചരിച്ചുവെങ്കിലും ദൈവം യോനയെ നിനവേയുടെ തീരത്തെത്തിച്ചു.

യോനയെ യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം അഞ്ച് കാര്യങ്ങളെ ഉപയോഗപ്പെടുത്തി.

ഒന്ന് : കൊടുങ്കാറ്റ്. "യഹോവയോ സമുദ്രത്തിൽ ഒരു പെരുങ്കാറ്റ് അടിപ്പിച്ചു." യോന 1 : 4

രണ്ട് : മഹാമത്സ്യം. "യോനയെ വിഴുങ്ങേണ്ടതിന് യഹോവ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു." യോന 1 : 17.

മൂന്ന് : ആവണക്ക്. "യഹോവയായ ദൈവം ഒരു ആവണക്ക് കല്പിച്ചുണ്ടാക്കി." യോന 4 : 6.

നാല് : പുഴു. "ദൈവം ഒരു പുഴുവിനെ കല്പിച്ചാക്കി." യോന 4 : 7.

അഞ്ച്: കിഴക്കൻകാറ്റ്. "ദൈവം അത്യുഷ്ണമുള്ളോരു കിഴക്കൻ കാറ്റ് കല്പിച്ചു വരുത്തി." യോന 4 : 8.

ഒരു ദൈവപൈതലിനെ വീണ്ടും ഉപയോഗിക്കാൻ ദൈവം ഓരോ മുഖാന്തരങ്ങളെ ഉപയോഗിക്കുന്നു.

യോനയ്ക്കുണ്ടായ മാനസാന്തരത്തിന്റെ പടികൾ ശ്രദ്ധി

ച്ചാൽ നമ്മുടെ ജീവിതത്തിൽ ദൈവം നമ്മെ മാനസാന്തരപ്പെടുത്തുവാൻ നാമെന്തെല്ലാം ചെയ്യണമെന്ന് കാണാം.

ഒന്ന്, സ്വന്തം തെറ്റ് മാത്രം കണ്ടു.

> ''എന്റെ നിമിത്തം ഈ വലിയകോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്ന് ഞാനറിയുന്നു." യോന 1 : 12

രണ്ട്, സ്വന്തം പരിതാപകരമായ അവസ്ഥ സമ്മതിക്കുന്നു.

> "നിന്റെ ദൃഷ്ടിയിൽ നിന്ന് എനിക്ക് നീക്കം വന്നിരിക്കുന്നു." യോന 2 : 4

മൂന്ന്, പ്രത്യാശയോടെ ദൈവകരുണയ്ക്കായി കാത്തിരുന്നു.

> "എങ്കിലും ഞാൻ വിശുദ്ധ മന്ദിരത്തിലേക്ക് നോക്കിക്കൊണ്ടിരിക്കും." യോന 2 : 4

നാല്, ഒരിക്കൽ എടുത്ത തീരുമാനം പുതുക്കി പ്രതിഷ്ഠിക്കുന്നു.

> "നേർന്നിരിക്കുന്നത് ഞാൻ കഴിക്കും."
> യോന 2 : 9

അഞ്ച്, സത്യാരാധനയ്ക്കുള്ള പുന:പ്രതിഷ്ഠ.

> "ഞാനോ സ്തോത്രനാദത്തോടെ നിനക്കു യാഗം അർപ്പിക്കും." യോന 2 : 9

യോനയെ ദൈവം വീണ്ടും ഉപയോഗിച്ചു. Reusing of jonah.

മാന്യ സ്നേഹിതാ, നിന്നെ യഥാസ്ഥാനപ്പെടുത്തുവാൻ നിന്റെ അരികിൽ വന്നു നില്ക്കുന്ന ക്രിസ്തുവിനെ നീ ഒന്നു കാണുമോ? Remoulding, Re-building, Reusing. ദൈവക രങ്ങളിലേക്ക് നിന്നെത്തന്നെ ഏല്പിക്കുക.

നമുക്ക് പ്രാർത്ഥിക്കാം :

കർത്താവേ, നീ എന്നെ യഥാസ്ഥാനപ്പെടുത്തുവാൻ തിരു മനസ്സാകുന്നതിനാൽ സ്തോത്രം. പണ്ടേപ്പോലെ ഒരു നല്ല കാലം വരുത്താമെന്ന് വാക്കു തരുന്നതിനാൽ സ്തോത്രം. തൃക്കരങ്ങളിൽ ഭദ്രമായി ചേർത്തണച്ചുകൊള്ളണമേ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

അഞ്ച്

"യഥാസ്ഥാനപ്പെടുവിൻ." 2കൊരി. 13 : 11

"യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിന് ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ."
വിലാപങ്ങൾ 5 : 21

കഴിഞ്ഞ രണ്ടു അദ്ധ്യായങ്ങളിലായി യഥാസ്ഥാനപ്പെടുത്തുന്ന ദൈവസ്നേഹത്തെക്കുറിച്ച് നാം ധ്യാനിക്കുകയുണ്ടായി.

1. Remouliding of the claypot. ചീത്തയായ കളിമൺപാത്രം വീണ്ടും മെനഞ്ഞ് മറ്റൊരു നല്ല പാത്രമാക്കി.

2. Rebuilding of the temple. തകർന്നുപോയ ദൈവാലയം പുതുക്കിപ്പണിതു.

3. Reviving of Elijah. തകർന്നും തളർന്നും പോയ പ്രവാചകനെ ദൈവം വീണ്ടും ഉണർത്തി.

4. Reusing of Jonah. ദൈവഹിതത്തിൽ നിന്ന് വ്യതിചലിച്ചു

പോയ യോനയെ ദൈവം വീണ്ടും ഉപയോഗിച്ചു.

അഞ്ചാമതായി, Regaining of St. Peter. തള്ളിപ്പറഞ്ഞ ശീമോൻ പത്രോസിനെ ദൈവം വീണ്ടും നേടി.

ഇന്ന് ഇതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

"ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നു." (മത്തായി 19 : 27, മാർക്കോസ് 10:28, ലൂക്കോസ് 18 : 28), എന്ന് പ്രാഗത്ഭ്യത്തോടെ പറഞ്ഞ ആളാണ് പത്രോസ്.

പടകും വലയും വിട്ട് യേശുവിന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചവനാണ് പത്രോസ്. മത്തായി 4 : 20, മർക്കോസ് 1 : 18, ലൂക്കോസ് 5 : 11

ക്രിസ്തുവിന്റെ അത്ഭുതകരമായ വ്യക്തിത്വത്താലും ഹൃദയസപ്ശിയായ വാക്കുകളാലും വശീകരിക്കപ്പെട്ടവനായി ക്രിസ്തുവിന്റെ പിറകെ പുറപ്പെട്ടവനാണ് ശീമോൻ പത്രോസ്.

പക്ഷേ ക്രിസ്തു ആരാണെന്നോ എന്തിനാണ് ക്രിസ്തു വന്നതെന്നോ പത്രോസ് അറിഞ്ഞില്ല. ഫിലിപ്പിന്റെ കൈസര്യയിൽവെച്ച് ശീമോൻ പറയുന്നുണ്ട്.

> "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു." മത്തായി 16 : 16

ആ ഒരു വിശ്വാസം ഉള്ളപ്പോഴും ക്രിസ്തു മരിക്കാനാണ് വന്നത്; ഭരിക്കാനല്ല എന്ന വസ്തുത ശീമോന് ഗ്രഹിക്കാൻ കഴിഞ്ഞില്ല. ക്രൂശിന്റെ വഴി ശീമോന് ഉൾക്കൊള്ളാൻ പറ്റിയില്ല. അതുകൊണ്ടാണ് താൻ പലതും സഹിച്ച് കൊല്ലപ്പെടും എന്ന് ക്രിസ്തു പറഞ്ഞപ്പോൾ, ശീമോൻ കർത്താ

വിനെ നിർബന്ധിക്കുന്നത്.

> "പത്രോസ് അവനെ വേറിട്ടു കൊണ്ടുപോയി : കർത്താവേ, അതു അരുതേ; നിനക്ക് അങ്ങനെ ഭവിക്കരുതേ എന്നു ശാസിച്ചു തുടങ്ങി. "
>
> മത്തായി 16 : 22

തീർച്ചയായും ക്രിസ്തുവിനോടുള്ള സ്നേഹംകൊണ്ടാണ് ശീമോൻ അങ്ങനെ പറഞ്ഞത്. പക്ഷേ ആ സ്നേഹം കേവലം ജഡസ്നേഹമായിരുന്നു. ക്രിസ്തു ഉടനെ പറഞ്ഞു.

> "അവനോ തിരിഞ്ഞു പത്രോസിനോട് : സാത്താനേ, നീ എന്നെ വിട്ടു പോ, നീ എനിക്ക് ഇടർച്ചയാകുന്നു. നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രേ കരുതുന്നത് എന്ന്." മത്തായി 16 : 23

ലൗകികവും മാനുഷികവുമായ സ്നേഹവും വീക്ഷണവും ശീമോന്റെ ആളത്വത്തിലും രക്തത്തിലും ലയിച്ച് കിടന്നിരുന്നു. അതുമാറി ആത്മീയ കാഴ്ചപ്പാട് ലഭിക്കുന്നില്ലെങ്കിൽ തീർച്ചയായും ഒരു പരീക്ഷണഘട്ടം വരുമ്പോൾ കർത്താവിനെ തള്ളിപ്പറയും; തള്ളിപ്പറഞ്ഞുപോകും. അത് മന:പൂർവ്വമല്ല.

നല്ല സമർപ്പണമുണ്ട്. സകലവും വിട്ട് ക്രിസ്തുവിന്റെ പിന്നാലെ പോകാനുള്ള തീരുമാനമുണ്ട്. എന്നാൽ ജഡപ്രകൃതി, വളരെ അപായകരമായ ഒരു സ്വഭാവം, തന്നിൽ ലയിച്ചു നില്ക്കുന്നുണ്ട് എന്ന് ശീമോൻ പത്രോസ് അറിയാതെ പോയി.

അയ്യായിരക്കണക്കിന് ആളുകൾ ബേത്സയിദായിലെ മലഞ്ചെരുവിൽ പന്തിപന്തിയായി ഇരുന്നതും യേശു അവർക്ക് പുഷ്ടഭോജനം നൽകിയതും ശീമോൻ കണ്ടതാണ്. ഭൗതിക

ഭക്ഷണം നല്കിയിട്ട് അഗാധമായ ആത്മീയ രഹസ്യങ്ങൾ – ആത്മാവിന്റെ ഭക്ഷണത്തെപ്പറ്റിയുള്ള മർമ്മങ്ങൾ – യേശു പറഞ്ഞപ്പോൾ "ഇതു കഠിനവാക്ക്, ഇത് ആർക്ക് കേൾപ്പാൻ കഴിയും" എന്ന് പറഞ്ഞ ആ ജനമെല്ലാം യേശുവിനെ വിട്ടു പോയതും ശീമോൻ കണ്ടതാണ്. യോഹന്നാൻ 6 : 41 – 60.

"നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ" എന്ന് യേശു അരുമശിഷ്യൻമാരോട് തുടർന്ന് ചോദിക്കുന്നുണ്ട്. അപ്പോൾ ശീമോൻ പത്രോസാണ് ചാടിപ്പറയുന്നത് :

> "കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു."
>
> യോഹ. 6 : 68 – 69

ഇതെല്ലാം പറയുമ്പോഴും മാനുഷികപ്രകൃതി പത്രോസിന് മാറിക്കിട്ടിയിരുന്നില്ല. ജഡികവീക്ഷണം മാറാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുകയില്ല. കാരണം ക്രിസ്തു പറയുന്നത് :

> "നിങ്ങൾ നിങ്ങളെത്തന്നെ മനുഷ്യരുടെ മുമ്പാകെ നീതീകരിക്കുന്നവർ ആകുന്നു. ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ ഇടയിൽ ഉന്നതമായത് ദൈവത്തിന്റെ മുമ്പാകെ അറപ്പത്രേ." ലൂക്കോസ് 16 : 15

> "എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല. നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു.

ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതു പോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു." യെശയ്യാ 55 : 8 –9

ശീമോൻ പത്രോസിന്റെ ആ ജഡികവീക്ഷണം മാറാത്ത തുകൊണ്ടാണ്, മഹാപുരോഹിതന്റെ ചേവകരും പട്ടാളവും യേശുവിനെ പിടിക്കാൻ വന്നപ്പോൾ ശീമോൻ വാൾ ഊരി മഹാപുരോഹിതന്റെ ദാസനായ മൽക്കോസിനെ വെട്ടി വലതു കാതറുത്തു കളഞ്ഞത്. യോഹ. 18 : 10, ലൂക്കോസ് 22 : 50

യേശു പത്രോസിന് മുന്നറിയിപ്പ് കൊടുത്തിരുന്നു.

"ശീമോനേ, ശീമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന്ന് കല്പന ചോദിച്ചു. ഞാനാ നിന്റെ വിശ്വാസം പോയ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു."
ലൂക്കോസ് 22 : 31 – 32

"എന്റെ രാജ്യം ഐഹികമല്ല" എന്ന് യേശു പറയുന്നതെല്ലാം ശീമോൻ കേട്ടിട്ടുണ്ടെങ്കിലും ശീമോന്റെ ധാരണ യേശു ഐഹികരാജ്യം സ്ഥാപിച്ച് റോമൻ ഗവൺമെന്റിന്റെ അടിമത്തത്തിൽ നിന്ന് യഹൂദജനത്തെ രക്ഷിക്കും എന്നതായിരുന്നു. അതുകൊണ്ടാണ് യേശുവിനെ പിടികൂടുകയും വിസ്തരിക്കുകയും മറ്റും ചെയ്യുമ്പോൾ ശീമോൻ അമ്പരപ്പിലായത്.

"ഇവനെ ഞാനറിയുന്നില്ല" എന്ന് ശീമോൻ പറഞ്ഞത് വളരെ അർത്ഥവത്താണ്. രോഗികളെ സുഖപ്പെടുത്തുന്ന യേശുവിനെ അറിയാം. കണ്ണുകുരുടന് കാഴ്ച കൊടുക്കുന്ന യേശുവിനെ അറിയാം. കുഷ്ഠരോഗിക്ക് സൗഖ്യം കൊടുക്കുന്ന

യേശുവിനെ അറിയാം, തളർവാതരോഗിയെ എഴുന്നേല്പിച്ച് നടത്തുന്ന യേശുവിനെ അറിയാം. 18 കൊല്ലമായി കൂനു ബാധിച്ച സ്ത്രീയെ നിവരുമാറാക്കുന്ന യേശുവിനെ അറിയാം. ശവശരീരങ്ങളെ ഉയിർപ്പിക്കുന്ന യേശുവിനെ അറിയാം.

എന്നാൽ, ചോദ്യം ചെയ്യുന്നവരുടെ മുമ്പിൽ മൗനമായി നില്ക്കുന്ന യേശുവിനെ അറിയുകയില്ല. കന്നത്തടിക്കുന്നവരുടെയും മുഖത്ത് തുപ്പുന്നവരുടെയും മുന്നിൽ നിസ്സഹായനായി നില്ക്കുന്ന യേശുവിനെ അറിയുകയില്ല. മഹാപുരോഹിതന്മാരുടെ നിന്ദനങ്ങളുടെയും അപഹസനങ്ങളുടെയും ചോദ്യശരങ്ങളുടെയും തെറ്റിദ്ധാരണകളുടെയും മുന്നിൽ ഒരു വിശദീകരണവുമില്ലാതെ നില്ക്കുന്ന യേശുവിനെ അറിയുകയില്ല. മുൾകിരീടമണിഞ്ഞ് പരിഹാസ്യനായി നില്ക്കുന്ന യേശുവിനെ അറിഞ്ഞുകൂടാ.

ദൈവപൈതലേ, കുരിശില്ലാതെ കിരീടമില്ല. Cross-നുശേഷം ഒരു Crown ഉണ്ട്. അത് മനസ്സിലാകാത്തിടത്തോളം കാലം നീ അറിയാതെ യേശുവിനെ തള്ളിപ്പറഞ്ഞുകൊണ്ടിരിക്കും.

പത്രോസ് മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. അപ്പോൾ കോഴി കൂകി.

> "കർത്താവ് തിരിഞ്ഞ് പത്രോസിനെ ഒന്നു നോക്കി ഇന്ന് കോഴി കൂകും മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്ന് കർത്താവ് തന്നോടു പറഞ്ഞ വാക്ക് പത്രോസ് ഓർത്തു പുറത്തിറങ്ങി അതിദു:ഖത്തോടെ കരഞ്ഞു."
>
> ലൂക്കോസ് 22 : 61. മാർക്കോസ് 14 : 72
>
> മത്തായി 26 : 75

അന്നു തുടങ്ങിയ കരച്ചിൽ മരണത്തോളം തുടർന്നു എന്നാണ് ഐതിഹ്യം പറയുന്നത്. പത്രോസ് യഥാസ്ഥാന പ്പെട്ട് ആത്മനിറവ് പ്രാപിച്ചതിനുശേഷവും എന്നും കോഴി കൂകുമ്പോൾ ചാടി എഴുന്നേല്ക്കുമായിരുന്നു. ഒരിക്കലും എന്റെ ജീവിതത്തിൽ സംഭവിക്കാത്തത് സംഭവിച്ചുപോയല്ലോ എന്ന കൊടിയ ദു:ഖംകൊണ്ട് എന്നും കരയുമായിരുന്നു. അങ്ങനെ പത്രോസിന്റെ കവിൾത്തടത്തിൽകൂടി കണ്ണുനീർ എന്നും ഒഴുകി ഒഴുകി ഇരുകവിളിലും ചാലുകൾ ഉണ്ടായി രുന്നു എന്നാണ് ഐതിഹ്യം.

മാന്യ സ്നേഹിതാ, താങ്കളുടെ ജീവിതത്തിൽ ക്രിസ്തു വിനെ തള്ളിപ്പറയാൻ ഇട വന്നിട്ടുണ്ടോ? ക്രിസ്തു പറഞ്ഞു :

> "ആരെങ്കിലും എന്നെയും എന്റെ വചനങ്ങ ളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനു ഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധ ദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും." ലൂക്കൊ. 9 : 26

> "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറ യുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാ വിൻ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും."
> മത്തായി 10 : 32 – 33

തള്ളിപ്പറഞ്ഞെങ്കിലും ശീമോൻപത്രോസിനെ regian ചെയ്യാൻ ക്രിസ്തു ആഗ്രഹിച്ചു. ക്രിസ്തു സ്നേഹം മാത്രമാണ്. ഏതു കൊടിയ പാപിയെയും സ്നേഹിക്കുന്ന ക്രിസ്തുവിന്റെ

സ്നേഹമത്രേ നാം കാൽവറിക്രൂശിൽ കാണുന്നത്. ആ സ്നേഹം എന്റെ പിന്നാലെ നിന്നതുകൊണ്ടാണ് ഞാനിന്ന് സമാധാന ത്തോടെ ജീവിക്കുന്നത്. ആ ക്രൂശിലെ സ്നേഹം എന്നെ വശീ കരിച്ചതുകൊണ്ടാണ് ഞാനിന്ന് ഈ ഭൂമിയിൽ സന്തോഷ മായി കഴിയുന്നത്. ആ തിരുമുറിവുകളിൽനിന്ന് നൂറ്റാണ്ടുക ളായി പ്രസരിച്ചുകൊണ്ടിരിക്കുന്ന മൂറോന്റെ - പരിശുദ്ധാ ത്മാവിന്റെ - നറുമണം എന്നെ ആകർഷിച്ചതുകൊണ്ടാണ് തിരുമാറ് തുറന്നും തിരുരക്തം വാർന്നും കണ്ട് ആ സനാ തന സത്യത്തിന്റെ സാക്ഷിയായി ഞാൻ തീർന്നത്. ആ മൂറോന്റെ നറുമണത്തിന്റെ ഉറവിടം തേടി ഓടിയതുകൊ ണ്ടാണ് ഞാനിന്ന് ഒരു ഭാഗ്യവാനായിരിക്കുന്നത്. ആ സ്നേഹ ത്തിന്റെ സുഗന്ധം ആശ്ചര്യകരമായ സൗന്ദര്യമായി എന്നെ മയക്കിയതുകൊണ്ടാണ് ഹാല്ലേലുയ്യാ, സ്തോത്രം എന്ന് ആർത്തുപാടുന്ന വിശുദ്ധ ആരാധനയുടെ മാധുര്യം ഞാനനു ഭവിക്കുന്നത്.

ശീമോനെ കർത്താവ് യഥാസ്ഥാനപ്പെടുത്തി. ശീമോനെ regian ചെയ്തു. വീണ്ടും നേടിയെടുത്തു. യോഹ. 21-ന്റെ അവസാന ഭാഗം വായിക്കുമ്പോൾ ശീമോനെ regian ചെയ്യാൻ ക്രിസ്തു അദ്ധ്വാനിക്കുന്ന സ്നേഹത്തിന്റെ വിങ്ങലും വിതു മ്പലും നമുക്കു കേൾക്കാം.

> "അവർ പ്രാതൽ കഴിച്ചശേഷം യേശു ശീമോൻ പത്രോസിനോട് : യോഹന്നാന്റെ മക നായ ശീമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു അതിന്ന് അവൻ : ഉവ്വ് കർത്താവേ എനിക്കു നിന്നോട് പ്രിയം ഉണ്ട് എന്നു നീ അറിയുന്നല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോടു പറഞ്ഞു."

യോഹ 21 : 15

രണ്ടാമതും അവനോട് : യോഹന്നാന്റെ മകനായ ശീമോനെ, നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ ഉവ്വ് കർത്താവേ, എനിക്കു നിന്നോട് പ്രിയം ഉണ്ട് എന്നു നീ അറിയുന്നല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ പാലിക്ക എന്നു അവൻ അവനോടു പറഞ്ഞു." യോഹ 21 : 16

"മൂന്നാമതും അവനോട് : യോഹന്നാന്റെ മകനായ ശീമോനെ, നിനക്കു എന്നോട് പ്രിയം ഉണ്ടോ എന്നു ചോദിച്ചു. എന്നോടു പ്രിയമുണ്ടോ എന്ന് മൂന്നാമതും ചോദിക്കയാൽ പത്രോസ് ദുഃഖിച്ചു. കർത്താവെ നീ സകലവും അറിയുന്നു, എനിക്ക് നിന്നോട് പ്രിയം ഉണ്ട് എന്നും നീ അറിയുന്നു എന്ന് അവനോട് പറഞ്ഞു."

യോഹ. 21 : 17

"യേശു അവനോട് : എന്റെ ആടുകളെ മേയ്ക്ക." യോഹ 21 : 18

"..എന്നെ അനുഗമിക്ക..." യോഹ 21 : 19

ഏതെല്ലാം പാപങ്ങൾ വന്നുപോയെങ്കിലും ക്രിസ്തുവിനെ സ്നേഹിക്കും എന്ന് ഒരു പുതിയ തീരുമാനം നീ എടുക്കുമെങ്കിൽ സ്നേഹിതാ, ക്രിസ്തു നിന്നെ യഥാസ്ഥാനപ്പെടുത്തും. കഴിഞ്ഞതെല്ലാം ക്രിസ്തു മറക്കും; പൊറുക്കും. ക്രിസ്തു സ്നേഹിക്കാൻ കൊള്ളാകുന്നവനെന്ന് നിനക്ക് തോന്നുന്നെങ്കിൽ അവനെ നീ സ്നേഹിക്കൂ. തന്നെത്തന്നെ ക്രൂശിലർപ്പിച്ച് നിത്യരക്ഷ അവൻ നിനക്ക് ഒഴിവാക്കിത്തന്നു

എന്ന് നീ വിശ്വസിക്കുന്നെങ്കിൽ നീ അവനെ സ്നേഹിക്കൂ. കുറ്റമില്ലാത്ത രക്തം നിനക്കുവേണ്ടി ഒഴുക്കി, കുറ്റവാളിയായ നിന്നെ കുറ്റമറ്റവനാക്കി തീർത്തു എന്ന് നീ അവനെ വിശ്വസിക്കുന്നെങ്കിൽ നീ അവനെ സ്നേഹിക്കൂ.

എങ്കിൽ നിന്റെ അരികത്ത് നില്ക്കുന്ന ക്രിസ്തുവിനോട് നീ പറയൂ : "നാഥാ, ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിക്കും. ഇന്നുവരെ പാപത്തെയും ലോകത്തെയും ഞാൻ സ്നേഹിച്ചുപോയി. നാഥാ, ഇന്നു മുതൽ ഞാൻ നിന്നെ സ്നേഹിക്കും."

പ്രാർത്ഥിക്കാം.

സ്നേഹവാനേ, തിരുവചനങ്ങൾക്കായി സ്തോത്രം. യഥാസ്ഥാനപ്പെടുത്തുന്ന കൃപയ്ക്കായി സ്തോത്രം. remould ചെയ്ത്, rebuild ചെയ്ത്, reuse ചെയ്ത്, resue ചെയ്ത്, regain ചെയ്യുന്ന കൃപയ്ക്കായി സ്തോത്രം. വചനം കേട്ട എല്ലാവരേയും അനുഗ്രഹിക്കണമേ.

ആറ്

"നീ നൻമ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു. നീയോ അതിനെ കീഴടക്കേണം."

ഉല്പത്തി 4 : 7

ദൈവം കയീനോട് പറയുന്ന വാക്കുകളാണിവ. കയീന് ഏറ്റവും കോപമുണ്ടായി. അവർ പരിഭവിച്ചും വൈരാഗ്യപ്പെട്ടും നിൽക്കുകയാണ്.

ദൈവം ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. ഹാബേലിൽ പ്രസാദിച്ചതുകൊണ്ട് അവന്റെ വഴിപാടിൽ പ്രസാദിച്ചു. കയീനിൽ പ്രസാദിക്കാത്തതുകൊണ്ട് അവന്റെ വഴിപാടിലും പ്രസാദിച്ചില്ല.

കയീനിൽ ദൈവം പ്രസാദിക്കാഞ്ഞത് എന്തുകൊണ്ടാണ്?

"നീ നൻമ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ?

എന്നാണ് ദൈവം ചോദിക്കുന്നത്. ഇംഗ്ലീഷിൽ ആ വാക്യം ഇങ്ങനെയാണ്.

"If thou doest well, shalt thou not be accepted." King James Authorised Version.

"If you do what is right will you not be accepted?" But if you do not do what is right, sin is crouching at your door." New International Version.

ശരിയായി തർജ്ജമ ചെയ്താൽ, നീ ശരിയായത് പ്രവർത്തിച്ചാൽ നിന്നെ അംഗീകരിക്കുകയില്ലയോ എന്നാണ് ആ വാക്യം. കയീൻ ശരിയായി പ്രവർത്തിച്ചില്ല എന്നർത്ഥം. അതുകൊണ്ടാണ് ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിക്കാതെ പോയത്.

> "വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന് സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരുന്നു." എബ്രാ. 11 : 4

ഉല്പത്തി 3 : 21 ൽ "ദൈവം ആദാമിനും അവന്റെ ഭാര്യയ്ക്കും തോൽ കൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു" എന്ന് വായിക്കുന്നു. ദൈവത്തിന്റെ വചനത്തെ മുഴുവനായി വിശ്വസിച്ച ഹാബേൽ, ബലിയർപ്പിക്കുന്നതാണ് ദൈവവഴിയും ദൈവപ്രസാദവും എന്ന്, തിരിച്ചറിഞ്ഞു. ആ വിശ്വാസത്താൽ നിറഞ്ഞു നിന്നതുകൊണ്ടാണ് ഹാബേൽ ആട്ടുകൊറ്റനെ അർപ്പിച്ചത്.

പാപം ചെയ്തുപോയ ആദാമിനും ഹവ്വായ്ക്കും ദൈവം

തോൽ കൊണ്ട് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചത് ക്രിസ്തുവിന്റെ പരമയാഗത്തിന്റെ മുൻകുറിയാണ്. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല" എന്ന് എബ്രായർ 9:22ൽ പറയുന്നതുപോലെ ഹാബേലിന്റെ യാഗം ഹാബേലിന്റെ പാപബോധത്തെയും പാപത്തിന് പ്രായ്ശ്ചിത്ത ബലിയായി ഒരു കുഞ്ഞാട് അറുക്കപ്പെടുന്നതിനേയും സൂചിപ്പിക്കുകയാണ്. നീതികെട്ടവനെ നീതിമാൻ എന്ന് ദൈവം പരിഗണിക്കുന്ന സൗജന്യമായ നീതികരണത്തിൽ ഹാബേലിനുള്ള വിശ്വാസമാണ് ദൈവപ്രസാദത്തിന് കാരണമായിത്തീർന്നത്.

രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല എന്ന സൗജന്യനീതികരണത്തിന്റെ വഴി കയീൻ അംഗീകരിച്ചില്ല. നിലത്തെ അനുഭവത്തിൽ നിന്ന് വഴിപാടു കൊണ്ടുവന്ന കയീൻ രക്തരഹിതമായ വഴിപാടാണ് അർപ്പിച്ചത്. സ്വന്തം അദ്ധ്വാനത്തിന്റെയും സ്വന്തം നൻമയുടെയും വഴിയിൽ കയീൻ അഭിമാനം കൊണ്ടു. ദൈവത്തെ എല്ലാ സ്വാഭാവിക നന്മകൊണ്ടും പ്രസാദിപ്പിക്കാമെന്ന് കയീൻ കണ്ടു. പക്ഷേ ആരാധനയ്ക്കു ദൈവം നിയമിച്ച വഴിയെ അവൻ അംഗീകരിച്ചില്ല. കയീന് പാപബോധമുണ്ടായിരുന്നില്ല. ഹാബേലിന് പാപബോധമുണ്ടായിരുന്നു എന്ന് സാരം.

മനുഷ്യൻ സ്വന്ത നീതിപ്രവൃത്തികളിൽ കൂടെ ദൈവത്തിങ്കലേക്കു വരുന്നു എന്ന ഭോഷ്ക്കിന്റെ മതങ്ങളുടെയെല്ലാം ആരംഭം കയീനിലാണ്. മനുഷ്യന്റെ ഒരു നന്മപ്രവൃത്തികളാലുമല്ല, ദൈവത്തിന്റെ ഏകജാതനായ ക്രിസ്തുവിന്റെ തിരുരക്തത്താലാണ് മനുഷ്യന് ദൈവത്തോടടുക്കാൻ കഴിയുന്നത് എന്ന നിർമ്മല സുവിശേഷത്തിന്റെ ആരംഭം ഹാബേലിലുമാണ്.

രക്തം ചൊരിഞ്ഞിട്ടാണ് പാപമോചനം എന്ന ദൈവിക

സത്യം കയീൻ അംഗീകരിച്ചില്ല. കാരണം ദൈവവഴികൾ കയീൻ വിശ്വസിച്ചില്ല. തന്റെ സ്വാഭാവിക നൻമയിലും സ്വന്ത നീതിയിലും സ്വന്തം അദ്ധ്വാനത്തിലുംകൂടി ദൈവത്തെ സമീപിക്കാമെന്ന കയീൻ ചിന്തിച്ചു.

അതുകൊണ്ടാണ് നീ ശരിയായത് പ്രവർത്തിച്ചാൽ നിന്നെ അംഗീകരിക്കുമല്ലോ" എന്ന് ദൈവം പറഞ്ഞത്. അതിന് നീ തയ്യാറാകുന്നില്ലെങ്കിൽ "ഇതാ, നിന്റെ മുമ്പിൽ പാപം ഉണ്ട്. പാപം വാതിൽക്കൽ കിടക്കുന്നു. നീ അതിനെ കീഴടക്കണം."

സ്നേഹിതാ, ദൈവനീതിയെ വിശ്വാസത്താൽ അംഗീകരിക്കാത്തതാണ് പാപം. അതുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് പറയുന്നത്: "വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ."

റോമർ 14 : 23

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു." എന്ന് പൗലോസ് പറഞ്ഞു.

1 കൊരി. 1 : 23

അതിനു കരാണം, "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

1 യോഹ. 1 : 7

"അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചത്."

തീത്തോസ് 3 : 5

"ക്രിസ്തു നമുക്ക് ദൈവത്തിങ്കൽ നിന്ന്

ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു." 1 കൊരി. 1 : 30

വാതിൽക്കൽ കിടക്കുന്ന പാപത്തെ കീഴടക്കാനുള്ള ഏകപോംവഴി ദൈവത്തിന്റെ നീതിയായ ക്രിസ്തുവിനെ കൈക്കൊളിളുക എന്നത്രേ. ക്രിസ്തുവിന്റെ രക്തത്താലുള്ള നീതികരണംകൊണ്ടു മാത്രമേ പാപത്തെ കീഴടക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് ശരിയായ വഴിയിലൂടെ നീങ്ങിയാൽ നിന്നെയും അംഗീകരിക്കുമല്ലോ എന്ന് ദൈവം അരുളിച്ചെയ്തത്.

ആ കൃപയുടെ വചനത്തെ കയീൻ കൈക്കൊണ്ടില്ല. തൻമൂലം ഭയാനകമായ പാപത്തിന്റെ തിക്തഫലത്തിലേക്ക് അവൻ നീങ്ങി. അവൻ ഹാബേലിനെ കൊന്നു. ദൈവം കയീനെ ശപിച്ചു. അവൻ ഉഴന്നലയുന്നവനായി. ദൈവവഴിയും ദൈവത്തിന്റെ മുന്നറിയിപ്പും സ്വീകരിക്കാതിരുന്നതു മൂലം നികത്താനാവാത്ത നഷ്ടം സംഭവിച്ചു.

ഒരു സംഭവകഥ കേട്ടിട്ടുണ്ട്. ഒരു ചെറുപ്പക്കാരൻ ജയിൽമുറിയിൽ കിടക്കുകയാണ്. അവനെ തൂക്കികൊല്ലാൻ വിധിച്ചതാണ്. ദയാഹർജിയെല്ലാം തള്ളി താമസിയാതെ തൂക്കിക്കൊല്ലും. അവൻ വളരെ നിരാശനാണ്.

അവന്റെ ബാല്യത്തിൽ തന്നെ അപ്പൻ മരിച്ചതാണ്. അമ്മയുടെ അനുസരണത്തിൽ നിന്നില്ല. വഷളനായി, മ്ലേഛനായി അവൻ ജീവിച്ചു. അമ്മ ഭക്തിയുള്ള സ്ത്രീയായിരുന്നു. അമ്മ അവനെ ഉപദേശിക്കുമായിരുന്നു. അമ്മയെ അവൻ ഉപദ്രവിക്കുമായിരുന്നു.

അവന്റെ ജയിലഴിയുടെ പുറത്ത് ഏതാനും ദൈവമക്കൾ വന്ന് അവനോട് രക്ഷയുടെ സന്ദേശം സംസാരിക്കാൻ തുട

ങ്ങി. അവൻ അവരെ ചീത്ത വിളിച്ചു എന്നു മാത്രമല്ല; അവർ കൊടുത്ത ഒരു ബൈബിൾ പിച്ചിച്ചീന്തി വലിച്ചെറിയു കയും ചെയ്തു.

അന്ന് രാത്രി അവനൊരു സ്വപ്നംകണ്ടു. അതിമനോഹ രമായ സ്ഥലം. അവന്റെ അമ്മ അവിടെനിൽക്കുന്നു. അമ്മ അവനെ മാടിവിളിക്കുന്നു. അവന് മനസ്സിലായി അത് സ്വർഗ്ഗ മാണന്ന്. അവിടെചെല്ലാൻ അവൻ നടക്കാൻതുടങ്ങി. പെട്ടെന്നി താ, അവന്റെ മുൻപിൽ ഒരു കറുത്തിരുണ്ട മതിൽ പൊങ്ങി വരുന്നു. ഇപ്പോൾ അവന് ആ മനോഹരമായ സ്വർഗ്ഗമോ തെജസ്സണിഞ്ഞുനില്ക്കുന്ന അമ്മയേയോ കാണാൻ സാധി ക്കുന്നില്ല.

അവൻ വിഷാദത്തോടെ നിൽക്കുമ്പോൾ ഇതാ, മുക ളിൽനിന്ന് ഒരു തുള്ളി രക്തം വന്ന് ഈ കറുത്ത മതിലിൽ വീണു. രക്തം ആസകലം ആ മതിലിൽ വ്യാപിക്കുകയാണ്. മതിൽ അതോടെ അലിഞ്ഞ് ഇല്ലാതാകുന്നു.

അവൻ മുന്നോട്ട് കാലെടുത്തുവച്ചു. ഉറക്കം തെളിഞ്ഞു. സ്വപ്നം തീർന്നു.

എന്താണിതിന്റെ അർത്ഥം? അവൻ ആ അർദ്ധരാത്രി അവന്റെ മുറിയിൽ ആകെ നോക്കി. ആ കീറിയബൈബി ളിലെ കീറിയ കടലാസ്സുകൾ. അത്ഭുതം! ഇതാ ഒരു കഷ്ണം കടലാസ്സ്. അതിൽ അവൻ വായിച്ചു:

"യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു." അവൻ ഏങ്ങലടിച്ചുകരഞ്ഞു. യേശു വിന്റെ തിരുരക്തം അവന്റെ സകലപാപവും പോക്കി എന്ന് അവൻ വിശ്വസിച്ചു. നീതികെട്ടവനെ നീതിമാനെന്ന് മുദ്രകു ത്താൻ നീതിമാൻ നീതികെട്ടവനെ പോലെ തിരുരക്തം ചിന്തി.

വലിയ ആന്തരികശാന്തിയോടെ അവൻ അന്ന് ഉറങ്ങി.

പിറ്റേദിവസം അവൻ വാർഡനോട് പറഞ്ഞു : ഞാൻ എന്റെ ഹൃദയം യേശുവിന് നൽകി. ഇന്ന് ഞാനൊരു പുതിയ മനുഷ്യനാണ്.

ഒന്ന്, പാപം വാതിൽക്കൽ

മാന്യ യുവാവേ, പ്രിയ സഹോദരീ, നിന്റെ ജീവിതത്തിന്റെ വാതിൽക്കൽ കിടക്കുന്ന പാപത്തെ നീ കാണുന്നുവോ? പാപത്തിന്റെ പരിഹാരത്തിന് നിത്യനായ ദൈവം ഒരുക്കിയ ദൈവനീതിയായ ക്രിസ്തുവിനെ നീ തിരിച്ചറിയുന്നുവോ? നിന്റെ ഒരു നീതി പ്രവൃത്തിയാലും പാപക്ഷമയും നീതികരണവും ലഭിക്കുകയില്ലെന്നും ക്രിസ്തുവിനെ നിന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് നിന്റെ ജീവിതം ആകമാനം ക്രിസ്തുവിന് വിട്ടുകൊടുക്കുമ്പോൾ മാത്രമേ സാക്ഷാലുള്ള പാപമോചനസൗഖ്യം ലഭിക്കുകയുള്ളു എന്നും നീ ഗ്രഹിക്കുന്നുവോ? ഈ മഹാഭാഗ്യം ദൈവപൈതലേ, നീ നിന്റെ സ്വന്തം അനുഭവമാക്കിയോ?

ഒന്ന്, പാപം വാതിൽക്കൽ

രണ്ട്, ക്രിസ്തു വാതിൽക്കൽ.

> "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."
>
> വെളിപ്പാട് 3 : 20

ക്രിസ്തു മനുഷ്യഹൃദയത്തിന്റെ വാതിൽക്കൽ കാത്തു നിൽക്കുകയാണ്. മനുഷ്യഹൃദയത്തിൽ അവൻ മുട്ടുകയാണ്.

അടഞ്ഞ ഹൃദയവാതിൽ തുറക്കാനായി ക്രിസ്തു മുട്ടികൊണ്ടിരിക്കുകയാണ്. അവൻ മുട്ടുന്നത് അകത്ത് വരാനാണ്. അവൻ അകത്ത് വരുന്നത് അനുഗ്രഹിക്കാനാണ്. അവൻ അകത്ത് വരുന്നത് അത്താഴം കഴിക്കാനാണ്. അവൻ അകത്ത് വരുന്നത് അവിടെ വസിക്കാനാണ്. അവൻ അകത്ത് വരുന്നത് അന്ധകാരശക്തിയെ ആട്ടിയകറ്റാനാണ്. അവൻ അകത്തു വരുന്നത് വെളിച്ചം പകരാനാണ്. അവൻ അകത്തു വരുന്നത് ശാന്തിയേകാനാണ്. അവൻ ഇതാ, വാതിൽക്കൽ നിന്ന് മുട്ടുന്നു.

ഇതുതന്നെയാണ് ഉത്തമഗീതങ്ങളുടെ പുസ്തകത്തിൽ നാം കാണുന്നത്. വാതിൽക്കൽ മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം.

> "എന്റെ സഹോദരീ, എന്റെ പ്രിയേ, എന്റെ പ്രാവേ, എന്റെ നിഷ്ക്കളങ്കേ, തുറക്കുക."
>
> ഉത്തമഗീതം 5 : 2

പ്രിയൻ വാതിൽക്കൽ നിന്ന് മുട്ടുകയാണ്. ഇന്ന് ക്രിസ്തു യാചകനെപ്പോലെ വാതിൽക്കൽ നിന്ന് കെഞ്ചുന്നു. എന്നാൽ വാതിൽക്കൽ നിന്ന് മാറിപ്പോകുന്ന സമയമുണ്ട്.

> "ഞാൻ എന്റെ പ്രിയനുവേണ്ടി തുറന്നു, അവനോ പൊയ്ക്കളഞ്ഞിരുന്നു. ഞാൻ അന്വേഷിച്ചു, അവനെ കണ്ടില്ല."
>
> ഉത്തമഗീതം 5 : 6 – 7

സ്നേഹിതാ, നിന്റെ ഹൃദയവാതിൽക്കൽ നിന്ന് മുട്ടുന്ന യേശുവിനുവേണ്ടി നീ ഉള്ള് തുറന്നു കൊടുത്തിട്ടുണ്ടോ? ക്രിസ്തുവിനെ നിന്റെ ഹൃദയത്തിലേക്കു നീ സ്വീകരിച്ചിട്ടുണ്ടോ?

ഹോൾമൻഹണ്ട് എന്ന സുപ്രസിദ്ധ ചിത്രക്കാരൻ ഒരു

മനോഹരമായ ചിത്രം വരച്ചു. ഒരു റാന്തലും പിടിച്ച് ക്രിസ്തു ഒരു വാതിലിന്റെ മുമ്പിൽ നിന്ന് മുട്ടുന്ന ചിത്രം. ആ ചിത്രത്തെ സൂക്ഷമനിരീക്ഷണം ചെയ്ത അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ പറഞ്ഞു : ഈ ചിത്രത്തിൽ വാതിലിന് പിടി കാണുന്നില്ലല്ലൊ. ചിത്രകാരൻ പറഞ്ഞു : "ഈ വാതിലിന് പുറത്ത് പിടിയില്ല. അകത്താണ് പിടിയും കൊളുത്തും. അകത്തു നിന്ന് കുറ്റി ഊരി തുറന്നാലേ, അകത്ത് കടക്കാൻ പറ്റൂ."

സ്നേഹിതാ, ക്രിസ്തു ആരുടെയും ഹൃദയത്തിലേക്ക് നിർബന്ധമായി കടന്നു വരികയില്ല. മനുഷ്യൻ സ്വമനസ്സോടെ ക്രിസ്തുവിനെ വിളിച്ചാലേ അവൻ അകത്തു വരികയുള്ളൂ. "രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാനതിലാക്കും" എന്നത്രേ ക്രിസ്തു പറയുന്നത്.

ആകയാൽ ദൈവപൈതലേ, വാതിൽക്കൽ കിടക്കുന്ന പാപത്തെ വെറുത്തിട്ട് വാതിൽക്കൽ മുട്ടുന്ന രക്ഷകനെ വിളിച്ചപേക്ഷിക്കൂ. അവനായി ഹൃദയം തുറക്കൂ. ക്രിസ്തു വസിക്കുന്ന ഒരു പുതിയ ജീവിതം ആരംഭിക്കൂ.

എങ്കിൽ നമുക്ക് പ്രാർത്ഥിക്കാം :

കാരുണ്യവാനായ യേശുവേ, എന്റെ വാതിൽക്കൽ നീ മുട്ടികൊണ്ട് നിൽക്കുന്നതിനാൽ സ്തോത്രം. എന്നെ നീ ഓമന പേർ ചൊല്ലിവിളിക്കുന്നതിനാൽ സ്തോത്രം. നിന്നോടു ചേർന്നുള്ള ജീവിതത്തിന് എനിക്ക് സൗഭാഗ്യം നൽകണമേ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മഹത്വത്തിനായിതന്നെ.

ഏഴ്

"ഇതാ, നിന്റെ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാൽ വാതിൽക്കൽ ഉണ്ട്."

അപ്പോസ്തല പ്രവൃത്തികൾ 5 : 9

പാപം വാതിൽക്കൽ കിടക്കുന്നു, എന്നും യേശുക്രിസ്തു വാതിൽക്കൽ നിന്നു മുട്ടുന്നു എന്നും കഴിഞ്ഞ അദ്ധ്യായങ്ങളിൽ നാം ചിന്തിച്ചു. വാതിൽക്കൽ നിൽക്കുന്ന മറ്റു ചില കാര്യങ്ങൾ ഇനി നമുക്ക് ധ്യാനിക്കാം.

"ഇതാ നിന്റെ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാൽ വാതിൽക്കൽ ഉണ്ട്." അപ്പോ. പ്രവൃ. 5 : 9

അപ്പോസ്തലനായ പത്രോസ് പറയുന്ന വാക്കുകളാണിവ. പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ച അനന്യാസ് മരിച്ചു. അനന്യാസിന്റെ ഭാര്യ സഫീറയും അതേ പാപത്തിൽ വീഴുകയാണ്. മരണം വാതിൽക്കൽ നിൽക്കുന്നു എന്നാണ് പത്രോസ് പറഞ്ഞതിന്റെ സാരം.

മരണം വാതിൽക്കൽ. "എനിക്കും മരണത്തിനും മദ്ധ്യേ

ഒരടി അകലം മാത്രമേയുള്ളൂ" (1 ശമുവേൽ 20:3), എന്ന് ദാവീദ് യോനാഥാനോട് പറയുന്നുണ്ട്. മരണത്തെ മുഖാമുഖം കണ്ടതുപോലെ ആപത്തിന്റെ വക്കിൽ നിന്നുകൊണ്ടാണ് ദാവീദ് ഇത് പറയുന്നത്.

39-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു :

"യഹോവേ, എന്റെ അവസാനത്തേയും എന്റെ ആയുസ്സ് എത്ര എന്നതിനേയും എന്നെ അറിയിക്കേണമേ. ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലു വിരൽ നീളമാക്കിയിരിക്കുന്നു. എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെ ഇരിക്കുന്നു. ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു, നിശ്ചയം. അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു, നിശ്ചയം. അവൻ ധനം സമ്പാദിക്കുന്നു, ആർ അനുഭവിക്കും എന്നറിയുന്നില്ല." സങ്കീ. 39 : 4 – 7

> "നീ മർത്ത്യനെ പൊടിയിലേക്ക് മടങ്ങിച്ചേരുമാറാക്കുന്നു. മനുഷ്യ പുത്രൻമാരേ, തിരികെ വരുവിൻ എന്നും അരുളിച്ചെയ്യുന്നു. ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നു. നീ അവരെ ഒഴുക്കിക്കളയുന്നു. അവർ ഉറക്കം പോലെ അത്രേ. അവർ രാവിലെ മുളച്ചുവരുന്ന പുല്ലുപോലെ ആകുന്നു. അതു രാവിലെ തഴച്ചു വളരുന്നു. വൈകുന്നേരം അത് അരിഞ്ഞ് വാടിപ്പോകുന്നു.... ഞങ്ങളുടെ നാളുകൾ ഒക്കെയും നിന്റെ ക്രോധത്തിൽ കഴിഞ്ഞുപോയി. ഞങ്ങ

ളുടെ സംവത്സരങ്ങളെ ഞങ്ങൾ ഒരു നെടു വീർപ്പുപോലെ കഴിക്കുന്നു. ഞങ്ങളുടെ ആയു ഷ്ക്കാലം എഴുപതു സംവത്സരം. ഏറെ ആയാൽ എൺപതു സംവത്സരം. അതിന്റെ പ്രതാപം പ്രയാ സവും ദു:ഖവുമത്രേ. അത് വേഗം തീരുകയും ഞങ്ങൾ പറന്നുപോകുകയും ചെയ്യുന്നു."

സങ്കീ. 90 : 3 – 10

മരണം ഒരു യാഥാർത്ഥ്യമാണ്. ഏതൊരാളും അതിനെ നേരിട്ടേ പറ്റൂ. ക്രിസ്തുവില്ലാതെ നിത്യതയിലേക്ക് കടന്നുപോ വുക എന്നത് ഏറ്റവും വലിയ ദൗർഭാഗ്യമത്രേ. തീർത്താൽ തീരാത്ത നഷ്ടമത്രേ.

Visions of the Spiritual World എന്ന ഗ്രന്ഥത്തിൽ സാധു സുന്ദരസിംഗ് മരണം എന്നാലെന്ത് എന്ന് പറയുന്നു :

"ജീവന് രൂപാന്തരം വരാം. എന്നാൽ അതൊരിക്കലും നശിക്കുന്നില്ല. ഒരവസ്ഥയിൽ നിന്ന് മറ്റൊരവസ്ഥയിലേക്ക് ജീവൻ കടക്കുന്നു. ഇതിന് നാം മരണം എന്ന് വിളിക്കുന്നു. മരണം കൊണ്ട് ജീവൻ അവസാനിക്കുന്നില്ല."

അവസാനിക്കാത്ത ജീവൻ അഥവാ നിത്യജീവൻ പ്രാപി ക്കാൻ സാധിക്കുന്നതാണ് ഒരു മനുഷ്യന് നേടാവുന്ന ഏറ്റവും വലിയ നേട്ടം.

The realistic aspect of Indian Spirituality എന്ന ഗ്രന്ഥ ത്തിൽ സ്വാമി നിഖിലാനന്ദൻ പറയുന്നു :

"മരണമില്ലാതെ നിത്യമായി ജീവിക്കുന്ന മോക്ഷം ആണ് ജീവിതത്തിന്റെ പരമലക്ഷ്യം."

ആ മോക്ഷത്തിൽ പറന്നെത്താൻ മനുഷ്യന് ഒരിക്കലും

സാധിക്കാത്തതുകൊണ്ടാണ് മോക്ഷമായ ക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്ക് ഇറങ്ങി വന്നത്.

ഒരു കഥ കേട്ടിട്ടുണ്ട്. ഒരു വലിയ ചതുപ്പു നിലം. മീതെ നല്ല പുൽപ്പടർപ്പുകൾ. പക്ഷെ അതിൽ വല്ല മൃഗങ്ങളോ മറ്റോ ചവിട്ടിയാൽ അതിലെ പുതഞ്ഞ മണ്ണിലേക്ക് താണു പോകും. പുൽ മേഞ്ഞു നടക്കുന്ന എത്രയോ കന്നുകാലികൾ ആ നിലത്ത് താണുപോയിട്ടുണ്ട്.

ഒരിക്കൽ ഒരാൾ നടന്ന് നടന്ന് ആ ചതുപ്പുനിലത്തിൽ ചെന്ന് പെട്ടു. ഒരു കാൽ ഊന്നി മറ്റേ കാൽ പൊക്കാൻ ശ്രമിക്കുമ്പോൾ ഊന്നിയകാൽ കൂടുതൽ താണുപോകുകയാണ്. ഓരോ കാലും മാറിമാറി താണുകൊണ്ടിരിക്കുകയാണ്. അയാൾ ഇരുകരവും ഉയർത്തി "രക്ഷിക്കണേ" എന്ന് നിലവിളിച്ച് കരയുന്നുണ്ട്. ആർക്കും അവിടെ ചെല്ലാൻ ധൈര്യമില്ല. ആരു ചെന്ന് പിടിച്ചാലും അതേ നിലത്ത് ചവിട്ടുന്നതുകൊണ്ട് രക്ഷപ്പെടാനാവാതെ താണുപോകും.

അയാൾ ആശയറ്റ് ഇരുകരവും ഉയർത്തി നിലവിളിച്ചുകൊണ്ട് നിൽക്കുമ്പോൾ അതാ മുകളിൽ ഒരു ഹെലികോപ്റ്റർ. അതിതാ, താണ് താണ് പറക്കുന്നു. അയാളുടെ കൈകളുടെ മുകളിൽ പറന്നുനിന്നു. ബലിഷ്ഠങ്ങളായ രണ്ടു കരങ്ങൾ നീട്ടി അയാളുടെ രണ്ടു കൈകളിലും പിടിച്ചു. മന്ദംമന്ദം അയാളെ വലിച്ചുയർത്തി ഹെലികോപ്റ്ററിലാക്കി, നല്ല നിലത്തു കൊണ്ടുപോയി വിട്ടു.

ഇതുപോലെ പാപത്തിലും പാപത്തിന്റെ ശബളമായ മരണത്തിലും താണ്, താണ് പൊയ്ക്കൊണ്ടിരുന്ന മനുഷ്യനെ ഉയരത്തിൽനിന്ന് വലിച്ചെടുക്കുവാൻ പറന്നിറങ്ങി വന്ന സ്വർഗ്ഗീയ വിമാനമത്രേ കർത്താവായ യേശുക്രിസ്തു.

സ്നേഹിതാ, പാപത്തിന്റെ ആഴമുള്ള കുഴിയിൽ നിന്നും നിരാശയുടെ കുഴഞ്ഞ ചേറ്റിൽ നിന്നും നിന്നെ വലിച്ചെടുത്ത്, നിന്നെ മരണമില്ലാത്ത ദേശത്തെത്തിക്കാൻ ക്രൂശിൽ മരിച്ച യേശുവിനെ നീ ഇന്ന് കൈക്കൊള്ളുമോ? യേശുവിനെ നിനക്ക് ലഭിക്കുന്നില്ലെങ്കിൽ നിരാശയോടെ മരണത്തെ നീ നേരിടേണ്ടി വരും.

ഒരിക്കൽ ഒരു നിരീശ്വരന്റെ മകൾ അകാലചരമം പ്രാപിക്കാനിടയായി. ആ സുന്ദരിയായ പെൺകുട്ടി നല്ല വിദ്യാഭ്യാസം നേടിയിരുന്നു. നല്ല ബുദ്ധിമതിയായിരുന്നു.

ഒരിക്കൽ ഒരു നിരീശ്വരന്റെ മകൾ അകാലചരമം പ്രിപിക്കാനനിടയായി. ആ സുന്ദരിയായ പെൺകുട്ടി നല്ല വിദ്യാഭ്യാസം നേടിയിരുന്നു. നല്ല ബുദ്ധിമതിയായിരുന്നു.

മരണത്തോടടുത്ത് കിടക്കുമ്പോൾ ഭീതിജനകമായ ചില കാഴ്ചകൾ കണ്ടു. അവൾ പേടിയോടെ നിലവിളിച്ചു. അവളെ ആശ്വസിപ്പിക്കാൻ അപ്പൻ പറഞ്ഞു :

"മകളേ, നീ മരിക്കുകയില്ല. നീ ഇത് കണ്ടോ? എത്ര മനോഹരമായ പുഷ്പം!"

അപ്പന്റെ ആ സാന്ത്വനവാക്കുകൾ അവൾക്കാശ്വാസം നൽകിയില്ല. അവൾ പറഞ്ഞു : "അപ്പാ, അപ്പൻ എന്നെ ശാസ്ത്രവും ചരിത്രവും സാഹിത്യവുമെല്ലാം പഠിപ്പിച്ചു. പണമുണ്ടാക്കാനെന്തു ചെയ്യണമെന്നും അപ്പനെന്നെ പഠിപ്പിച്ചു. എന്നാൽ സമാധാനത്തോടെ മരിക്കേണ്ടത് എങ്ങനെയാണെന്ന് മാത്രം അപ്പൻ എന്നെ പഠിപ്പിച്ചില്ലല്ലോ. അപ്പാ, ഞാനിതാ മരിക്കുകയാണ്."

സ്നേഹിതാ, മരണം ഇതാ വാതിൽക്കൽത്തന്നെ. അതി

വേഗം മരണത്തെ നേരിടാൻ നീ ഒരുങ്ങുക.

മരണം വാതിൽക്കൽ നിൽക്കുന്നു എന്ന് ഹിസ്ക്കീയാ രാജാവിന് ദൈവം അരുളപ്പാടു കൊടുത്തതിനെപ്പറ്റി ദൈവ വചനം പറയുന്നുണ്ട്. ദൈവത്തിന്റെ വചനം യെശയ്യാ പ്ര വാചകൻ ഹിസ്കീയാവിനെ അറിയിച്ചു :

"നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക. നീ മരിച്ചുപോ കും. സൗഖ്യമാകയില്ല." യെശയ്യാ 38: 1, 2 രാജാക്കൻമാർ 20:1. "Set your affairs in order; and prepare to die."

സ്വന്തം ഗൃഹകാര്യം ക്രമത്തിലാക്കി ആത്മാവിനുവേണ്ടി കരുതിയ ഒരാളായിരുന്നു പ്രസിദ്ധ ശാസ്ത്രജ്ഞനായ മൈക്കിൾ ഫാരഡേ. മരണത്തോടടുത്തപ്പോൾ അദ്ദേഹത്തോട് ഒരു സുഹൃത്ത് ചോദിച്ചു :

"അവസാനമായി ലോകത്തോടു പറയാനുള്ളതെന്താണ് ?"

മറുപടി : ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാനറിയുന്നു."

സുപ്രസിദ്ധ സുവിശേഷകനായ ഡി. എൽ. മൂഡിയുടെ മരണസമയം പ്രത്യാശ നിറഞ്ഞതായിരുന്നു. 1899 ഡിസംബർ 22-ാം തിയതി അദ്ദേഹം അന്ത്യശ്വാസം വലിച്ചു. മരണത്തോ ടടുത്തപ്പോൾ അദ്ദേഹം പറയുകയാണ്:

"ഇതാ, ഇന്ന് എന്റെ കിരീടധാരണ ദിവസം. ഇന്ന് എന്റെ വിജയത്തിന്റെ ദിനം. ഇതിനുവേണ്ടിയല്ലയോ ഞാൻ വർഷ ങ്ങളോളം നോക്കിപ്പാർത്തിരുന്നത്. ഇതാണ് മരണമെങ്കിൽ മരണമത്രെ മധുരം!"

Voices from the Edge of Eternity എന്ന ഗ്രന്ഥത്തിൽ 72-ാ

മത്തെ പേജിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

ന്യൂയോർക്കിലെ ഒരു പ്രശസ്തനായ നിരീശ്വരവാദി 74 -ാം വയസ്സിൽ മരിക്കാറായി കിടക്കുകയാണ്. അദ്ദേഹം പറഞ്ഞു : ഞാൻ ജീവിച്ചതുപോലെ ജീവിച്ച് ദുരന്തം പ്രാപിക്കരുതെന്ന് ലോകത്തിന് ആര് മുന്നറിയിപ്പു കൊടുക്കും?"

വോൾട്ടയറിന്റെ മരണക്കിടക്ക നിരാശയുടെ ഞരക്കവും ഭീകരാക്രോശങ്ങളും ദാരുണമായ നെടുവീർപ്പുകളും തിങ്ങിയതായിരുന്നു. അദ്ദേഹത്തെ ശുശ്രൂഷിച്ച നേഴ്സ് പിന്നീട് പറഞ്ഞത് ആരേയും ചിന്തിപ്പിക്കുന്ന വാക്കുകളായിരുന്നു.

"ഫ്രാൻസിലെ സ്വത്തു മുഴുവൻ എനിക്കു തന്നാലും ഒരു നിരീശ്വരന്റെ മരണക്കിടക്കയിൽ ഞാൻ ശുശ്രൂഷിക്കുകയില്ല.'

ദൈവപൈതലേ, പ്രത്യാശയുടെയും പ്രസന്നതയുടെയും മരണത്തെ നിനക്കു നേരിടണമെങ്കിൽ ക്രിസ്തുവിനെ ഇന്ന് നിന്റെ സ്വന്തരക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കണം. എങ്കിൽ സ്തുതിയുടെ ബലത്തിൽ അന്ത്യനാളിൽ നിനക്ക് പറയാം :

> "ഹേ, മരണമേ, നിന്റെ ജയം എവിടെ? ഹേ, മരണമേ, നിന്റെ വിഷമുള്ള് എവിടെ?"
>
> 1 കൊരി 15 : 55

> "...മരണമേ, നിന്റെ ബാധകർ എവിടെ? പാതാളമേ, നിന്റെ സംഹാരം എവിടെ?"
>
> ഹോശേയ 13 : 14

ഒന്ന്, പാപം വാതിൽക്കൽ.

രണ്ട്, ക്രിസ്തു വാതിൽക്കൽ.

മൂന്ന്, മരണം വാതിൽക്കൽ.

നാല്, ന്യായാധിപതി വാതിൽക്കൽ.

> "ഇതാ, ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു." യാക്കോബ് 5 : 9

> "അങ്ങനെ നിങ്ങളും ഇത് സംഭവിക്കുന്നത് കാണുമ്പോൾ അവൻ അടുക്കൽ വാതിൽക്കൽത്തന്നേ ആയിരിക്കുന്നു എന്ന് അറിഞ്ഞു കൊൾവിൻ." മർക്കോസ് 13 : 29

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവത്രേ ഇവിടെ സൂചിപ്പിക്കുന്നത്. ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവൻ എന്ന് ക്രിസ്തുവിനെ പരിശുദ്ധ പിതാക്കന്മാർ വിശ്വാസം ഏറ്റു പറഞ്ഞ പഴമയിലേക്കുള്ള മടങ്ങിപ്പോക്ക് ഇന്ന് അത്യാവശ്യമായിരിക്കുന്നു. വന്നവനും വരുവാനിരിക്കുന്നവനുമായ ക്രിസ്തുവിനെ വാഴ്ത്തിപ്പുകഴ്ത്താൻ തയ്യാറായ പൂർവ്വികരുടെ വിശ്വാസത്തിന്റെ കെട്ടുറപ്പ് ഇന്ന് അത്യന്താപേക്ഷിതമാണ്.

ക്രിസ്തു ജനിക്കുന്നതിന് 500 വർഷം മുമ്പ് മലാഖി പ്രവാചകൻ എഴുതി :

> "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും. അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും എന്ന് സൈന്യങ്ങ

ളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടി ഉദിക്കും. നിങ്ങളും പുറപ്പെട്ട് തൊഴുത്തിൽനിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും." മലാഖി 4 : 1 – 2

ഒരു ഭാഗം ആളുകൾ വെന്തു ദഹിക്കുന്നു. വേറൊരു കൂട്ടം ആളുകൾ തുള്ളിച്ചാടി നൃത്തം ചെയ്യുന്നു. മാന്യ സ്നേഹിതാ, ഇതിൽ ഏത് സമൂഹത്തിൽ നിനക്ക് നിൽക്കണം? നശിക്കുന്നവരുടേയോ രക്ഷപ്പെടുന്നവരുടേയോ? തീരുമാനിക്കേണ്ടത് ശരീരത്തിൽ ജീവൻ തുടിക്കുമ്പോളാണ്. മരണശേഷം തിരിയാൻ സാധ്യമല്ലെന്ന് നീ വ്യക്തമായറിഞ്ഞുകൊള്ളുക. പ്രിയ സഹോദരാ, ഇപ്പോൾത്തന്നെ ക്രിസ്തുവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കൂ. ഇന്നു മുതൽ ഒരു പുതിയ ജീവിതമെന്ന് ക്രിസ്തുവിന്റെ തിരുരക്തത്തിൽ ആശ്രയിച്ച് നീ തീരുമാനിക്കൂ. ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തം നിന്നിൽ നിന്ന് പാപത്തെയും സാത്താനെയും മാറ്റി നിത്യജീവന്റെ അവകാശം നിനക്കു തരും. വിശ്വസിക്കൂ ക്രിസ്തുവിനെ സ്വീകരിക്കൂ.

നമുക്ക് പ്രാർത്ഥിക്കാം :

നാഥാ, വാതിൽക്കൽ നിന്നു മുട്ടുന്ന പ്രിയന്റെ സ്വരം കേൾപ്പിച്ചതിനാൽ സ്തോത്രം. പുതിയ സമർപ്പണത്തിലേക്ക് നയിച്ചതിനാൽ സ്തോത്രം. അന്ത്യത്തോളം തിരുരക്തത്തിൽ മറച്ചു കൊള്ളണമേ.

എട്ട്

"കാവൽക്കാരാ, രാത്രി എന്തായി? കാവൽക്കാരാ, രാത്രി എന്തായി? എന്ന് ഒരുത്തൻ സേയീരിൽനിന്ന് എന്നോട് വിളിച്ചു ചോദിക്കുന്നു. അതിന് കാവൽക്കാരൻ : പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. നിങ്ങൾക്കു ചോദിക്കേണമെങ്കിൽ ചോദിച്ചു കൊൾവിൻ. പോയി വരുവിൻ എന്ന് പറഞ്ഞു." യെശയ്യാവ് 21 : 11 – 12

Living Bible - ൽ ഈ ഭാഗം കുറേക്കൂടി വ്യക്തമാണ് : "Watchman, what of the night? Watchman, what of the night? How much time is left? The watchman replies : Your judgement day is dawning now. Turn again to God, so that I can give you better news. Seek for him, then come and ask again."

കാവൽക്കാരാ, രാത്രി എന്തായി? കാവൽക്കാരാ, രാത്രി എന്തായി? പുലരുവാൻ ഇനി എത്ര സമയം ബാക്കിയുണ്ട്? കാവൽക്കാരൻ മറുപടി പറഞ്ഞു : നിങ്ങളുടെ ന്യായവിധിയുടെ ദിവസം ഇതാ പുലരുവാൻ പോകുന്നു. ദൈവത്തിങ്കലേക്ക് വീണ്ടും തിരിഞ്ഞു വരിക. അപ്പോൾ നിങ്ങൾക്കു

കുറേക്കൂടി നല്ല വാർത്തകൾ തരാൻ എനിക്ക് കഴിയും. ദൈവത്തെ അന്വേഷിപ്പിൻ. പിന്നീട് വന്ന് അവനോട് വീണ്ടും ചോദിപ്പിൻ.

യരുശലേം നഗരത്തിന്റെ തെരുവീഥികളിൽ കാവൽക്കാരെ നിയമിച്ചാക്കിയിരുന്നു. അവർ രാത്രിയിലെ ഓരോ യാമാരം ഭത്തിലും സമയം വിളിച്ചറിയിച്ചുകൊണ്ടിരുന്നു.

> "യെരുശലേമേ, ഞാൻ നിന്റെ മതിലുക ളിൻമേൽ കാവൽക്കാരെ ആക്കിയിരിക്കുന്നു. അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയി രിക്കയില്ല. യഹോവയെ ഓർമ്മിപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുത്."
>
> യെശയ്യാ 62 : 6

"നിന്റെ കാവൽക്കാരുടെ ശബ്ദം കേട്ടുവോ" എന്ന് യെശയ്യാ 52 : 8 - ൽ കാണുന്നതും ഈ ആശയംതന്നെ വെളിപ്പെടുത്തുന്നു.

സമയം വിളിച്ചറിയിക്കുന്നതിനു പുറമെ, കാവൽക്കാർക്ക് മറ്റൊരു ജോലിയുമുണ്ടായിരുന്നു. ശത്രുവിന്റെ ആക്രമണം വരുന്നുണ്ടോ എന്ന് നോക്കുകയും ശത്രുവിന്റെ ഉപായ ങ്ങളോ ഉപദ്രവങ്ങളോ വരുന്നതു കണ്ട് ജനത്തെ ഓർമ്മി പ്പിച്ച് ജാഗരൂകരാക്കി നിറുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

> "കാവൽക്കാരൻ വാൾ വരുന്നതു കണ്ട് കാഹളം ഊതാതെയും ജനം കരുതിക്കൊള്ളാ തെയും ഇരുന്നിട്ട് വാൾ വന്ന് അവരുടെ ഇട യിൽ നിന്ന് ഒരുത്തനെ ഛേദിച്ചു കളയുന്നു എങ്കിൽ, ഇവൻ തന്റെ അകൃത്യം നിമിത്തം ഛേദി ക്കപ്പെട്ടുപോയി എങ്കിലും അവന്റെ രക്തം ഞാൻ

കാവൽക്കാരനോട് ചോദിക്കും."

യെഹസ്കേൽ 33 : 6

പട്ടണം കാക്കുക എന്ന ജോലി കാവൽക്കാരനുള്ളതു കൊണ്ടാണ്, "യഹോവ പട്ടണം കാക്കുന്നില്ല എങ്കിൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു" സങ്കീ. 127 : 1, എന്ന് തിരുവെഴുത്ത് പറയുന്നു.

കാവൽക്കാരുടെ മൂന്നാമത്തെ ജോലി ദൈവത്തിൽനിന്ന് വചനം കേട്ട് ആ വചനം ജനത്തിന് നൽകി അവരെ പ്രബോധിപ്പിക്കണം.

> "മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിന് കാവൽക്കാരനാക്കിയിരിക്കുന്നു. നീ എന്റെ വായിൽനിന്ന് വചനം കേട്ട് എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം."
>
> യെഹസ്കേൽ 33 : 7

മാന്യ ദൈവപൈതലേ, ഒരു ദേശത്തിന്റെയോ പട്ടണത്തിന്റെയോ ഭവനത്തിന്റെയോ കാവൽക്കാരനാക്കി വെച്ചിരിക്കുന്നു എന്ന ഉത്തരവാദിത്തബോധത്തോടെയാണോ നീ ജീവിക്കുന്നത്. ജാഗ്രതയോടെ നിന്ന് വാൾ വരുന്നതു കാണുകയും അറിയിക്കുകയും ചെയ്യുന്നുണ്ടോ? ദൈവവചനം ദൈവത്തിൽ നിന്ന് കേട്ട് ജനത്തെ പ്രബോധിപ്പിക്കുന്നുണ്ടോ? കാലങ്ങളും സമയങ്ങളും വിളിച്ചറിയിച്ച് നേരം പുലരാറായി എന്ന് ജനത്തിന് കാലബോധവും സമയബോധവും നൽകുന്നുണ്ടോ?

കയീൽ ഹാബേലിനെ കൊന്നതിനു ശേഷം യഹോവ കയീനോട് : നിന്റെ അനുജനായ ഹാബേൽ എവിടെ എന്നു ചോദിച്ചു. അപ്പോൾ കയീന്റെ മറുപടി : ഞാൻ എന്റെ അനു

ജന്റെ കാവൽക്കാരനോ? എന്നാണ് ഉല്പത്തി 4 : 9ൽ കാണുന്നത്.

സ്വന്തപ്പെട്ടവരുടെ ആത്മാവിനെക്കുറിച്ച് നമുക്ക് ഉത്തരവാദിത്വമുണ്ട്. ബന്ധപ്പെട്ടവരെ ക്രിസ്തുവിലേക്ക് നടത്തുവാനുള്ള ചുമതല നമുക്കുണ്ട്. സ്വന്തം ഭാര്യയുടെ അല്ലെങ്കിൽ ഭർത്താവിന്റെ, മാതാപിതാക്കളുടെ അല്ലെങ്കിൽ മക്കളുടെ, സഹോദരങ്ങളുടെ, ചാർച്ചയിലും ബന്ധത്തിലും പെട്ടവരുടെ ആത്മാക്കളെ കുറിച്ചുള്ള സ്നേഹത്തിന്റെ ഭാരം ഉണ്ടാവുക എന്നത് ഒരു ദൈവപൈതലിന്റെ ലക്ഷണമാണ്.

ഇക്കാര്യം ഊന്നിപ്പറഞ്ഞുകൊണ്ടാണ് അപ്പോസ്തലനായ പൗലോസ് തീമോഥെയോസിനെ ഓർമ്മപ്പെടുത്തുന്നത് :

> "തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞ് അവിശ്വാസിയെക്കാൾ അധമനായിരിക്കുന്നു." 1 തിമോഥെയോസ് 5 : 8

ഈ വാക്കുകളെ കേൽക്കുന്ന പ്രിയ സ്നേഹിതാ, മാന്യ സഹോദരീ, ഒരു ഭവനത്തിന്റെയോ ചില വ്യക്തികളുടെയോ കാവൽ നിന്നെ ദൈവം ഭരമേൽപ്പിച്ചിട്ടുണ്ട് എന്ന് നിനക്കറിയാമോ?

സ്വന്തം ഭർത്താവിന്റെ മദ്യപാനവും മറുതലിപ്പും മാറുവാൻ വേണ്ടി പത്തുവർഷം നിരന്തരം ഉള്ളുരുകി പ്രാർത്ഥിച്ച ഒരു ദൈവപൈതലിനെ എനിക്കറിയാം. കേരള ഇലക്ട്രിസിറ്റി ബോർഡിലെ എക്സിക്യൂട്ടീവ് എൻജിനീയറായ ശ്രീ. യു.റ്റി. ജോർജ്ജിന്റെ ഭാര്യ ലീല. ആ കണ്ണുനീരിന്റെ കഥ പറയുന്നത് നമുക്ക് കേൾക്കാം :

"വിവാഹത്തിനുശേഷം ഭർത്താവ് ഒരു മദ്യപനാണെന്ന് അറിഞ്ഞപ്പോളുണ്ടായ മനോഭാവം എന്തായിരുന്നു?"

വലിയ പ്രതീക്ഷയോടെയാണ് ഞാൻ വിവാഹജീവിതത്തിൽ പ്രവേശിച്ചത്. ഇലക്ട്രിസിറ്റി ബോർഡിലെ ഒരു എൻജിനീയറുടെ ഭാര്യ എന്നതിൽ ഞാൻ വളരെ അഭിമാനംകൊണ്ടിരുന്നു. പള്ളിയാരാധനയിൽ പങ്കെടുക്കുന്നുണ്ട്. സണ്ടെ സ്കൂൾ പഠിപ്പിക്കുന്നുണ്ട്. പള്ളി മദ്ബഹായിലെ ശുശ്രൂഷയിലുമുണ്ട്. ഞങ്ങളുടെ വീട് കണ്ടനാട് പള്ളിയുടെ സമീപത്താകയാൽ മിക്കവാറും പള്ളിയിൽ പോകാത്ത ദിവസമില്ല.

ഇങ്ങനെയെല്ലാം ഭക്തിയുള്ള ആൾ ഒരു മദ്യപാനി ആണെന്നറിഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. സിനിമയ്ക്കു പോകണം എന്ന് പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. ഞാൻ ബാല്യം മുതൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ വചനശുശ്രൂഷകളിൽ പങ്കെടുക്കുകയും മാനസാന്തരപ്പെടുകയും ചെയ്തിരുന്നതുകൊണ്ട് എനിക്ക് താങ്ങാനാകുന്നതിലും അധികമായിരുന്നു ആ ഭാരം.

"പിന്നെ ആ ഭാരം മാറിയതെങ്ങനെയാണ്?"

കോലഞ്ചേരിയിൽ യോഹന്നാൻ സാറിന്റെ വീട്ടിൽ നടക്കുന്ന യോഗത്തിൽ വരാൻ ഞാൻ നിർബന്ധിച്ചു. ഭയങ്കര എതിർപ്പോടുകൂടിയാണെങ്കിലും എന്നെ തൃപ്തിപ്പെടുത്തുവാൻ ഇടയ്ക്കു വന്നുകൊണ്ടിരുന്നു. സാറിനോടും മറ്റു പല ദൈവമക്കളോടും വലിയ എതിർപ്പും വൈരാഗ്യവുമെല്ലാമായിരുന്നു അന്ന്.

ഞാൻ രാവെന്നില്ല, പകലെന്നില്ല ദൈവസന്നിധിയിൽ പ്രാർത്ഥിക്കാൻ തുടങ്ങി. അനേക രാത്രികൾ ഞാൻ മുട്ടിൻമേലിരുന്ന് കരഞ്ഞിട്ടുണ്ട്. നീണ്ട പത്തു വർഷങ്ങൾക്കുശേഷം

എന്റെ ഭർത്താവ് മാനസാന്തരപ്പെട്ടു. ദൈവവചനത്തെയും ദൈവമക്കളെയും നിന്ദിച്ചിരുന്ന അദ്ദേഹം ഇന്ന് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ ഉത്സാഹത്തോടെ പ്രവർത്തിക്കുന്ന അനുഗ്രഹിക്കപ്പെട്ട ഒരു സുവിശേഷകനാണ്."

"അദ്ദേഹത്തെ ഈ മാനസാന്തരത്തിലേക്ക് നടത്തിയ മറ്റു മുഖാന്തരങ്ങൾ എന്തെങ്കിലും ഉണ്ടോ?"

എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു കാര്യം എന്റെ ജീവിതത്തിലുണ്ടായി. എന്റെ കാൽമുട്ടുകളിൽ വീക്കവും കഠിനവേദനയുമായി ഞാൻ ഒരു മാസത്തോളം ഹോസ്പിറ്റലിൽ കിടന്നു. എന്നെ ചികിത്സിച്ച ഡോക്ടർമാർ ഒടുവിൽ പറഞ്ഞു : എഴുന്നേറ്റ് നടക്കാൻ സാധിക്കുകയില്ല എന്ന്. സഹിക്കാനാവാത്ത ദു:ഖത്തിൽ ഞാൻ തളർന്നുകിടന്നു. ഞാൻ ഒരു ദിവസം മനം തകർന്ന് ദൈവസന്നിധിയിൽ എന്റെ ഹൃദയം പകർന്ന് പ്രാർത്ഥിച്ചു. എന്തൊരത്ഭുതം ! ഇനി എഴുന്നേറ്റു നടക്കുകയില്ലെന്നു ഡോക്ടർമാരും മറ്റുള്ളവരും കരുതിയിരുന്ന ഞാൻ സൗഖ്യമായി എഴുന്നേറ്റു നടന്നു. ദൈവം എന്നിൽ വലിയവ ചെയ്തു.

എന്റെ ആത്മാവിന് വീണ്ടെടുപ്പും നിത്യജീവനും തന്ന എന്റെ കരുണയുള്ള കർത്താവ് എന്റെ ശരീരത്തിൽ രോഗവും മാറ്റിത്തന്നു.

ഇന്ന് ഞങ്ങളുടെ മക്കൾ രണ്ടുപേരും ജീവിതം കർത്താവിന് സമർപ്പിച്ച് സൗഭാഗ്യജീവിതം നയിക്കുന്നു.

ലീല ഭവനത്തിന്റെ കാവൽക്കാരിയായി വിസ്വസ്തതയോടെ നിന്നു. ഭർത്താവിനെയും മക്കളെയും പൈശാചികന്റെ കരാള ഹസ്തങ്ങളിൽനിന്ന് മോചിപ്പിക്കുവാൻ ദൈവകരങ്ങളിൽ ഉപയോഗപ്പെട്ടു.

"കാവൽക്കാരാ, രാത്രി എന്തായി? കാവൽക്കാരാ രാത്രി എന്തായി? നേരെ വെളുക്കാൻ ഇനി എത്ര സമയമുണ്ട്?"

"കാവൽക്കാരന്റെ മറുപടി : "ന്യായവിധിയുടെ ദിവസം ഇതാ പുലരാറായിരിക്കുന്നു. വേഗം ദൈവത്തിങ്കലേക്ക് തിരിയൂ. എന്നാൽ സദ്വർത്തമാനം നിങ്ങളെ അറിയിക്കാൻ എനിക്കു കഴിയും. ദൈവത്തെ അന്വേഷിപ്പിൻ. പിന്നീട് വന്ന് വീണ്ടും ചോദിപ്പിൻ."

നിങ്ങൾ ദൈവത്തെ അന്വേഷിക്കുകയും ദൈവത്തിങ്കലേക്ക് തിരിയുകയും ചെയ്യേണ്ട സമയമാണിത്. നിങ്ങൾ ദൈവത്തിങ്കലേക്ക് തിരിയുമെങ്കിൽ സദ്വർത്തമാനം – good news - നിങ്ങൾക്കു തരാൻ എനിക്കു കഴിയും. ദൈവത്തെ അന്വേഷിക്കുകയും ദൈവത്തിങ്കലേക്ക് തിരിയുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ മുമ്പിൽ ഉദിക്കുന്ന പ്രഭാതം ഭയങ്കര ന്യായവിധി ദിവസത്തിന്റേതായിരിക്കും.

> "രാത്രി കഴിവാറായി; പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവത്തികളെ വെച്ചു കളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചു കൊൾക." റോമർ 13 : 12

ഇരുട്ടിന്റെ പ്രവൃത്തികൾ പാപങ്ങളാണ്. തിന്മയുടെ പ്രകൃതവും പ്രവൃത്തിയും അന്ധകാരശക്തിയായ സാത്താൻ അവകാശം പറയുന്ന കാര്യങ്ങളാണ്.

> "ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്. അവയെ ശാസിക്ക അത്രേ വേണ്ടത്." എഫെസ്യർ 5 : 11

പാപമെന്നു തോന്നുന്ന സകലത്തെയും ജീവിതത്തിൽ നിന്ന് അകറ്റിക്കളവിൻ. ഇരുട്ടിന്റെ സ്വഭാവത്തിന് അടിമക

ളായി ജീവിച്ചാൽ നിത്യാന്ധകാരത്തിന്റെ നരക ദുരിതത്തിലേക്ക് തള്ളപ്പെടും.

പാപത്തിന്റെ മുഴുകി ജീവിച്ചിരുന്ന എത്രയോ ആളുകൾ പാപജീവിതം വിട്ട് ക്രിസ്തുവിനെ പ്രസാദിപ്പിച്ച് ഇന്ന് ജീവിക്കുന്നു.

ജംബുലിംഗനാടാർ തമിഴ്നാടിനെ വിറപ്പിച്ചിരുന്ന കൊള്ളത്തലവനായിരുന്നു. ഏമികാർമൈക്കൾ എന്ന ദൈവദാസിയുടെ വാക്കുകൾ കേട്ട് അദ്ദേഹം മനം തിരിഞ്ഞു. കൊള്ളയും കൊലപാതകവും സ്ത്രീപീഡനങ്ങളും എല്ലാമായി മ്ലേച്ഛമായ ജീവിതം നയിച്ചിരുന്ന അദ്ദേഹം ക്രിസ്തുവിനെ കൈക്കൊണ്ട് ക്രിസ്തുഭക്തനായിത്തീർന്നു.

മാന്യ സ്നേഹിതാ, താങ്കളുടെ രക്ഷയ്ക്കുവേണ്ടി ക്രൂശിൽ ശിക്ഷയേറ്റ യേശുവിനെ ഇപ്പോൾ താങ്കൾ സ്വീകരിക്കുമോ? ക്രിസ്തുവിനെ സ്നേഹിക്കുന്ന, ക്രിസ്തുവിനെ ആരാധിക്കുന്ന ഒരു പുതിയ സൗഭാഗ്യ ജീവിതം താങ്കൾ ഇന്ന് ആരംഭിക്കുമോ?

കാവൽക്കാരാ, രാത്രി എന്തായി? പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. ഒരു വിഭാഗം ജനത്തിന് പ്രഭാതം. മറ്റൊരു ഭാഗം ജനത്തിന് രാത്രി. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ വിശുദ്ധൻമാർക്കു പ്രഭാതം. അവർ തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും. നീതിസൂര്യൻ ഇതാ ഉദിക്കാറായിരിക്കുന്നു.

മറ്റൊരു ഭാഗം ജനത്തിനോ ഇരുളിന്റെ മുറവിളി. ചൂളപോലെ കത്തുന്ന ദിവസത്തിൽ വേരും കൊമ്പും നിശ്ശേഷം കത്തിപ്പോകുന്നതുപോലെ അഹങ്കാരികൾ ഒക്കെയും താളടിയാകും. ക്രിസ്തു രണ്ടാമത് വരുമ്പോൾ രണ്ടുപേർ കിടക്ക

യിലായിരിക്കും. ഒരാളെ സ്വീകരിക്കും. മറ്റേയാളെ ഉപേക്ഷിക്കും. രണ്ടുപേർ തിരിക്കല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരാളെ സ്വീകരിക്കും. മറ്റേയാളെ ഉപേക്ഷിക്കും. രണ്ടുപേർ ഒരേ വയലിൽ വേല ചെയ്തുകൊണ്ടിരിക്കും. ഒരാളെ സ്വീകരിക്കും. മറ്റേയാളെ നിരസിക്കും.

സ്നേഹിതാ, താങ്കൾ സ്വീകരിക്കപ്പെടുമോ? ഇപ്പോൾ ക്രിസ്തുവിനോട് വാക്കു പറയുക. ക്രിസ്തുവിനായി ഹൃദയം തുറന്നു കൊടുക്കുക.

പ്രാർത്ഥിക്കാം.

കാരുണ്യവാനായ യേശുവേ, നിന്റെ രണ്ടാമത്തെ വരവിൽ നിന്നെ എതിരേൽക്കുന്ന വിശുദ്ധൻമാരുടെ നിരയിൽ എന്നെയും ചേർക്കണമേ. അതിനായി എന്നെ വെളിച്ചത്തിന്റെ പൈതലാക്കിത്തീർക്കണമേ. പിതൃപുത്രപരിശുദ്ധാത്മാവാം ത്രീയേകദൈവത്തിന്റെ തിരുനാമ മഹത്വത്തിന്നായിത്തന്നേ.

ഒൻപത്

"അർദ്ധരാത്രിയിലോ സിംഹാസനത്തിലിരുന്ന ഫറവോന്റെ ആദ്യജാതൻ മുതൽ കുണ്ടറയിൽ കിടന്ന തടവുകാരന്റെ ആദ്യജാതൻവരെയും മിസ്രയീം ദേശത്തിലെ ആദ്യജാതൻമാരെയും മൃഗങ്ങളുടെ കടിഞ്ഞൂലുകളെയും എല്ലാം യഹോവ സംഹരിച്ചു." പുറപ്പാട് 12 : 29

ഫറവോന്റെ അടിമത്തത്തിൽ യിസ്രായേൽജനം വീർപ്പുമുട്ടി കഴിയുകയായിരുന്നു. അടിമവേലയുടെ ദുരിതവും യാതനയും ജനത്തെ തളർത്തിയിട്ടിരിക്കുകയായിരുന്നു. നിത്യനായ ദൈവം മിസ്രയീമിൻമേൽ വരുത്തിയ പത്തു ബാധകളിൽ ഒടുവിലത്തെ ബാധ കടിഞ്ഞൂൽ സംഹാരമായിരുന്നു. ആ പത്താമത്തെ ബാധയിൽ വശംകെട്ട് ഫറവോൻ യിസ്രായേൽ ജനത്തെ വിട്ടയച്ചു.

ഒരർദ്ധരാത്രിയിൽ മിസ്രയീമിലെ അനേകം ഭവനങ്ങളിൽനിന്ന് കൂട്ടനിലവിളി ഉയർന്നു. കടിഞ്ഞൂലുകൾ സംഹരിക്കപ്പെട്ടതിനാലാണ്. എന്നാൽ ചില ഭവനങ്ങളിൽ അപ്പോൾ

സമാധാനം ആയിരുന്നു. ദൈവ കല്പന അനുസരിച്ച് ഭവനങ്ങളിൽ ബാധയുണ്ടായില്ല.

"എന്തായിരുന്നു ദൈവകല്പന? ഒരു ഊനമില്ലാത്ത ആട്ടിൻ കുട്ടിയെ തെരഞ്ഞെടുത്ത് നിശ്ചിത ദിവസംവരെ അതിനെ സൂക്ഷിക്കേണം. സന്ധ്യാസമയത്ത് അതിനെ അറുക്കേണം. അതിന്റെ രക്തം വീടിന്റെ കട്ടിളക്കാൽ രണ്ടിൻമേലും മുകളിലത്തെ കുറുമ്പടിമേലും പുരട്ടേണം. രക്തം കാണുമ്പോൾ ആ ഭവനത്തിൽ കയറാതെ സംഹാരദൂതൻ കടന്നുപോകും. നേരം പുലരുംവരെ ആരും വാതിലിന് വെളിയിൽ ഇറങ്ങരുത്." പുറപ്പാട് 12 : 5 – 7, 12 : 22 – 24

കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തിന്റെ മുൻകുറിയും നിഴലുമാണ് ഈ സംഭവം. ഫറവോന്റെ അടിമത്തത്തിൽ യിസ്രായേൽജനം യാതന അനുഭവിച്ചതുപോലെ ഇന്ന് ശത്രുവായ പൈശാചികന്റെ അടിമത്തത്തിൽ മനുഷ്യൻ ദുരിതമനുഭവിക്കുകയാണ്. പാപങ്ങൾ മൂലം മനുഷ്യനെ സാത്താൻ കെട്ടിയിട്ടിരിക്കുകയാണ്. എത്രയെത്ര ആന്തരികബന്ധനങ്ങൾ മനുഷ്യനെ ഇന്ന് ഞെരിച്ചു വലച്ചു കൊണ്ടിരിക്കുന്നു! പാപത്തിന്റെ എത്രയോ ഊരാക്കുരുക്കുകളിൽ മനുഷ്യനിന്ന് പിടയുകയാണ്!

ചെയ്വാൻ ആഗ്രഹിക്കുന്ന നൻമ ചെയ്യാനാകാതെ ഇച്ഛിക്കാത്ത തിൻമ ചെയ്തു എത്രയോ പേർ ജീവിതനൈരാശ്യം പൂണ്ടു വലയുന്നു! ദുശ്ശീലങ്ങളുടെയും ദുഷ്പരിചയങ്ങളുടെയും നീരാളിപ്പിടുത്തത്തിൽ നിന്ന് മോചനം പ്രാപിക്കാനാകാതെ എത്രയോ ആളുകൾ ദിനംപ്രതി പരാജയബോധത്തോടെ ജീവിതത്തിൽ ഒരു മുന്നേറ്റം കിട്ടാനാകാതെ പൊരിയുന്നു!

പൈശാചികന്റെ ഉരുക്കുമുഷ്ടിയിൽ കിടന്ന് പിടയുന്ന വർക്ക് മോചനത്തിനുള്ള ഏക മാർഗ്ഗം കർത്താവായ യേശു ക്രിസ്തുവിന്റെ ക്രൂശിലെ പരമയാഗം മാത്രമാണ്. ഊനമി ല്ലാത്ത കുഞ്ഞാടിനെ അറുത്ത് ചോര കട്ടിളപ്പടികളിൻമേലും കുറുമ്പടിമേലും പുരട്ടിയ ഭവനത്തിൽ സംഹാരകൻ കടക്കു കയില്ല.

ഒരു സംഭവം കേട്ടിട്ടുണ്ട്, ഒരു രക്തരൂഷിത യുദ്ധം നട ക്കുകയാണ്. ഒരു പട്ടാള കമാൻഡർ പ്രഖ്യാപിച്ചു, ഈ നാട്ടിലെ മുഴുവൻ ജനത്തെയും ഒന്നൊഴിയാതെ കൊന്നൊ ടുക്കണമെന്ന്. സൈന്യങ്ങളെ അതിനായി അദ്ദേഹം നിയാഗി ച്ചു.

ഒരു പറ്റം പടയാളികൾ ഒരു വീട്ടിൽ കടന്ന് അകത്തു ള്ളവരെയെല്ലാം വെട്ടിക്കൊല്ലുന്നത് ആ നാട്ടിലെ ഒരാൾ ഒളി ച്ചുനിന്നു കണ്ടു. ആ വീട് വിട്ടുപോകുന്നതിനു മുൻപ് ആ ഭടൻമാരിലൊരാൾ ഒരു തുണി തളം കെട്ടി കിടക്കുന്ന ചോര യിൽ മുക്കി വാതിലിൽ ആസകലം പുരട്ടുന്നത് അയാൾ കണ്ടു. പിന്നാലെ ആരെങ്കിലും വന്നാൽ ആ വീട്ടിൽ എല്ലാ വരെയും കൊന്നു എന്നതിന് തെളിവാകാനാണ് അയാൾ അത് ചെയ്തത് എന്ന് അയാൾക്ക് മനസ്സിലായി.

ഒരു നിമിഷം പാഴാക്കാതെ അയാൾ നഗരമദ്ധ്യത്തിലെ ഒരു വീട്ടിലേക്ക് ദ്രുതഗതിയിൽ ഓടിച്ചെന്നു. അവിടെ അയാ ളുടെ സ്നേഹിതരായി, ആ നാട്ടുകാരായ അനേകം പേർ ഒളിച്ച് കഴിയുകയായിരുന്നു. അവരോട് വീർപ്പടക്കികൊണ്ട് അയാൾ കണ്ട കാര്യങ്ങൾ വേഗം പറഞ്ഞു. അവരൊട്ടും താമസിച്ചില്ല, ആ വീടിന്റെ പിന്നിലെ തൊഴുത്തിലുണ്ടായി രുന്ന ഒരാട്ടിൻകുട്ടിയെ വേഗം കൊന്നു; അതിന്റെ ചോര വാതിലിൽ മുഴുവൻ പുരട്ടി. അകത്ത് നിശ്ശബ്ദരായിരുന്നു.

അവർ വാതിലടച്ചതുമല്ല. ഒരു പറ്റം സൈനികർ പാഞ്ഞെത്തി ആ വീട്ടുമുറ്റത്ത് . നോക്കിയപ്പോൾ വാതിലെല്ലാം ചോര. അവർ ധരിച്ചു, വേറെ വാൾ അകത്ത് സംഹാരം നടത്തിയെന്ന്. അതുകൊണ്ട് അവർ അകത്ത് കടന്നില്ല.

ചുറ്റുപാടും അനേകർ വധിക്കപ്പെട്ടപ്പോൾ, ആ രക്താങ്കിതമായ വാതിലിനുള്ളിലിരുന്നവർ സുരക്ഷിതരായിരുന്നു.

> "ഞാൻ രക്തം കാണുമ്പോൾ നിങ്ങളെ ഒഴിഞ്ഞു കടന്നുപോകും." പുറപ്പാട് 12 : 13

> "നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു തന്നെ." 1 കൊരിന്ത്യർ 5 : 7

> "യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."
> 1 യോഹന്നാൻ 1 : 7

> "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രേ." 1 പത്രോസ് 1:18.

ഒരാൾ വളരെ ഹീനമായ ഒരു തെറ്റു ചെയ്തു. അയാളെ പോലീസ് പിടികൂടി. കേസ് ചാർജ്ജ് ചെയ്തു. അയാളെ വിസ്തരിക്കാൻ ജഡ്ജിയുടെ മുന്നിലെത്തിച്ചു. ജഡ്ജിയെ കണ്ടതോടെ കുറ്റവാളിക്ക് ഒരു സമാധാനം ഉണ്ടായി. കാരണം അവർ രണ്ടുപേരും പണ്ട് ഒരുമിച്ച് പഠിച്ചതാണ്. വലിയ

കൂട്ടുകാരായിരുന്നു. അടുത്തടുത്തിരുന്ന് പഠിച്ചിട്ടുണ്ട്.

കഠിനമായ ശിക്ഷയൊന്നും കിട്ടുകയില്ലെന്ന്, സ്വാഭാവിക മായും, അയാൾ വിശ്വസിച്ചു. പക്ഷേ ജഡ്ജി വളരെ കർക്ക ശമായിട്ടാണ് ഇടപെട്ടത്. ഒരു മയവുമുണ്ടായില്ല. അയാളുടെ കുറ്റം തെളിഞ്ഞു. ഒരു ലക്ഷം രൂപ പിഴ അല്ലെങ്കിൽ 5 വർഷം കഠിന തടവ് - ഇതായിരുന്നു വിധി. തീർപ്പു കല്പി ച്ചതിനുശേഷം ജഡ്ജി അകത്തേക്ക് പോയി.

ഒരു ലക്ഷം പോയിട്ട്, 100 രൂപപോലും സ്വന്തമായിട്ടെടു ക്കാൻ വകയില്ല. സ്നേഹിതരാരുമില്ലതാനും. കഠിന തടവുത ന്നെ. ജയിലിലേക്ക് പോകാൻ തയ്യാറായി വെളിയിലേക്ക് വന്നപ്പോൾ, ഇതാ, ഒരു ഉദ്യോഗസ്ഥൻ വന്ന് അയാളുടെ കൈയിലെ ആമം അഴിച്ചു മാറ്റുന്നു. അയാൾക്കൊന്നും മന സ്സിലായില്ല.

ആ ഉദ്യോഗസ്ഥൻ പറഞ്ഞു : "ജഡ്ജി സ്വന്തം കൈയിൽനിന്ന് ഒരു ലക്ഷം രൂപ നിങ്ങൾക്കുവേണ്ടി കെട്ടി യിരിക്കുന്നു. നിങ്ങൾ സ്വതന്ത്രമായി പൊയ്ക്കൊള്ളൂ."

സ്നേഹിതാ, ക്രിസ്തു ക്രൂശിൽ നിർവ്വഹിച്ചതിതാണ്. ഇനിയും നീ സാത്താന്റെയും പാപത്തിന്റെയും അടിമത്ത ത്തിൽ കഴിയണമോ?

നട്ടുച്ചയ്ക്കിരുട്ടുണ്ടായി. ഉച്ചയ്ക്ക് 12 മണി മുതൽ 3 മണി വരെ ദേശത്തെല്ലാം ഇരുട്ടുണ്ടായി. ക്രിസ്തു ക്രൂശിൽ കിടന്ന് പിടഞ്ഞ സമയം സ്രഷ്ടാവിന്റെ നഗ്നത കാണാതി രിപ്പാൻ സൃഷ്ടി കണ്ണു ചിമ്മിയ സമയം - സൂര്യൻ ഇമ പൂട്ടി.

അർദ്ധരാത്രിയിൽ രക്തം തളിക്കാത്ത വീടുകളിൽ

സംഹാരം. വാതിൽപ്പടിമേൽ രക്തം തളിച്ച വീടുകളിൽ മോചനം – സുരക്ഷിതത്വം.

യൗവനക്കാരാ, നിന്റെ ജീവിതം ഇന്ന് സുരക്ഷിതാവസ്ഥ യിലല്ലെന്ന് തോന്നുന്നുവോ? ഭയവും ആശങ്കയും പാപ ത്തിന്റെ കെടുതികളും നിന്നെ വേട്ടയാടുന്നുവോ? കുഞ്ഞാ ടിന്റെ തിരുരക്തത്തിൽ മറഞ്ഞു കൊള്ളുക.

ഏതാനും വീടുകളിൽ സന്ധ്യാസമയത്ത് കുഞ്ഞാടിനെ അറുത്തപ്പോൾ കുഞ്ഞാടിന്റെ ദീനരോദനം മുഴങ്ങി. സന്ധ്യയ്ക്ക് കുഞ്ഞാടിന്റെ കരച്ചിൽ മുഴങ്ങിയ ഭവനങ്ങളിൽ അർദ്ധരാത്രിയിൽ സുരക്ഷിതത്വം. അവിടെ വേദനയില്ല, യാത നയില്ല, മരണഭീതിയില്ല, കടിഞ്ഞൂൽ സംഹാരമില്ല, നിലവിളി യുമില്ല.

എന്നാൽ സന്ധ്യാസമയത്ത് കുഞ്ഞാടിന്റെ കുരളറുത്ത് നിലവിളി മുഴങ്ങാത്ത വീടുകളിൽ അർദ്ധരാത്രിയിൽ മുറവി ളി, കടിഞ്ഞൂൽ സംഹാരം.

മാന്യ സ്നേഹിതാ, നിന്റെ ജീവിതത്തിൽ കൂരിരുട്ടിന്റെ അർദ്ധരാത്രികൾ വരാൻ പോകുന്നു. അന്ധകാര പർവ്വതങ്ങ ളിൽ നിന്റെ കാലിടറാതിരിക്കണമെങ്കിൽ വേഗം കുഞ്ഞാ ടിന്റെ നിലവിളി നിന്റെ ഹൃദയവാതിൽക്കൽ മുഴങ്ങട്ടെ. അടുത്ത നിമിഷത്തിലേയ്ക്ക് അത് മാറ്റി വെയ്ക്കരുതേ.

“എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി.
സംഹാര ദൂതനെന്നെ കടന്നുപോയി –
ഫറവോനു ഞാനിനി അടിമയല്ല;
പരമ സീയോനിൽ ഞാനാന്യനല്ല.
കുഞ്ഞാടിന്റെ വിലയേറിയ നിണത്തിൽ
മറഞ്ഞു ഞാൻ രക്ഷിക്കപ്പെട്ടൊരാക്ഷണത്തിൽ

എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി.
സംഹാരദൂതനെന്നെ കടന്നുപോയി."

എന്ന് പാടുവാനുള്ള പ്രഗത്ഭ്യം അതിവേഗം നേടുക.

ഒന്ന്, അർദ്ധരാത്രിയിലെ മോചനം.

രണ്ട്, അർദ്ധരാത്രിയിലെ സ്തുതി.

"അർദ്ധരാത്രിക്ക് പൗലോസും ശീലാസും പ്രാർത്ഥിച്ചു. ദൈവത്തെ പാടി സ്തുതിച്ചു."
അപ്പോസ്തല പ്രവൃത്തികൾ 16 : 25

പൗലോസ് യൂറോപ്പിൽ ആദ്യമായി കാലു കുത്തിയത് ഗ്രീസിലെ ഫിലിപ്പിയിലാണ്. അധിപതികൾ പൗലോസിന്റെയും ശീലാസിന്റെയും വസ്ത്രം പറിച്ചുരിഞ്ഞു, കോൽകൊണ്ട് അവരെ അടിപ്പിച്ചു തടവിലിട്ടു. അവരുടെ കാൽ ആമത്തിലിട്ടു പൂട്ടി.

നേരം പുലർന്നതിനുശേഷം ആഹാരം ഒന്നും കഴിച്ചിട്ടില്ല. ജലപാനവുമില്ല. നല്ല വിശപ്പും ദാഹവും. അതിനു പുറമേ, റോഡിലൂടെ വലിച്ചിഴച്ചതുകൊണ്ട് ശരീരമാസകലം വിണ്ടുകീറി പുകയുന്നു. നല്ല നീറ്റലും വേദനയും, കാൽ അനക്കാനാകാതെ ആമത്തിൽ.

അർദ്ധരാത്രി എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൽ പരിശുദ്ധാത്മാവ് പൗലോസിന്റെയും ശീലാസിന്റെയുംമേൽ ഇറങ്ങി. അവർ പ്രാർത്ഥിച്ചു, പാടി സ്തുതിച്ചു.

സ്തുതി മുഴങ്ങിയപ്പോൾ പെട്ടെന്ന് ഒരു ഭൂകമ്പം. കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. അടഞ്ഞ വാതിലുകൾ തുറന്നു. ചങ്ങലകളും ആമങ്ങളും താനേ അഴിഞ്ഞു വീണു.

ആത്മാവിന്റെ ആരാധനയുടെ മുമ്പിൽ ബന്ധനങ്ങൾ അഴിയും. അടഞ്ഞ വാതിലുകൾ തുറക്കും.

കാരാഗൃഹപ്രമാണി ഉറക്കമുണർന്നു, വാതിൽ തുറന്നു. ചങ്ങല അഴിഞ്ഞു കിടക്കുന്നതു കണ്ട് ജയിൽപ്പുള്ളികൾ ഓടിപ്പൊയ്ക്കളഞ്ഞു എന്ന് അയാൾ കരുതി. അയാൾ വാളൂരി തന്നത്താൻ കൊല്ലുവാൻ ഭാവിച്ചു.

'നിനക്ക് ഒരു ദോഷവും ചെയ്യരുത്. ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ" , പൗലോസ് പറഞ്ഞു.

തന്നത്താൻ കൊല്ലുവാൻ തുടങ്ങുന്നവനോട് ധൈര്യമായി ആശ്വാസവാക്ക് പറയാൻ ഒരു ദൈവപൈതലിനേ കഴിയൂ. ആത്മഹത്യയ്ക്ക് ഒരുങ്ങുന്നവനെ പിന്തിരിപ്പിക്കാൻ ദൈവ ത്തിന്റെ വചനത്തിനു കഴിയും.

എത്രയോ ആളുകൾ നിരാശരായി, ജീവനൊടുക്കുവാൻ വിചാരിച്ച്, തകർന്നവരായി കഴിയുന്നു! അവർക്ക് ക്രിസ്തു വിന്റെ ആശ്വാസം കൊടുക്കുവാൻ ദൈവാത്മാവുള്ള ഒരു ദൈവപൈതലിനു കഴിയും.

കാരാഗൃഹത്തിൽ ഒരു ബൈബിൾ ക്ലാസ്സ്!

> "യജമാനൻമാരേ, രക്ഷപ്രാപിപ്പാൻ ഞാനെന്തു ചെയ്യണം?" അപ്പോസ്തല പ്രവൃത്തികൾ 16 : 30

> "കർത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." അപ്പൊ. പ്രവ. 16 : 31

തുടർന്ന് കർത്താവിന്റെ വചനം അവനോടു പറഞ്ഞു, അവന്റെ വീട്ടിലുള്ള എല്ലാവരോടും പറഞ്ഞു. കാരാഗൃഹപ്ര

മാണി പൗലോസിനെയും ശീലാസിനെയും വീട്ടിൽ കൊണ്ടു പോയി അവരുടെ മുറിവുകളെ കഴുകി. ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ചു.

സ്തുതിയുടെ മഹത്വം, സ്തോത്രത്തിന്റെ അത്ഭുത ശക്തി, കഷ്ടതയുടെയും വേദനയുടെയും മധ്യത്തിൽ സ്തുതി. ദുരിതവും ഉപദ്രവവുമേല്ക്കുമ്പോൾ ദൈവസ്നേഹത്തെ വിശ്വസിച്ച് നന്ദിയുടെ നിറവിൽ ഉറന്നു വരുന്ന സതുതി. അർദ്ധരാത്രിയിൽ ഫിലിപ്യൻ കാരാഗൃഹത്തിൽ ഉയർന്ന സ്തുതി.

അർദ്ധരാത്രിയിൽ മോചനം.

അർദ്ധരാത്രിയിൽ സ്തുതി.

സ്നേഹിതാ, ഈ ഭാഗ്യാനുഭവം താങ്കൾക്ക് സ്വന്തമാക്കണമോ? എങ്കിൽ ക്രിസ്തുവിന്റെ പാദപീഠത്തിൽ ഭാവിജീവിതം സമർപ്പിക്കുവിൻ. തിരുരക്തം വാർന്നൊഴുകുന്ന ആ കരങ്ങളിലേക്ക് ഭാവി ഭരമേല്പിക്കുവിൻ. അരികത്ത് നില്ക്കുന്ന ക്രിസ്തുവിനോടു പറയുവിൻ : യേശുവേ, ഇന്നു മുതൽ ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, ജീവനുള്ള നാഥാ, തിരുരക്തത്താലുള്ള മോചനം എനിക്ക് അനുഭവമാക്കണമേ. കഷ്ടതയുടെയും ഉപദ്രവങ്ങളുടെയും മധ്യത്തിൽ ഹൃദയം സന്തോഷത്താൽ നിറഞ്ഞ് സ്തുതിക്കാനെനിക്ക് കൃപയരുളണമേ. വിശുദ്ധ സ്തുതിയിൽകൂടെ അനേക ഹൃദയങ്ങൾക്ക്, ആശ്വാസമേകാൻ എനിക്ക് ഭാഗ്യം നൽകണമേ.

പത്ത്

"നിങ്ങളിൽ ആർക്കെങ്കിലും ഒരു സ്നേഹിതൻ ഉണ്ടെന്നിരിക്കട്ടെ. അവൻ അർദ്ധരാത്രിക്ക് അവന്റെ അടുക്കൽ ചെന്ന് സ്നേഹിതാ, എനിക്ക് മൂന്നപ്പം വായ്പ തരേണം. എന്റെ ഒരു സ്നേഹിതൻ വഴിയാത്രയിൽ എന്റെ അടുക്കൽ വന്നു. അവന്ന് വിളമ്പിക്കൊടുപ്പാൻ എന്റെ പക്കൽ ഏതും ഇല്ല." ലൂക്കോസ് 11 : 5 – 6

കഴിഞ്ഞ അദ്ധ്യായത്തിൽ അർദ്ധരാത്രിയിലെ രണ്ടനുഭവങ്ങളെപ്പറ്റി നാം ചിന്തിച്ചുവല്ലോ.

ഒന്ന്, അർദ്ധരാത്രിയിൽ കുഞ്ഞാടിന്റെ രക്തം മൂലമുള്ള മോചനം.

രണ്ട്, അർദ്ധരാത്രിക്ക് പൗലോസും ശീലാസും ഫിലിപ്യൻ കാരാഗൃഹത്തിൽ സ്തുതിച്ചു.

മൂന്ന്, അർദ്ധരാത്രിക്ക് സ്നേഹിതന്റെ വീട്ടിൽ ചെന്ന് മൂന്നപ്പം വായ്പ ചോദിക്കുന്ന സ്നേഹിതൻ.

കർത്താവ് പറയുന്ന മനോഹരമായ ഒരു ഉപമയാണിത്. ഒരു ദിവസം വീട്ടിൽ ഒരതിഥി വന്നു. അർദ്ധരാത്രിയിലാണ് വന്നത്. ഇതിനു മുമ്പും അവിടെ വരാറുണ്ട്. ഏത് അസമയത്ത് വന്നാലും ആഹാരം ലഭിക്കാറുണ്ട്.

ഇന്നും ആ പ്രതീക്ഷയോടെയാണ് അതിഥി വന്നത്. മുൻകാലത്തേതിൽനിന്ന് വ്യത്യസ്തമായി ഇന്ന് ആ വീട്ടിൽ അതിഥിക്ക് കൊടുക്കാനൊന്നുമില്ല. വീട്ടുകാരൻ ഒരു നിമിഷം ഒന്നു പരുങ്ങി നിന്നു. ഉള്ളും മുഖവും വാടുന്നത് അതിഥി അറിയരുത്. ഇവിടത്തെ ഇല്ലായ്മ വിരുന്നുകാരൻ അറിയരുത്. സ്വന്തം അനുഭവത്തിലെ ദാരിദ്ര്യം അതിഥിയെ അറിയിക്കരുത്.

അതിഥിയോട് ഇരിക്കാൻ പറഞ്ഞു. അദ്ദേഹം ഉള്ളിലേക്ക് വലിഞ്ഞു. ശബ്ദം ഒട്ടും കേൾപ്പിക്കാതെ പിൻവാതിൽ തുറന്നു. വളരെ വേഗം അദ്ദേഹത്തിന്റെ ഒരു സ്നേഹിതന്റെ വീട്ടിലേക്കോടി.

നേരം പാതിരയാണ്. ആ നല്ല വീട്ടുകാരൻ സുഖസുഷുപ്തിയിലാണ്. വാതിൽക്കൽ മുട്ടണമോ? ഈ നട്ടപ്പാതിരയ്ക്ക് ഉറങ്ങുന്ന ആളെ ഉണർത്തണമോ? ഒരു കണക്കിന് വകതിരിവുകേടാണ്; ഔചിത്യമില്ലായ്മയാണ്. ശരിയ്ക്കു പറഞ്ഞാൽ മര്യാദകേടാണ്.

പക്ഷേ ആലോചിച്ചു നില്ക്കാൻ നേരമില്ലല്ലൊ. അത്യാവശ്യക്കാരനുണ്ടോ ഔചിത്യം?

അദ്ദേഹം വാതിൽക്കൽ മുട്ടി. കുറേ നേരം മുട്ടിയപ്പോഴാണ് ഉണർന്നത്. "എന്താ കാര്യം? ആരാണ് മുട്ടുന്നത്? നിങ്ങൾക്ക് എന്താണ് വേണ്ടത്?"

"ഞാനാണേ. ഒരത്യാവശ്യക്കാര്യം. ഒരു മൂന്നപ്പം വായ്പ

തരണം."

"ഈ പാതിരയ്ക്കോ? എനിക്ക് എഴുന്നേൽക്കാൻ വയ്യ,"

"അയ്യോ, അങ്ങനെ പറയല്ലേ. വളരെ അത്യാവശ്യമാണ്. മൂന്നപ്പം വായ്പ തരണം."

"ദയവായി എന്നെ ശല്യപ്പെടുത്തല്ലേ. ഈ പിള്ളേര് എന്റെ കൂടെ കിടക്കുന്നു. ഞാൻ എഴുന്നേറ്റാൽ അവരും ഉണരും. പിന്നെ വലിയ പ്രയാസമാകും. ഇപ്പോൾ പോകൂ."

"അയ്യയ്യോ! അങ്ങനെ പറഞ്ഞാൽ പറ്റുകയില്ല. ഞാൻ പോകയില്ല. എന്റെ വീട്ടിൽ അർദ്ധരാത്രിക്ക് ഒരു അതിഥി വന്നിരിക്കയാണ്. ആഹാരം കൊടുക്കാറുള്ളതാണ്. ഇങ്ങനെ ഒരു ഇല്ലായ്മ ഒരിക്കലും ഉണ്ടായിട്ടില്ല. ഞാനെങ്ങനെ അദ്ദേഹത്തിന്റെ മുഖത്തു നോക്കും. ഈ പ്രാവശ്യത്തേക്ക് എന്നെ ഒന്നു സഹായിക്കണേ."

ആ വീട്ടുകാരൻ എഴുന്നേറ്റു വാതിൽ തുറന്നു. മീൽസേഫ് ചൂണ്ടിക്കാണിച്ചു കൊടുത്തു. ആവശ്യം പോലെ എടുത്തു കൊള്ളൂ. വേണ്ടുന്നേടത്തോളം കൊണ്ടുപൊയ്ക്കൊള്ളൂ.

ആ വീട്ടുകാരന്റെ മഹാമനസ്കത! മുട്ടിപ്പായി യാചിച്ചപ്പോൾ മുഴുവൻ തുറന്ന് കൊടുക്കുന്ന കാരുണ്യം.

മാന്യ ദൈവപൈതലേ, ഇതുപോലെ മുട്ടിപ്പായി ദൈവത്തോടു നീ യാചിച്ചിട്ടുണ്ടോ? മൂന്നപ്പമേ വായ്പ ചോദിച്ചുള്ളൂ. ശ്രീഭണ്ഡാരം തുറന്ന് സ്വർഗ്ഗീയ നിക്ഷേപം വേണ്ടുന്നേടത്തോളം എടുക്കാൻ അനുവദിക്കയാണ്. ഇതാണ് സ്വർഗ്ഗീയ പിതാവിന്റെ സ്നേഹം.

ഇത് നല്ലതുപോലെ അനുഭവിച്ചിരുന്നതുകൊണ്ടാണ് അപ്പോ

സ്തലനായ പൗലോസ് എഫെസോസിലെ ക്രസ്ത്യാനികളെ ധൈര്യപ്പെടുത്തി സാക്ഷിച്ചത്.

> "നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്ന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമ്മീൻ."
>
> എഫെസ്യർ 3 : 20 – 21

ഔചിത്യം നോക്കാതെ, മുട്ടിപ്പായി യാചിക്കുന്ന, പ്രാർത്ഥന. അർദ്ധരാത്രിയിലെ മൂന്നാമത്തെ അനുഭവം അർദ്ധരാത്രിയിലെ മുട്ടുപൊട്ടുമാറ് മുട്ടിൻമേൽ ഇരുന്നുള്ള അഭയ യാചന.

അർദ്ധരാത്രിയിലെ നാലാമത്തെ അനുഭവം,

അപ്രതീക്ഷിതമായി ക്രിസ്തുവിന്റെ പുനരാഗമനം

> അർദ്ധരാത്രിക്കോ മണവാളൻ വരുന്നു, അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളിയുണ്ടായി." മത്തായി 25 : 6

പത്തു കന്യകമാരുടെ ഉപമ കർത്താവിന്റെ രണ്ടാമത്തെ വരവിനെക്കുറിക്കുന്ന ഉപമയാണ്. അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിയില്ലാത്തവരുമായിരുന്നു. അഞ്ചുപേർ ബുദ്ധിയുള്ളവർ ആണെന്ന് പറയാൻ കാരണം അവരുടെ വിളക്ക് ഇപ്പോൾ കത്തുന്നുണ്ടെങ്കിലും വിളക്കിലെ എണ്ണ കുറയാനും വിളക്ക് കെട്ടുപോകാനും സാധ്യതയുണ്ട് എന്ന് അവരറിയുകയും വിളക്കിലുള്ള എണ്ണയ്ക്ക് പുറമെ പാത്രത്തിൽ എണ്ണ കരുതുകയും ചെയ്തു. ബുദ്ധിയില്ലാത്തവർ reserve oil കരുതിയില്ല.

ഗലാത്യസഭയോട് പൗലോസ് പ്രത്യേകം പറയുന്നുണ്ട് :"ക്രിസ്തു യേശു അവരിൽ പിന്നെയും ഉരുവാകേണ്ടിയിരിക്കുന്നു", എന്ന് ഗലാ. 4 : 19. കൃപയിൽനിന്നു വീണുപോകാനും ക്രിസ്തുവിനോടു വേറിട്ടു പോകാനും സാധ്യതയുണ്ട് എന്ന് അപ്പോസ്തലൻ തുടർന്ന് പറയുന്നതിൽ നിന്ന് മനസ്സിലാക്കാം. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ ഗലാത്യ ക്രിസ്ത്യാനികളോട് പൗലോസ് പറയുന്നത് ശ്രദ്ധിക്കൂ :

> "ന്യായപ്രമാണത്താൽ നീതികരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോടു വേർപെട്ടു പോയി ; നിങ്ങൾ കൃപയിൽനിന്ന് വീണുപോയി."
>
> ഗലാത്യൻ 5:4.

ബുദ്ധിയുള്ള കന്യകമാർക്ക് ഗ്രഹിക്കാൻ കഴിഞ്ഞു, കൃപയിൽ നിന്ന് വീണുപോകാൻ സാധ്യതയുണ്ടെന്ന്; വിളക്കണഞ്ഞുപോകാൻ സാധ്യതയുണ്ടെന്ന്. അവർ അതുകൊണ്ട് ഒരുങ്ങി. ബുദ്ധിയില്ലാത്തവർ ഒരുങ്ങിയില്ല.

ഇന്നത്തെ ക്രൈസ്തവ മണ്ഡലത്തിലും മണവാളൻ വരുമെന്ന് വിശ്വസിക്കുന്നവരുണ്ട്. മണവാളനെ എതിരേല്ക്കണമെന്ന് ആഗ്രഹമുള്ളവരുണ്ട്. വിളക്ക് എടുത്തുകൊണ്ട് പുറപ്പെടുന്നവരുണ്ട്. വിളക്ക് ഇപ്പോൾ കത്തുന്നുമുണ്ട്. വിളക്കിൽ ഇപ്പോൾ എണ്ണയുണ്ട്. അവർ രക്ഷിക്കപ്പെട്ടവരാണ്.

പക്ഷെ ഏറ്റവും ശോചനീയമായ സത്യം അവർ മണവാളനെ എതിരേൽക്കേണ്ട സമയത്ത് പുറംതള്ളപ്പെട്ടുപോകും എന്നതാണ്.

ക്രിസ്തു തന്റെ ഗിരിപ്രഭാഷണത്തിന്റെ ഒടുവിൽ ഇക്കാര്യം

വ്യക്തമാക്കിയിട്ടുണ്ട്.

> "കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കുകയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കുകയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്ന് ഞാൻ അവരോട്, ഞാൻ ഒരു നാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ എന്നെ വിട്ടു പോകുവിൻ എന്ന് തീർത്തു പറയും."
>
> യോഹ. 7 : 21

ക്രിസ്തു ഒരു നാളും അറിഞ്ഞിട്ടില്ലാത്തവർ ക്രിസ്തുവിന്റെ നാമത്തിൽ പ്രവചിക്കും; ക്രിസ്തുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കും; ക്രിസ്തുവിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കും. അന്ത്യനാളിലാണ് അവരും അറിയുന്നത് എല്ലാം പാഴായിപ്പോയല്ലോ എന്ന്.

"അധർമ്മം പ്രവർത്തിക്കുന്നവരേ" എന്നാണ് കർത്താവ് അവരെ വിളിക്കുന്നത്. ജീവിതത്തിൽനിന്ന് പാപം മാറാതെയാണ് ദൈവവേല ചെയ്തത്. അധർമ്മം ജീവിതത്തിൽ വെച്ചുകൊണ്ടാണ് ദൈവികശുശ്രൂഷ ചെയ്തത്. വിശുദ്ധീകരണം എന്ന കാര്യം പ്രസ്താവിക്കുകയും പ്രസംഗിക്കുകയും ചെയ്യുമ്പോഴും സ്വന്തം ജീവിതത്തിൽ വിശുദ്ധീകരണം അനുഭവിച്ചില്ല.

അധർമ്മത്തെക്കുറിച്ച് വ്യക്തമായ കുറ്റബോധം അനേകം സുവിശേഷകർക്കും ഇല്ലാതാകാൻ കാരണങ്ങൾ പലതാണ്.

ഒന്ന്, ആദ്യസ്നേഹം വിട്ടുകളഞ്ഞു. ആദ്യകാല ലഹ

രിയും ആത്മീയ ശക്തിയും നഷ്ടപ്പെട്ടു. ഉദാഹരണം - എഫെസ്യ സഭ. വെളിപ്പാട് 2:4-6.

രണ്ട്, ആദ്യസ്നേഹത്തെ നഷ്ടപ്പെടുത്തുന്ന ലോകസ്നേഹം, ദ്രവ്യാഗ്രഹം, ലോകമയത്വം എന്നിവയ്ക്ക് ജീവിതത്തിൽ ഇടം കൊടുത്തു. ഉദാഹരണം - ദേമാസ്. 2 തീമോ. 4:10.

മൂന്ന്, ജഡമയത്വത്തിനും സുഖഭോഗങ്ങൾക്കും ഇടം കൊടുത്തു. ഉദാഹരണം - ദാവീദ്. 2 ശമുവേൽ 11:2-18, 11:27.

നാല്, ക്രിസ്തുവിനോടുള്ള ഏകാഗ്രത നഷ്ടപ്പെടുത്തിയതുമൂലം വഷളായി. ഉദാഹരണം - കൊരിന്ത്യസഭ. 2 കൊരി. 11:3.

> "ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ, സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ, നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു." 2 കൊരി. 11 : 2 - 3

അഞ്ച്, വിഭിന്നോപദേശങ്ങളുടെ കാറേറ്റ് ഉലഞ്ഞാടുന്നതുമൂലം കൃപയിൽനിന്ന് വീണുപോകും. ഗലാത്യസഭയ്ക്ക് പറ്റിയത് അതാണ്.

> "ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോടു വേർപെട്ടുപോയി; നിങ്ങൾ കൃപയിൽനിന്ന് വീണുപോയി."
> ഗലാത്യർ 5 : 4

ആറ്, ദൈവജനത്തിന്റെ ഇടയിൽ കലക്കവും അനൈക്യവും ഉണ്ടാകുന്നതുമൂലം അധ:പതനം സംഭവിക്കും.

> "നിങ്ങൾ അന്യോന്യം കുടിക്കയും തിന്നുകളകയും ചെയ്താലോ ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ."
>
> ഗലാത്യർ 5 : 15

> "നിങ്ങളെ കലക്കുന്നവൻ ആരായാലും ശിക്ഷാവിധി ചുമക്കും." ഗലാത്യർ 5 : 10

> "നിങ്ങളെ കലഹിപ്പിക്കുന്നവർ അംഗച്ഛേദം ചെയ്തുകൊണ്ടാൽ കൊള്ളായിരുന്നു."
>
> ഗലാ. 5 : 12

> "കർത്താവിൽ ഏക ചിന്തയോടിരിപ്പാൻ (to agree with each other. NIV; quarrel no more - be friends again - LB) ഞാൻ യുവൊദ്യയെയും സുന്തുകയെയും പ്രബോധിപ്പിക്കുന്നു."
>
> ഫിലിപ്പിയൻ 4 : 2

ഏഴ്, നുഴഞ്ഞു വന്ന കള്ളസഹോദരൻമാർ നിമിത്തം അധർമ്മം പെരുകും. കള്ളനാണയങ്ങൾ പെരുകും. കള്ളനോട്ടും നല്ലനോട്ടും തിരിച്ചറിയാൻ നല്ല പരിജ്ഞാനം വേണം - discernment - ആവശ്യമാണ്.

അവർ എന്നെങ്കിലും മാനസാന്തരമുണ്ടായിട്ടുള്ളവരല്ല. അവർ കപടവേലക്കാരത്രേ.

> "അതോ നുഴഞ്ഞു വന്ന കള്ളസഹോദരൻമാർ നിമിത്തമായിരുന്നു. അവർ നമ്മെ അടിമപ്പെടുത്തേണ്ടതിന് ക്രിസ്തുയേശുവിൽ നമു

ക്കുള്ള സ്വാതന്ത്ര്യം ഒറ്റു നോക്കുവാൻ നുഴഞ്ഞു വന്നിരുന്നു." ഗലാ. 2 : 4

"ഭോഗപ്രിയരായി, ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ."
2 തീമോഥെയോസ് 3 : 5

"കള്ളയപ്പൊസ്തലൻമാർ, കപടവേലക്കാർ, ക്രിസ്തുവിന്റെ അപ്പോസ്തലൻമാരുടെ വേഷം ധരിക്കുന്നവർ." 2 കൊരി. 11 : 13

"എന്നാൽ കള്ളപ്രവാചകൻമാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കൻമാർ ഉണ്ടാകും."
2 പത്രോസ് 2 : 1 – 4

"ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞു കിടക്കുന്ന പാറകൾ." യൂദാ : 11 – 16

കന്യകമാർ പുറന്തള്ളപ്പെട്ടുപോയി. അർദ്ധരാത്രിയിൽ വിളക്ക് തെളിച്ചപ്പോൾ അവരുടെ വിളക്ക് കെട്ടുപോയി.

സ്നേഹിതാ, അതുവരെ കത്തിനില്ക്കുന്ന വിളക്കും കെട്ടുപോകാനൊരു സാധ്യതയുണ്ടെന്ന് മറക്കരുതേ. "പോകുവിൻ. ഞാൻ നിന്നെ അറിയുന്നില്ല", എന്ന ശബ്ദം കേൾപ്പാനിടയാകരുതേ. ഇപ്പോൾതന്നെ ആത്മനിറവിനായി നിന്നെത്തന്നെ ശുദ്ധീകരിപ്പിൻ. വിശുദ്ധീകരണമാണ് ആത്മനിറവിന്റെ അടിസ്ഥാനം. അതിനായി വാഞ്ഛിച്ച് ഒരുങ്ങുവിൻ. ദൈവത്തിന്റെ പരിശുദ്ധാത്മാവിനുവേണ്ടി ദാഹിപ്പിൻ. "നീതിമാൻ ഇനിയും നീതി ചെയ്യട്ടെ, വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു."

നമുക്ക് പ്രാർത്ഥിക്കാം.

നാഥാ, ദാനമായി തന്ന സ്വർഗ്ഗീയ ദൂതിനായി സ്തോത്രം. എണ്ണ പകർന്നു തരുന്ന കൃപയ്ക്കായി സ്തോത്രം. അർദ്ധരാത്രിയിൽ നിത്യനൈരാശ്യത്തിലേക്ക് തള്ളപ്പെടാതിരിക്കാൻ ഈ നല്ല സുപ്രസാദകാലത്തു തരുന്ന കൃപയുടെ സുവിശേഷത്തിനായി സ്തോത്രം. അന്ത്യത്തോളം നിലനിറുത്തണമേ.

പതിനൊന്ന്

"ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്ന വർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും." ലൂക്കോസ് 11 : 13

കഴിഞ്ഞ അദ്ധ്യായങ്ങളിൽ അർദ്ധരാത്രികളുടെ അനുഭവങ്ങൾ നാം ചിന്തിച്ചല്ലോ. അർദ്ധരാത്രിയിൽ ഒരാൾ തന്റെ സ്നേഹിതന്റെ വീട്ടിൽ ചെന്ന് മുട്ടുകയും മൂന്നപ്പം വായ്പ ചോദിക്കുകയും ചെയ്തതിനെക്കുറിച്ചും നാം ധ്യാനിച്ചല്ലോ.

അർദ്ധരാത്രിയിൽ വീട്ടിൽ വന്ന അതിഥിയെ അവിടെ ഇരുത്തിയിട്ട് സ്നേഹിതന്റെ അടുക്കൽ ചെന്ന് മുട്ടി യാചിച്ച ആ മനുഷ്യന്റെ സ്വഭാവത്തിലെ ചില സവിശേഷതകൾ ഇനി നമുക്ക് ചിന്തിക്കാം.

ഒന്നാമത്തെ കാര്യം അവന് ആതിഥ്യബോധമുണ്ടായിരുന്നു. He was hospitality conscious.

ഒരതിഥി വീട്ടിൽ വന്നിരിക്കയാണ്. വഴി നടന്ന് ക്ഷീണിച്ച്,

തളർന്നാണ് വന്നിരിക്കുന്നത്. നല്ല വിശപ്പുള്ളവനായിട്ടാണ് വന്നിരിക്കുന്നത്.

വിശപ്പടക്കാൻ നല്ല ആഹാരം ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് വന്നിരിക്കുന്നത്. കാരണം ഇതിനു മുമ്പും അവിടെ വന്നിട്ടുണ്ട്. വന്നപ്പോഴെല്ലാം സുഭിക്ഷ ഭക്ഷണം ലഭിച്ചിട്ടുണ്ട്.

വീട്ടുകാരൻ ഒരു വല്ലാത്ത പ്രതിസന്ധിയിലായി. അതിഥിയെ സൽക്കരിച്ചേ പറ്റൂ. പക്ഷേ ഇന്ന് ഒന്നുമില്ല, അതിഥിക്ക് കൊടുക്കാൻ. അതിഥിയെ സ്വീകരിക്കാത്ത ഒരനുഭവം ഒരിക്കലുമുണ്ടായിട്ടില്ല? എങ്ങനെയാണ് ഈ വിരുന്നുകാരനെ ഒന്നു സൽക്കരിക്കേണ്ടത്? മാർഗ്ഗമൊന്നും കാണുന്നില്ലല്ലൊ.

അദ്ദേഹത്തിന്റെ ആതിഥ്യബോധം തീർച്ചയായും ശ്ലാഘനീയമാണ്.

> "വിശുദ്ധൻമാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അതിഥിസൽക്കാരം ആചരിക്കുകയും ചെയ്വിൻ." റോമർ 12 : 13

> "സഹോദരപ്രീതി നിലനിൽക്കട്ടെ. അതിഥിസൽക്കാരം മറക്കരുത്. അതിനാൽ ചിലർ അറിയാതെ ദൈവദൂതൻമാരെ സൽക്കരിച്ചിട്ടുണ്ടല്ലൊ."
> എബ്രായർ 13 : 1 – 2

അറിയാതെ ദൈവദൂതൻമാരെ സൽക്കരിച്ചു എന്ന് പറഞ്ഞിരിക്കുന്നത് ഉല്പത്തിപ്പുസ്തകം 18-ാം അധ്യായത്തിൽ അബ്രഹാം, ന്യായാധിപൻമാരുടെ പുസ്തകം 6-ാം അധ്യായത്തിൽ ഗിദയോൻ, ന്യായാധിപൻമാർ 13-ാം അധ്യായത്തിൽ മാനോഹ എന്നിവരെക്കുറിച്ചാണ്. അവരുടെ ആതിഥ്യമര്യാദ

അതിരില്ലാത്ത അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കുന്നതിന് മുഖാന്തരമായി.

അതിഥിസൽക്കാരപ്രിയം ഉള്ള ഒരാളായിരുന്നു മാർത്ത. ബേഥാന്യയിലെ ഭവനത്തിൽ ക്രിസ്തുവിനെയും ശിഷ്യൻമാരെയും മാർത്ത കൈക്കൊണ്ടു.

ആ ഭവനത്തിൽ വലിയ അത്യാഹിതം സംഭവിച്ചപ്പോൾ ആ കെടുതി മാറുന്നതിന് മാർത്തയുടെ ആതിഥ്യബോധം മുഖാന്തരമായി. സഹോദരനായ ലാസർ മരിച്ച്, അടക്കപ്പെട്ട്, നാലു ദിവസമായെങ്കിലും ആ ലാസറിനെ ക്രിസ്തു ഉയിർപ്പിക്കുന്നതിന് മാർത്തയുടെയും മറിയയുടെയും സ്നേഹവും വിശ്വാസവും കാരണമായിത്തീർന്നു.

യോഹന്നാൻ രണ്ടാമത്തെ ലേഖനം എഴുതിയത് മാന്യനായകിയാർക്ക് എന്ന് നാം വായിക്കുന്നു. മാന്യനായകിയാർ പക്ഷേ മാർത്ത ആയിരിക്കാം. സൽക്കാരപ്രിയയായ മാർത്തയുടെ അതിഥിസൽക്കാരംകൊണ്ട് ആപത്ത് ക്ഷണിച്ചു വരുത്തല്ലേ എന്ന് മാർത്തയ്ക്ക് മുന്നറിയിപ്പു നൽകുന്നതാണ് ആ ലേഖനം.

ദുരുപദേശവുമായി ഭവനത്തിൽ വരുന്നവരെ വീട്ടിൽ കൈക്കൊള്ളരുത്, അവർക്ക് കുശലം പറയുകപോലും ചെയ്യരുതെന്നാണ് ഇവിടെ പറയുന്നത്. കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവത്തികൾക്ക് കൂട്ടാളിയല്ലോ എന്ന് ശ്ലീഹാ ഇവിടെ പറയുന്നു.

അതുകൊണ്ട് അതിഥികളെ സ്വീകരിക്കുമ്പോൾ നാം പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്ക്കളങ്കരുമായിരിക്കണം. കുഞ്ഞാടുകളുടെ വേഷത്തിലും ചെന്നായ്ക്കൾ വരാൻ സാധ്യതയുണ്ട് എന്ന് ദൈവമക്കൾ കരുതി

യിരിക്കേണ്ടതാണ്.

അർദ്ധരാത്രിയിൽ മൂന്നപ്പം വായ്പ വാങ്ങി അതിഥിയെ സൽക്കരിക്കാൻ ശ്രമിച്ച മനുഷ്യന്റെ രണ്ടാമത്തെ സവിശേഷത അവന് ദാരിദ്ര്യബോധം ഉണ്ടായിരുന്നു എന്നതാണ് – ദാരിദ്ര്യബോധം – Poverty Conscious.

അതിഥിക്ക് കൊടുക്കാൻ അവന് ഒന്നുമില്ല. അവന്റെ അടുക്കള ഇന്ന് ശൂന്യമാണ്. അവന്റെ കലവറ ഒഴിഞ്ഞ് കിടക്കുകയാണ്.

അവൻതന്നെ അന്ന് പട്ടിണിയായിരിക്കുമോ? അതിനെക്കുറിച്ചൊന്നും ക്രിസ്തു പറയുന്നില്ല. അവനുതന്നെ അന്നു വയറു നിറയെ കഴിക്കാനില്ലാതിരുന്നുവോ?

ഏതായാലും ഇപ്പോൾ ശൂന്യമാണ്. അനേകരങ്ങനെയല്ലേ? ഒരു കാലത്ത് ഒന്നിനും പഞ്ഞമില്ലായിരുന്നു. എല്ലാം നിറപടിയായിട്ടുണ്ടായിരുന്നു. ആഹാരത്തിന് സമൃദ്ധി. പണത്തിന് സമൃദ്ധി. ആരോഗ്യത്തിന് സമൃദ്ധി. വസ്ത്രത്തിന് സമൃദ്ധി. സഹായികൾക്ക് സമൃദ്ധി. എല്ലാം നിറഞ്ഞുനിന്ന കാലം. നൊവൊമി പറഞ്ഞതുപോലെ :

> "നിറഞ്ഞവളായി ഞാൻ പോയി; ഒഴിഞ്ഞ
> വളായി യഹോവ എന്നെ മടക്കി വരുത്തി."
>
> രൂത്ത് 1 : 21

മുൻകാലത്ത് വാരി വിതറി കൊടുത്തിരുന്ന കൈ. ഇന്നോ, പലരുടെയും മുമ്പിൽ യാചനയോടെ നീട്ടേണ്ടിവന്നിരിക്കുന്നു. മുമ്പ് എത്രപേർക്ക് കടം കൊടുത്തിരുന്നു ! ഇന്നോ, കടം വാങ്ങി വേണം ഓരോ ആവശ്യം നടത്താൻ.

സ്നേഹിതാ, ഇത് നിന്റെ അനുഭവമാണോ? സഹോദരീ, ഇതേ സ്ഥിതിയിൽ നീ നിരാശയായി വലയുകയാണോ?

എങ്കിൽ, ഇതാ, സർവ്വസമ്പന്നനായ ഒരു നല്ല സ്നേഹിതൻ നിന്റെ അരികെ നില്ക്കുന്നു. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത ആ നല്ല സ്നേഹിതൻ നിന്നെത്തന്നെ നോക്കി നില്ക്കുന്നു. നീ ഒരു ചുവടു വെച്ചാൽ അവൻ നൂറു ചുവടു വെയ്ക്കാൻ മനസ്സുള്ളവനായി നിന്റെ അരികത്തു ദയാവായ്പോടെ നില്ക്കുന്നു.

> "കഷ്ടകാലത്ത് നീ എന്നെ വിളിച്ചപേക്ഷിക്ക, ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും." സങ്കീ. 50 : 15

ദാരിദ്ര്യബോധം - Poverty Conscious. കർത്താവിന്റെ മലപ്രസംഗത്തിലെ ഒന്നാമത്തെ വാക്യം, "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്."

സ്വന്തനീതിയിൽ ആശ്രയിച്ച്, ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും അഭിമാനം പൂണ്ട്, സ്വന്തം ഭക്തിജീവിതത്തിൽ പൂർണ്ണസംതൃപ്തിയോടെ കഴിഞ്ഞ പരീശൻമാരെ നോക്കിയാണ് കർത്താവ് ഏറ്റവും ദു:ഖിച്ചത്.

രക്ഷിക്കപ്പെട്ടു. വേദപുസ്തക പരിജ്ഞാനമുണ്ട് എന്ന ആത്മീയ നിഗളത്തോടെ, പരീശമനോഭാവത്തോടെ മറ്റുള്ളവരെ തുച്ഛീകരിക്കുകയും വിധിക്കുകയും ചെയ്യുന്ന എത്രയോ ആളുകളുണ്ട്!

പരീശന്റെയും ചുങ്കക്കാരന്റെയും ഉപമയിൽ ക്രിസ്തു ഈ ആത്മീയ സമ്പന്നരുടെ അപകടാവസ്ഥ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നുണ്ട്.

ലൂക്കോസ് 18 : 9 – 14 വരെ ആ ഉപമ നാം കാണുന്നു. പരീശനും ചുങ്കക്കാരനും. പരീശന് തന്റെ നീതിയെക്കുറിച്ചും ഭക്തിയെക്കുറിച്ചും നല്ല മതിപ്പും പ്രശംസയുമുണ്ട്. അവർ വിധിക്കുന്നു; തുച്ഛീകരിക്കുന്നു. അവരുടെ പാപമാണ് അവൻ ദൈവസന്നിധിയിൽ പറയുന്നത്. സ്വന്തം പാപം ഒന്നും അവന് പറയാനില്ല.

മാന്യ സ്നേഹിതാ, നീ നിന്റെ പാപം കാണുന്നില്ലെങ്കിൽ നീ ഒരു പരീശനാണ്. നീ മറ്റുള്ളവരുടെ പാപം കാണുന്നെങ്കിൽ നീ ഒരു പരീശനാണ്. നീ മറ്റുള്ളവരെക്കാൾ ഭേദമെന്ന് കരുതുന്നു എങ്കിൽ ഒരു പരീശനാണ്. പ്രിയനേ, ഞാൻ നിന്നോട് ഒന്ന് തുറന്നു പറയട്ടെ. ഞാൻ ഒരു പരീശനായിരുന്നു. പ്രകടമായ ഒരു പാപവും എന്നിലില്ലല്ലോ എന്ന് ഞാൻ അഭിമാനിച്ചിരുന്നു. അനേകരിൽ കാണുന്ന ഒരു ദുശ്ശീലവും എനിക്കില്ലല്ലോ എന്ന് ഞാൻ പ്രശംസിച്ചിരുന്നു. മദ്യപാനം, പുകവലി, വ്യഭിചാരം, വഴക്ക്, കോപാവേശം, സിനിമ, വെറിക്കൂത്ത്, തന്നത്താൻ അഴുക്കാക്കുന്ന ദുശ്ശീലങ്ങൾ ഇവയൊന്നും എന്നിലില്ലല്ലോ എന്ന് ഞാൻ അഹങ്കരിച്ചിരുന്നു.

എന്നാൽ മറ്റുള്ളവരെ ദുഷിക്കുന്നതും, വിധിക്കുന്നതും പാപമാണെന്ന് തിരുവചനത്തിൽനിന്ന് മനസ്സിലാക്കിയപ്പോൾ ഞാൻ ആത്മാവിൽ മരിച്ചിരിക്കയാണെന്ന് ഏറ്റുപറഞ്ഞു. വാവിഷ്ഠാണക്കാർ (പരദൂഷണം പറയുന്നവർ - revilers) ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന വചനം എന്നെ ഞെട്ടിച്ചു. ഞാൻ ദൈവത്തോട് ഏറ്റു പറഞ്ഞു :

“കർത്താവേ, ഇനി മേലിൽ ഞാൻ എന്റെ തെറ്റു മാത്രം കാണും. മറ്റുള്ളവരുടെ തെറ്റു കാണുകയില്ല; കേൾക്കുകയുമില്ല. എന്റെ നൻമ ഞാൻ കാണുകയില്ല; മറ്റുള്ളവരുടെ

നൻമ മാത്രം ഞാൻ കാണും ; കേൾക്കും."

എന്തൊരു മന:ശാന്തിയാണ് ലഭിച്ചതെന്നോ? അഭൗമ സന്തോഷം എന്റെ ഹൃദയത്തിൽ അലതല്ലാൻ തുടങ്ങി.

മാന്യ ദൈവപൈതലേ, ആത്മാവിൽ ദരിദ്രനായിരിക്കുക. ദാരിദ്ര്യബോധം – Poverty Conscious ആകുക.

മൂന്നാമത്തെ സവിശേഷത അദ്ദേഹം Emergency Conscious ആയിരുന്നു. അടിയന്തിരബോധം.

അതിഥിയെ അവിടെയിരുത്തിയിട്ട് അടുത്തുള്ള സ്നേഹിതന്റെ വീട്ടിലേക്ക് അർദ്ധരാത്രിക്കുതന്നെ ഓടി. നേരംപുലരട്ടെ എന്നോർത്തില്ല. ഈ പാതിരായ്ക്ക് ചെന്ന് എങ്ങനെ മുട്ടിവിളിക്കും എന്ന് ചിന്തിച്ചില്ല. വകതിരിവില്ലായ്മയാണല്ലോ എന്ന് ചിന്തിച്ച് താമസിച്ചില്ല.

അർദ്ധരാത്രി ഒരതിഥി വന്നിരിക്കയാണ്. നടന്ന് ക്ഷീണിച്ച്, യാത്രചെയ്ത് ക്ലേശിച്ചാണ് വന്നിരിക്കുന്നത്. ഒട്ടും വൈകാൻ പാടില്ല. ആഹാരം കൊടുത്ത് ഉറങ്ങാനിടം കൊടുക്കണം. മാറ്റി വെയ്ക്കാവുന്നകാര്യമല്ല. അടിയന്തിരമായി നിവർത്തിക്കേണ്ട കാര്യം – Emergency Conscious. മൂന്നപ്പം വായ്പ വാങ്ങിയേ പറ്റൂ.

അതുകൊണ്ടാണ് ആ നല്ല സ്നേഹിതനെ ശല്യപ്പെടുത്താമെന്നുറച്ചത്; തെരുതെരെ മുട്ടിയത്. ഒരു മര്യാദയില്ലാത്തതുപോലെ മുട്ടിയത്. പാതിരായ്ക്കു ചെന്ന് മടുക്കാതെ മുട്ടിയത്.

അവിവേകമെന്നേ ആർക്കും തോന്നൂ. ഒചിത്യമില്ലല്ലോ എന്നേ ആരും കരുതൂ.

ആ നല്ല വീട്ടുകാരൻ പല ഒഴികഴിവും പറയുന്നുണ്ട്.

ഒന്ന്, എന്നെ പ്രയാസപ്പെടുത്തരുത്.

രണ്ട്, കതക് അടച്ചിരിക്കുന്നു.

മൂന്ന്, പൈതങ്ങളും എന്നോടുകൂടെ കിടക്കുന്നു.

നാല്, എഴുന്നേറ്റു തരുവാൻ എനിക്ക് കഴിയില്ല.

ഇതൊക്കെ കേട്ടിട്ടും അത്യാവശ്യക്കാരൻ, അടിയന്തിര ബോധത്തോടെ മുട്ടിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം ലജ്ജ കൂടാതെ മുട്ടുകയാണ്.

മുട്ടിപ്പായി പ്രാർത്ഥിക്കാൻ, മാന്യ ദൈവപൈതലേ, നീ പരിശീലിച്ചിട്ടുണ്ടോ?

> "സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്കലേക്ക് ഞാൻ എന്റെ കണ്ണ് ഉയർത്തുന്നു. ദാസൻമാരുടെ കണ്ണ് യജമാനന്റെ കൈയിലേക്കും ദാസിമാരുടെ കണ്ണ് യജമാനത്തിയുടെ കൈയിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്ക്, അവൻ ഞങ്ങളോട് കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു." സങ്കീ. 123 : 1 – 3

നാല്, Godís Sufficiency Conscious - ദൈവപര്യാപ്തതാബോധം.

> "എഴുന്നേറ്റു അവന്നു വേണ്ടുന്നേടത്തോളം കൊടുക്കും." ലൂക്കോസ് 11 : 8

> "നിങ്ങൾ സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകലസൽ പ്രവൃത്തിയിലും പെരുകി വരുമാറ് നിങ്ങളിൽ സകല കൃപയും

പെരുക്കുവാൻ ദൈവം ശക്തനാകുന്നു."

2 കൊരി. 9 : 8

അവൻ വാരിവിതറി ദരിദ്രൻമാർക്ക് കൊടുക്കുന്നവൻ. അവൻ വിശന്നിരിക്കുന്നവരെ നൻമകളാൽ നിറയ്ക്കുന്ന വൻ. അവൻ അമർത്തിക്കുലുക്കി കവിയുന്നോരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരുന്നവൻ. അവൻ വായ് വിസ്താര ത്തിൽ തുറക്കുന്നവന്റെ വായെ നിറയ്ക്കുന്നവൻ. അവൻ എണ്ണമില്ലാത്ത നൻമ നിറപടിയായി പകർന്നു തരുന്നവൻ.

അവൻ പരിശുദ്ധാത്മാവിനെ തരാമെന്ന് പറയുന്നു. പരി ശുദ്ധാത്മാവിന്റെ ഫലങ്ങളും വരങ്ങളും നിറഞ്ഞുനില്ക്കുന്ന ഭാഗ്യം തരാമെന്ന് പറയുന്നു.

സ്നേഹിതാ, ഇപ്പോൾ പരിശുദ്ധാത്മാവു നിന്റെ ഉള്ള ത്തിലേക്ക് പകരാൻ നീ യാചിക്കുമോ? പരിശുദ്ധാത്മാവിൽ മാത്രമേ നൻമയുള്ളൂ. പരിശുദ്ധാത്മാവിൽ മാത്രമേ നമുക്ക് വിശുദ്ധിയുള്ളൂ. സ്നേഹിതാ, ഇപ്പോൾ നിന്റെ ഹൃദയം ആത്മാവ് വന്ന് വിശുദ്ധീകരിക്കാൻ വിട്ടുകൊടുക്കുമോ?

നമുക്ക് പ്രാർത്ഥിക്കാം.

കർത്താവേ, പരിശുദ്ധാത്മാവിനെ തരാം എന്ന് വാഗ്ദത്തം തന്നതിനാൽ സ്തോത്രം. ദാരിദ്ര്യബോധത്തോടെ, ആതിഥ്യ ബോധത്തോടെ, അടിയന്തിരബോധത്തോടെ, ദൈവപര്യാപ്ത താബോധത്തോടെ യാചിപ്പാൻ കല്പിച്ചതിനായി സ്തോത്രം. അന്ത്യത്തോളം ആത്മാവിന്റെ വഴിയിൽ നടത്തണമേ.

പന്ത്രണ്ട്

"നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന് അവരോട് ചോദിച്ചതിന്: പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞു."

അപ്പോ. പ്രവൃത്തികൾ 19 : 2

ഞാനൊരു സംഭവം കേട്ടിട്ടുണ്ട്. കടലിൽ പാലം പണിയുന്നതിന് പ്രാരംഭമായി ഒരു വലിയ ഇരുമ്പുതൂൺ കടലിൽ സ്ഥാപിച്ചു. ആഴത്തിൽ താഴ്ത്തിയ ആ ഇരുമ്പുതൂൺ ഒന്ന് ഇളക്കിയെടുത്ത് കുറെ മാറ്റി സ്ഥാപിക്കേണ്ടി വന്നു. വലിയ യന്ത്രങ്ങൾ ഘടിപ്പിച്ച് ആ തൂൺ പറിച്ചെടുക്കാൻ നോക്കി. എത്ര ശ്രമിച്ചിട്ടും ആ തൂൺ പറിക്കാൻ പറ്റിയില്ല.

എല്ലാവരും നിസ്സഹായാവസ്ഥയിൽ ആയി. അപ്പോൾ ഒരു എൻജിനീയർ ഒരു പ്ലാൻ നിർദ്ദേശിച്ചു. തൂണിനെ ഒരു ഇരുമ്പു ചങ്ങലയാൽ ഒരു പത്തേമാരിയുമായി ബന്ധിച്ചു. അപ്പോൾ വേലിയിറക്കമായിരുന്നു. കുറെ ദിവസം ഇങ്ങനെ കിടക്കട്ടെ. നാമൊന്നും ചെയ്യണ്ട എന്ന് അദ്ദേഹം പറഞ്ഞു.

ഏതാനും ദിവസത്തിനകം വേലിയേറ്റം വന്നു. സമുദ്ര ജലം ക്രമാതീതമായി ഉയർന്നു. ഒപ്പം പത്തേമാരിയും ഉയർന്നു. വെള്ളത്തിന്റെ ശക്തി പത്തേമാരിയെ മുകളിലേക്ക് തള്ളിയ പ്പോൾ അതിൽ ബന്ധിച്ചിരുന്ന തൂണും പറിഞ്ഞുയർന്നു.

മനുഷ്യർക്ക് അസാധ്യമായത് പരിശുദ്ധാത്മാവിന് സാധിക്കും : പരിശുദ്ധാത്മാവിനാൽ മാത്രമേ പാപത്തിന്റെ മേൽ ജയം കിട്ടുകയുള്ളൂ. പരിശുദ്ധാത്മാവിനാൽ മാത്രമേ വിശുദ്ധജീവിതം സാധ്യമാകൂ. പരിശുദ്ധാത്മാവിനാൽ മാത്രമേ നിഷ്ക്കളങ്കമായി സ്നേഹിക്കാൻ പറ്റുകയുള്ളൂ. പരിശുദ്ധാ ത്മാവിനാൽ മാത്രമേ ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പി ക്കാൻ സാധിക്കുകയുള്ളൂ.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവാണ് പരിശു ദ്ധാത്മാവ്. പിതാവിൽനിന്ന് പുറപ്പെട്ട്, പിതാവിനോടും പുത്ര നോടുംകൂടെ വന്ദിക്കപ്പെടുന്നവനാണ് പരിശുദ്ധാത്മാവ്. പ്രവാ ചകൻമാരും അപ്പോസ്തലൻമാരും മുഖാന്തരം സംസാരിച്ചവ നാണ് പരിശുദ്ധാത്മാവ്. മനുഷ്യന് പാപത്തെക്കുറിച്ചും നീതി യെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തു ന്നവനാണ് പരിശുദ്ധാത്മാവ്. ആശ്വാസദാതാവാണ് പരിശുദ്ധാ ത്മാവ്. മറഞ്ഞിരിക്കുന്ന രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവ നാണ് പരിശുദ്ധാത്മാവ്. കല്ലിച്ച ഹൃദയങ്ങളെ തകർക്കുന്നവ നാണ് പരിശുദ്ധാത്മാവ്. ഹൃദയങ്ങളുടെ ആഴത്തെ ശോധന ചെയ്യുന്നവനാണ് പരിശുദ്ധാതാമാവ്.

നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന് പൗലോസ് എഫെസോസിലെ ശിഷ്യൻമാരോട് ചോദി ച്ചു. പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞു.

പരിശുദ്ധാത്മാവിനെക്കുറിച്ച് വെളിപ്പെടുത്തുമ്പോൾ ഏഴു

പ്രതീകങ്ങൾ – പ്രതിരൂപങ്ങൾ – തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്ന് : എണ്ണ. 'നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു.' എബ്രായർ 1 : 9, സങ്കീ. 45 : 7

രണ്ട് : ജലം. 'എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്തു പറയുന്നതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും.' യോഹ. 7 : 37 – 38

മൂന്ന് : കാറ്റ്. 'കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെനിന്ന് വരുന്നു എന്നും എവിടേക്ക് പോകുന്നു എന്നും അറിയുന്നില്ല.' യോഹ. 3:8, അപ്പോ. പ്രവൃത്തികൾ 2 : 2

നാല് : അഗ്നി. 'അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി. അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു.' അപ്പോ. പ്രവൃത്തികൾ 2 : 3

അഞ്ച്: പ്രാവ്. 'അപ്പോൾ സ്വർഗ്ഗം തുറന്നു, ദൈവാത്മാവ് പ്രാവ് എന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു.' മത്തായി 3 : 16

ആറ് : മുദ്ര. 'വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.' എഫെസ്യർ 1:14. 'ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പു നാളി

നായി മുദ്രയിട്ടിരിക്കുന്നത്.' എഫെസ്യർ 4 : 30

ഏഴ് : അച്ചാരം. 'നമ്മുടെ അവകാശത്തിന്റെ അച്ചാര മായ വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവ്.' എഫെ. 1 : 14

പരിശുദ്ധാമാവിനെ പ്രാപിപ്പാൻ നാമെന്തെല്ലാം ചെയ്യണം?

ഒന്നാമതായി, പരിശുദ്ധാത്മാവിനെ വിശ്വസിക്കണം. "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും. ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭി പ്പാനിരിക്കുന്ന ആത്മാവിനെക്കുറിച്ചാകുന്നു അവൻ പറഞ്ഞ ത്." യോഹ. 7:37-39.

"നിങ്ങൾ വിശ്വസിച്ചിട്ട് പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?" അപ്പോ. പ്രവൃത്തികൾ 19 : 2

പരിശുദ്ധാത്മാവിനെ വിശ്വസിക്കുക എന്നാൽ ആത്മാ വിന്റെ വഴികളെയും വചനത്തെയും വിശ്വസിക്കുക എന്നാ ണ്. എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും.

"ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതി ഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടത ല്ലോ." എബ്രാ. 11 : 6

ബുദ്ധിയിൽ വിശകലനം ചെയ്യാതെ, യുക്തികൊണ്ട് അള ക്കാതെ, പൂർണ്ണമായി വിശ്വസിക്കുക. വ്യവസ്ഥ കൂടാതെ വിശ്വസിക്കുക മാത്രമാണ് ദൈവം പ്രസാദിക്കുന്ന മാർഗ്ഗം.

രണ്ടാമതായി, പരിശുദ്ധാത്മാവിനെ അനുസരിക്കുക.

"ഈ വസ്തുതയ്ക്ക് ഞങ്ങളും ദൈവം തന്നെ

അനുസരിക്കുന്നവർക്ക് നൽകിയ പരിശുദ്ധാത്മാവും സാക്ഷികൾ."

അപ്പോ. പ്രവൃത്തികൾ 5 : 32

ശമുവേൽ ശൗലിനോടു പറയുന്നു :

"നീ ചെയ്തത് ഭോഷത്വം; നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ച കല്പന നീ പ്രമാണിച്ചില്ല." 1 ശമുവേൽ 13 : 13

ശൗലിന്റെ ജീവിതപരാജയത്തിന്റെ മുഖ്യകാരണം പരിശുദ്ധാത്മാവിനെ അനുസരിച്ചില്ല എന്നതത്രേ. അമാലേക്യരെ ഉൻമൂലനാശം ചെയ്യാൻ കല്പന ലഭിച്ചെങ്കിലും അത് പൂർണ്ണമായി അനുസരിച്ചില്ല. ശമുവേൽ പറഞ്ഞു :

"യഹോവയുടെ കല്പന അനുസരിക്കുന്നതു പോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവയ്ക്ക് പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്. മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിഥ്യാ പൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു. നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതു കൊണ്ട് അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്ന് തള്ളിക്കളഞ്ഞിരിക്കുന്നു."

1 ശമുവേൽ 15 : 22– 23

ചോദ്യം ചെയ്യാതെ അനുസരിക്കുന്നതിൽകൂടെ മാത്രമേ ദൈവപ്രസാദം ലഭിക്കുകയുള്ളൂ. വിശ്വസിക്കുന്നു എങ്കിൽ അനുസരിക്കും. അബ്രഹാം ദൈവത്തെ വിശ്വസിച്ചു; അനുസരിച്ചു. നോഹ ദൈവവചനം വിശ്വസിച്ചു, അനുസരിച്ചു.

മോശ ദൈവവചനം വിശ്വസിച്ചു; അനുസരിച്ചു.

മൂന്നാമത്, ദൈവാത്മാവിനെ പ്രാപിക്കാൻ ആത്മാവിനു വേണ്ടി ദാഹിക്കണം.

> "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ, എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്തു പറയുന്നതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും."
>
> യോഹ. 7 : 37 – 38

> "മരുഭൂമിയിലെ വേഴാമ്പലിനെപ്പോലെ വെള്ളത്തിനായുള്ള ദാഹം." സങ്കീ. 102 : 6

'എലീശാപ്രവാചകന്റെ ദാഹം പ്രത്യേകം ശ്രദ്ധേയമാണ്. എലിയാവിന്റെ മേലുള്ള ആത്മാവിന്റെ ഇരട്ടി പങ്ക് തന്റെ മേൽ വരുവാൻ എലീശാ ദാഹിക്കുകയാണ്.' 2 രാജാ. 2:9.

"നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്" , എന്ന് ഏലിയാവ് പറയുന്നു. 2 രാജാ. 2:10. ആത്മാവിനെ ലഭിക്കുക എന്നത് വളരെ പ്രയാസമാണ്. രക്ഷ സൗജന്യമാണ്; ആത്മ നിറവ് വളരെ വിലയേറിയതത്രേ.

എലീശ ഏലിയാവോടു പറ്റിച്ചേർന്നുനിന്നു. ഏലിയാവിനോടു കൂടെ ഗിൽഗാലിൽനിന്ന് പുറപ്പെട്ടു. അവിടെനിന്ന് 15 മൈൽ പടിഞ്ഞാറ് ബേഥേലിലേക്ക് ഏലിയാവ് പോയപ്പോൾ പിന്നാലെ പോയി. അവിടെനിന്ന് 12 മൈൽ കിഴക്ക് യറീഹോവിലേക്കു പോയപ്പോൾ കൂടെ ചേർന്നുനിന്നു. യറീഹോവിൽനിന്ന് 5 മൈൽ കിഴക്ക് യോർദ്ദാനിലേക്ക് പോയപ്പോൾ അവിടെയും എത്തി നിന്നു. ഓരോ സ്ഥലത്തും പ്രവാചക ശിഷ്യൻമാർ എലീശായെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. പക്ഷേ എലീശാ തളരുന്നില്ല.

സ്നേഹിതാ, ആത്മാവിനെ പ്രാപിപ്പാൻ അതിയായി ദാഹിക്കണം.

വിശ്വസിക്കണം. അനുസരിക്കണം. ദാഹിക്കണം.

നാലാമതായി, പ്രാർത്ഥിക്കണം.

അവർ (പത്രോസും യോഹന്നാനും) ചെന്ന് അവർക്ക് പരിശുദ്ധാത്മാവ് ലഭിക്കേണ്ടകിന് അവർക്കായി പ്രാർത്ഥിച്ചു. അപ്പോസ്തല പ്രവൃത്തികൾ 8:15.

മെറിലിൻ കറോതേഴ്സ് എഴുതിയ Prison to Praise എന്ന ഗ്രന്ഥത്തിൽ ഒരു മനോഹരമായ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രാർത്ഥനാഗ്രൂപ്പിൽ മെർലിൻ കറോതേഴ്സ് ആവശ്യപ്പെട്ടു : "നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം." മുമ്പെല്ലാം അദ്ദേഹം മറ്റുള്ളവർക്കുവേണ്ടി പ്രാത്ഥിക്കുകയാണ് പതിവ്. ദൈവമക്കൾ ചോദിച്ചു – ""What do you want us to ask God to do? "ദൈവം എന്തു ചെയ്തു തരാൻ ഞങ്ങൾ പ്രാർത്ഥിക്കണമെന്നാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?"

"Ask God to use me more than ever." "എന്നന്നേക്കാളും കൂടുതലായി ദൈവം എന്നെ ഉപയോഗിപ്പാൻ പ്രാർത്ഥിപ്പിൻ."

അവർ പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോൾ മെർലിൻ കറോതേഴ്സ് ആത്മാവിൽ കണ്ടു; ക്രിസ്തു തന്റെ കാലിൽ പിടിച്ചുകൊണ്ട് കാലിലേക്ക് തല ചായ്ച്ചുകൊണ്ട് മുട്ടിൻമേൽ ഇരിക്കുന്നതായിട്ട്. ക്രിസ്തു പറയുന്നു :

"I donít want to use you, I want you to use me." "നിന്നെ ഉപയോഗിപ്പാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നീ എന്നെ ഉപ

യോഗിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുക. അപ്പോൾ നാം ദൈവത്തെ ഉപയോഗിക്കുന്നവരായിത്തീരും.

അഞ്ചാമതായി, കാത്തിരിക്കുക.

> "നിങ്ങൾ യരുശലേമിൽനിന്ന് വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിന്നായി കാത്തിരിക്കേണം."
>
> അപ്പോ. പ്രവൃത്തികൾ 1 : 4

> "ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും. യൗവനക്കാരും ഇടറി വീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും. അവർ കഴുകൻമാരെപ്പോലെ ചിറകടിച്ചു കയറും. അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചുപോകാതെ നടക്കുകയും ചെയ്യും."
>
> യെശ. 40 : 31

ആത്മാവിനായി കാത്തിരുന്ന് ശക്തി പ്രാപിക്കണം. ഒന്നാം നൂറ്റാണ്ടിലെ അപ്പോസ്തലൻമാർ സെഹിയോൻ മാളികയിൽ കാത്തിരുന്നു. അവർ ശക്തി പ്രാപിച്ചു. അവർ ആത്മതേജസ്സുള്ളവരായിത്തീർന്നു.

ആറാമതായി, വചനം കേൾക്കുക.

കൊർന്നേല്ല്യോസ് പത്രോസിനോട് പറയുകയാണ് :

> "നീ വന്നത് ഉപകാരം. കർത്താവ് നിന്നോട് കല്പിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു." അപ്പോ. പ്രവൃത്തികൾ 10 : 33

അതിനെത്തുടർന്ന് പത്രോസ് സംസാരിച്ചു.

> "ഈ വാക്കുകളെ പത്രോസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവു വന്നു."
>
> അപ്പോ. പ്രവൃത്തികൾ 10 : 44

പരിശുദ്ധാത്മാവ് എന്ന ദാനം ജാതികളുടെ മേലും പകർന്നതുകണ്ട് വിശ്വാസികൾ വിസ്മയിച്ചു.

ഏഴാമതായി, പരിശുദ്ധാത്മാവിനെ പ്രാപിപ്പാൻ വിശുദ്ധീകരിക്കുക.

ശമര്യായിലെ ശീമോനോട് പത്രോസ് അപ്പോസ്തലൻ വളരെ കർശനമായും കർക്കശമായും ഇടപെടുകയാണ്.

> "നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ടു ഈ കാര്യത്തിൽ നിനക്ക് പങ്കും ഓഹരിയുമില്ല. നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക."
>
> അപ്പോ. പ്രവൃത്തികൾ 8 : 21 – 22

ആലയത്തെ വിശുദ്ധീകരിക്കേണ്ടതിന്റെ ആവശ്യകത യെഹ. 8-ാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. ആത്മാവ് വിശുദ്ധിയുള്ളടത്ത് മാത്രമേ ഇരിക്കുകയുള്ളൂ. ആന്തരിക വിശുദ്ധീകരണം പ്രാപിച്ചാൽ മാത്രമേ ആത്മാവിനെ ലഭിക്കുകയുള്ളൂ. "ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരാകുവിൻ'' എന്ന് പരിശുദ്ധനായ ദൈവം അരുളിച്ചെയ്യുന്നു.

"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ." ആധുനിക തലമുറയുടെ അടിയന്തിരാവശ്യം രഹ

സ്യവിശുദ്ധൻമാർ ഉണ്ടാകുക എന്നതാണ്.

സ്നേഹിതാ, താങ്കളുടെ ഹൃദയം അതിനായി ത്രസിക്കുന്നുവോ? വിശുദ്ധിയെ തികച്ച്, പരിശുദ്ധാത്മാവിനെ പ്രാപിച്ച്, ആത്മ നിറവോടെ ആരാധിപ്പാനും സാക്ഷിപ്പാനും താങ്കൾക്ക് കൊതിയുണ്ടോ? എങ്കിൽ ജീവിതം വ്യവസ്ഥ കൂടാതെ ക്രിസ്തുവിന്റെ ആണിപ്പാടുള്ള പാദത്തിൽ സമർപ്പിക്കുവിൻ. ഒരു പുതിയ കാഴ്ചപ്പാട് പ്രാപിപ്പിൻ. ഒരു പുതിയ ജീവിതം തുടങ്ങുവിൻ.

കരുണയുള്ള കർത്താവേ, തന്ന ദൂതിനായി സ്തോത്രം. പരിശുദ്ധാത്മാവിനെ പ്രാപിച്ച് ആത്മനിറവിന്റെ ശുശ്രൂഷ നിവർത്തിപ്പാൻ കൃപ നൽകണമേ.

പതിമൂന്ന്

"ഒന്ന് ഞാനറിയുന്നു. ഞാൻ കുരുടനായിരുന്നു; ഇപ്പോൾ കണ്ണ് കാണുന്നു."

യോഹന്നാൻ 9 : 25

പിറവിയിലെ കുരുടനായ ഒരാളെ യേശുക്രിസ്തു സൗഖ്യപ്പെടുത്തി. പിറവിക്കുരുടന് കണ്ണ് കാഴ്ച ലഭിച്ചു.

പിറവിയിൽത്തന്നേ രോഗികളായ മൂന്നുപേർ സൗഖ്യം പ്രാപിച്ചതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒന്ന്, യോഹന്നാന്റെ സുവിശേഷം ഒമ്പതാം അധ്യായത്തിൽ പിറവിക്കുരുടന് കാഴ്ച ലഭിച്ചത്.

രണ്ട്, അപ്പൊ. പ്രവർത്തികൾ മൂന്നാം അദ്ധ്യായത്തിൽ സുന്ദരം എന്ന ഗോപുരവാതിൽക്കൽ ഇരുന്ന് ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന, നാല്പതു വയസ്സിലേറെ പ്രായമുള്ള മുടന്തനായ ഒരാൾക്ക് സൗഖ്യം ലഭിച്ചത്.

മൂന്ന്, അപ്പോസ്തല പ്രവൃത്തികൾ 14-ാം അധ്യായ

ത്തിൽ ലുസ്ത്രയിൽ പിറവി മുതലേ മുടന്തനായിരുന്ന ഒരാൾക്ക് പൗലോസ് അപ്പോസ്തലൻ സൗഖ്യം കൊടുത്തത്.

യോഹന്നാന്റെ സുവിശേഷം 9-ാം അധ്യായത്തിൽ പിറവിക്കുരുടനെ യേശു കണ്ട് അവനിൽ മനസ്സലിഞ്ഞു. യേശു ക്രിസ്തു നിലത്തു തുപ്പി, തുപ്പൽകൊണ്ട് ചേറുണ്ടാക്കി, ചേറ് അവന്റെ കണ്ണിൻമേൽ പൂശി, നീ ചെന്ന് ശീലോഹാം കുളത്തിൽ കഴുകുക എന്ന് അവനോട് പറഞ്ഞു. അവൻ പോയി കഴുകി കണ്ണ് കാണുവാനായി മടങ്ങിവന്നു.

ക്രിസ്തു പറഞ്ഞു : "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു." അന്ധത മൂടിയ കണ്ണുകളെ വെളിച്ചമായ ക്രിസ്തു തുറന്നു. ക്രിസ്തു മനുഷ്യനിൽ ചെയ്യുന്ന ഏറ്റവും വലിയ അത്ഭുതം അകക്കണ്ണ് തുറക്കുന്നു എന്നതാണ്. അതാണ് ഒരിക്കൽ ക്രിസ്തു പറഞ്ഞത് :

> "പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇത് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെയല്ലോ നിനക്ക് പ്രസാദം തോന്നിയത്." മത്തായി 11 : 25

അനേകർക്കും ആത്മീയസത്യങ്ങൾ തിരിച്ചറിയാൻ പറ്റുന്നില്ല. ആന്തരിക കണ്ണ് തുറന്ന് കിട്ടുന്നില്ല. അതുകൊണ്ടാണ് ഉപനിഷത്തിൽ ഭക്തൻ പ്രാർത്ഥിച്ചത് :

തമസോ മാ ജ്യോതിർഗമയ
അസതോ മാ സത്ഗമയ
മൃത്യോർ മാ അമൃതം ഗമയ

എന്നെ ഇരുളിൽനിന്ന് വെളിച്ചത്തിലേക്ക് ആനയിക്കണമേ. എന്നെ തിൻമയിൽനിന്ന് നൻമയിലേക്ക് കൊണ്ടുവരണമേ. എന്നെ മരണത്തിൽനിന്ന് ജീവനിൽ എത്തിക്കണമേ.

നിത്യജീവനെക്കുറിച്ച് ചിന്തിക്കാതെ കഴിയുന്ന എത്രയോ ആളുകളുണ്ട്. ഈ ഭൂമിയിൽ സുഖമായി ജീവിക്കണം, പണം സമ്പാദിക്കണം, മനോഹരമായ വീടു പണിയണം, രുചികരമായ ഭക്ഷണം കഴിക്കണം എന്നിങ്ങനെ ഈ ലോകത്തിലെ ദൈനംദിന കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചു കഴിയുന്നവരാണ് അധികമാളുകളും. ചില ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ചടങ്ങുകൾക്കും അടിമപ്പെട്ട് നിത്യജീവൻ ഒരു വിഷയം പോലും ആകാതെ സ്വയസംതൃപ്തിയിൽ കഴിയുന്നവരാണ് അവർ.

അങ്ങനെയുള്ള ഒരാളായിരുന്നു ഗവൺമെന്റ് കോൺട്രാക്ടർ ശ്രീ എൻ.ഇ. എബ്രാഹാം.

അവരാച്ചന്റെ ജീവിതത്തിലെ പഴയകാല സംഭവങ്ങൾ ഒന്ന് വിവരിക്കാമോ?

ഞാൻ ഒരു പുരാതന യാക്കോബായ കുടുംബത്തിലാണ് ജനിച്ച് വളർന്നത്. പള്ളിയാരാധനകൾ, വീട്ടിലെ നമസ്കാരം, നോമ്പ് എന്നിവകളിലെല്ലാം എനിക്ക് വളരെ താത്പര്യമായിരുന്നു.

ജീവിതത്തിൽ പാപം വരരുതെന്ന് എനിക്ക് ഒരു ചിന്തയുമില്ലായിരുന്നു. എന്റെ ബിസിനസ്സിൽ എതിരായി നില്ക്കുന്നവരോട് കടുത്ത പകയും പ്രതികാര ചിന്തയും എനിക്കുണ്ടായിരുന്നു. കുമ്പസാരം, കുർബാനാനുഭവം എന്നിങ്ങനെയുള്ള കാര്യങ്ങൾ അക്കാലത്ത് വളരെ ചിട്ടയായിട്ടെനിക്കുണ്ടായിരുന്നു.”

ഈ അവസ്ഥയ്ക്ക് മാറ്റം വന്നതെന്നാണ്?"

ആറു വർഷം മുമ്പ് എനിക്ക് വയറിൽ ഒരസുഖമുണ്ടായി. ഓപ്പറേഷൻ വേണമെന്ന് ഡോക്ടർമാർ പറഞ്ഞു. ഞാൻ ഈ അവസ്ഥയിൽ കടന്നുപോയാൽ ദൈവരാജ്യത്തിൽ എത്തുകയില്ലല്ലൊ എന്ന് ഞാൻ ചിന്തിച്ചു. നിത്യജീവൻ പ്രാപിക്കുന്നതിനെക്കുറിച്ച് സംസാരിക്കാൻ ഞാൻ ഒരു ദൈവദാസന്റെ അടുക്കൽ പോയി.

അദ്ദേഹം എന്നെ ക്രിസ്തുവിന്റെ വചനം കാണിച്ചു. പാപങ്ങളെല്ലാം അനുതാപത്തോടെ ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണമെന്നും മേലിൽ പാപമില്ലാതെ ജീവിതം നയിക്കണമെന്നും അങ്ങനെ ഒരു പുതിയ ജീവിതം നയിക്കുന്നതിന് ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി ഞാൻ സ്വീകരിക്കണമെന്നും ആ കർത്തൃദാസൻ എനിക്ക് പറഞ്ഞുതന്നു. അപ്രകാരം ഞാൻ പൂർണ്ണഹൃദയത്തോടെ ക്രിസ്തുവിനെ എന്റെ ജീവിതത്തിന്റെ ഉടമസ്ഥനായി കൈക്കൊണ്ടു. അതോടുകൂടി പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ലാത്ത ഒരാനന്ദം എന്റെ ഹൃദയത്തിലുണ്ടായി."

അതിനുശേഷം ജീവിതം എങ്ങനെയിരിക്കുന്നു?

ഇന്ന് എനിക്ക് വളരെ സന്തോഷമാണ്. രോഗം മാറാൻ വേണ്ടിയല്ല ഞാൻ കർത്താവിനോടപേക്ഷിച്ചത്. പക്ഷേ എന്റെ പാപങ്ങൾ ഞാൻ ഉപേക്ഷിച്ചതോടെ എനിക്ക് പാപക്ഷമയും സമാധാനവും ലഭിച്ചു. എനിക്ക് പിണക്കമുണ്ടായിരുന്ന അനേകം ആളുകളുടെ വീട്ടിൽ ചെന്ന് ഞാൻ മാപ്പ് ചോദിച്ചു നിരപ്പായി.

പാപമോചനം ലഭിച്ചതോടുകൂടി എന്റെ രോഗവും മാറി. ഓപ്പറേഷൻ വേണ്ടിവന്നില്ല. ഇന്ന് ഞാൻ ക്രിസ്ത്യൻ റിവൈ

വൽ ഫെല്ലോഷിപ്പിനോടു ചേർന്ന് ക്രിസ്തുവിന്റെ വേലയിൽ ആവത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

അനേകം പ്രശ്നങ്ങളും എതിർപ്പുകളും പോരാട്ടങ്ങളും വരുന്നുണ്ട്. പക്ഷേ, ഒന്നിലും പതറാതെ, കുരിശു വഹിച്ച്, മുൾമുടിയേറ്റ്, തുപ്പലേറ്റ്, ഗോഗുൽത്തായിലേക്ക് നടന്നു കയറിയ യേശുവിന്റെ കാലടിപ്പാടുകളിൽനിന്ന് മാറാതെ യേശുവിനെ പിന്തുടരും എന്ന് ഞാൻ ഉറച്ചിരിക്കയാണ്. കാരണം ക്രിസ്തു എന്റെ അകത്തെ കണ്ണ് തുറന്നു തന്നു.

ബഹുമാന്യ സ്നേഹിതാ, അവരാച്ചന്റെ കണ്ണു തുറന്ന ക്രിസ്തു ഇന്നും ജീവിക്കുന്നു.

പാപം മൂലം കണ്ണു കുരുടായിപ്പോയവരാണ് മനുഷ്യരെല്ലാവരും.

"ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സ് കുരുടാക്കുന്നു" എന്ന് പൗലോസ് അപ്പോസ്തലൻ പറയുന്നുണ്ട്. 2 കൊരിന്ത്യർ 4:4.

ക്രിസ്തുവിന്റെ ജനനത്തിന് 750 കൊല്ലം മുമ്പ് യെശയ്യാ പ്രവാചകൻ മുൻകൂട്ടി പറഞ്ഞു :

> "ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്ത് പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു." യെശയ്യാവ് 9 : 2

കണ്ണുകുരുടന് കാഴ്ച കിട്ടിയതോടെ അവന്റെ ജീവിതത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ വരാൻ തുടങ്ങി. പള്ളിപ്രമാണികൾ അവനെയും അവന്റെ മാതാപിതാക്കളെയും വിളിച്ചുവരുത്തി വിസ്തരിച്ചു.

യേശു ചേറുണ്ടാക്കി കണ്ണിൽ പൂശിയത് ശാബതുനാളിൽ ആയതുകൊണ്ട് യേശുവിനെ കുറ്റം ചുമത്തുവാൻ ഒരു പഴുത് അവർക്കു കിട്ടി.

"ഈ മനുഷ്യൻ ശാബതു പ്രമാണിക്കായ്കൊണ്ട് ദൈവത്തിന്റെ അടുക്കൽനിന്ന് വന്നവനല്ല" എന്ന് പരീശൻമാർ വിധിച്ചു. യോഹ. 9:16.

"യേശു എന്നു പേരുള്ള ഒരു മനുഷ്യൻ എന്റെ കണ്ണിൽ ചേറുപൂശി, ശീലോഹാംകുളത്തിൽ പോയി കഴുകുക എന്ന് എന്നോട് പറഞ്ഞു. ഞാൻ പോയി കഴുകി, കാഴ്ച പ്രാപിച്ചു" എന്ന് ആ യുവാവ് വിനയപൂർവ്വം അവരോട് പറഞ്ഞു.

അപ്പോൾ അവർ ചോദിച്ചു:

"നിന്റെ കണ്ണ് തുറന്നതുകൊണ്ട് അവനെക്കുറിച്ച് നീ എന്തു പറയുന്നു?"

"അവൻ ഒരു പ്രവാചകൻ", അവൻ മറുപടി പറഞ്ഞു.

അവന്റെ അമ്മയപ്പൻമാരെ വിളിച്ച് അവർ ചോദ്യം ചെയ്തു :

"കുരുടനായി ജനിച്ചു എന്ന് നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവൻ തന്നെയോ? എന്നാൽ അവന് ഇപ്പോൾ കണ്ണു കാണുന്നതെങ്ങനെ?"

" ഞങ്ങളുടെ മകൻ ഇവൻതന്നെ. ഇവൻ കുരുടനായി ജനിച്ചവൻ തന്നെ. ഇപ്പോൾ കണ്ണ് കാണുന്നതെങ്ങനെ എന്ന് ഞങ്ങളറിയുന്നില്ല. അവൻ തന്നെ പറയും. അവന് പ്രായമുണ്ടല്ലൊ", എന്നാണ് മാതാപിതാക്കളുടെ മറുപടി.

നോക്കൂ! സ്വന്തം മകന് ജനിച്ചന്നു മുതലുള്ള അന്ധത

മാറ്റിക്കൊടുത്ത യേശുവിനെ ഒന്ന് സാക്ഷിക്കാനവർക്ക് ധൈര്യ മില്ല. കാരണം, യേശുവിനെ ക്രിസ്തു എന്ന് സാക്ഷിക്കുന്ന വനെ പള്ളിഭ്രഷ്ടനാക്കാൻ അവർ തീരുമാനിച്ചിരുന്നു.

കുരുടനായിരുന്നവനെ രണ്ടാമത് വിളിച്ച് അവർ തർജ്ജനം ചെയ്യുകയാണ്: "അവൻ പാപിയെന്ന് ഞങ്ങളറിയുന്നു."

"അവൻ പാപിയോ അല്ലയോ എന്ന് ഞാനറിയുന്നില്ല. ഒന്നു ഞാനറിയുന്നു. ഞാൻ കുരുടനായിരുന്നു; ഇപ്പോൾ കണ്ണ് കാണുന്നു."

അവൻ ധൈര്യത്തോടെ ക്രിസ്തുവിനെ സാക്ഷിക്കുക യാണ്. അവർ അവനെ പള്ളിയിൽനിന്ന് പുറത്താക്കി.

സ്നേഹിതാ, ക്രിസ്തുവിനെ സാക്ഷിപ്പാൻ താങ്കൾക്ക് ധൈര്യമുണ്ടോ? ക്രിസ്തുവിനെ സാക്ഷിപ്പാനുള്ള വകയെ ന്തെങ്കിലും താങ്കൾക്കുണ്ടോ? ഞാൻ കുരുടനായിരുന്നു. ഇപ്പോൾ കണ്ണ് കാണുന്നു എന്നു പറയാൻ താങ്കൾക്ക് അനു ഭവമുണ്ടോ? അന്ധകാരത്തിലും അന്ധവിശ്വാസത്തിലും ദുരാ ചാരങ്ങളിലും കുടുങ്ങി, കൂരിരുട്ടിൽ തപ്പി നടന്ന കാലം. കർത്താവ് എനിക്ക് മാറ്റിത്തന്നു, ക്രിസ്തു എനിക്ക് വെളിവു തന്നു, കണ്ണു കാഴ്ച തന്നു, അകക്കണ്ണ് തുറന്നു തന്നു എന്നുള്ളത് താങ്കളുടെ അനുഭവമോ?

> "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറ യുന്ന ഏവനേയും സ്വർഗ്ഗസ്ഥനായ എന്റെ പിതാ വിൻ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യ രുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറ യും." മത്തായി 10 : 32 – 33

"ആരെങ്കിലും എന്നെയും എന്റെ വചനങ്ങ

ളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതൻമാരുമായി വരുമ്പോൾ നാണിക്കും."

മർക്കോസ് 8 : 38

ക്രിസ്തുവിന്റെ ലജ്ജിക്കാത്ത സാക്ഷിയാകാൻ താങ്കൾക്കു താല്പര്യമുണ്ടോ? ആരെല്ലാം തള്ളിയാലും ബഹിഷ്ക്കരിച്ചാലും ഒരിക്കലും തള്ളാത്ത ക്രിസ്തുവിനോട് താങ്കൾ പറ്റിച്ചേർന്നു നില്ക്കുമോ? ക്രൂശിലെ നിസ്തുലസ്നേഹം താങ്കളെ വശീകരിക്കുന്നുവോ?

ഈ പുതിയ ഭാഗ്യാനുഭവത്തിനു കൊതിക്കുന്നു എങ്കിൽ ഇപ്പോൾ അരികത്ത് നില്ക്കുന്ന ക്രിസ്തുവിനോട് പറയുക :

'നാഥാ, നീ എനിക്ക് വെളിച്ചം തരാൻവേണ്ടി ക്രൂശിൻമേൽ കൂരിരുട്ടിന്റെ മധ്യത്തിൽ യാതനയേറ്റ് പിടഞ്ഞതിനാൽ ഇന്നു മുതൽ വെളിച്ചത്തിൽ ഞാൻ ജീവിക്കും. നാഥാ, ഇന്നു മുതൽ പാപമേശാതെ, ഒരു പുതിയ സാക്ഷിയായി ഞാൻ ജീവിക്കും."

നമുക്ക് പ്രാർത്ഥിക്കാം :

കരുണയുള്ള കർത്താവേ, അവിടത്തെ ജീവവചനങ്ങൾക്കായി സ്തോത്രം. അന്ധത മാറ്റുന്ന വെളിവിന്റെ വചനങ്ങൾക്കായി സ്തോത്രം. എന്നെ രൂപാന്തരപ്പെടുത്തണമേ. എന്നെ നിന്റെ സാക്ഷിയാക്കി നിറുത്തണമേ.

അമൃതധാര ടി.വി. പ്രോഗ്രാം

വെള്ളി	ഏഷ്യാനെറ്റ് ന്യൂസ് ടിവി	: 6.30 AM
ശനി	സൂര്യ ടിവി	: 6.30 AM
ഞായർ	ജീവൻ ടിവി	: 7.30 AM

അമൃതധാര റേഡിയോ പ്രോഗ്രാം

ചൊവ്വ ശനി	SW 25 മീറ്റർ	: 7.45 PM

പ്രൊഫ. എം.വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

രണ്ടാം ശനിയാഴ്ച	9.30 AM – 2.00 PM	മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്**
രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച	1.00PM – 5.00PM	
മൂന്നാം ഞായറാഴ്ച	1.00PM – 5.00PM	
എല്ലാ തിങ്കളാഴ്ചയും	6.00PM – 8.00PM	
എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)*	6.00PM – 8.00PM	പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി**
ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)*	6.30PM – 9.00PM	പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി**
ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)*	10.00AM – 12.30PM	നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്**

Contd...

എല്ലാ ചൊവ്വാഴ്ചയും	6.30 – 8.30 PM	ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി**
ഒന്നാം ഞായറാഴ്ച	● 2.30PM – 5.30PM	ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം**
	● 1.30PM – 5.00PM	കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി**
	● 3.00PM – 5.00PM	ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17**
	● 3.30PM – 6.00PM	ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ**
	● 2.30PM – 5.300PM	സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി**
	● 6.30 – 08.30 PM	പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം**
	● 06.30 – 9.30 PM	ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട**
	● 2.30 – 5.30 PM	കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്**
നാലാം ഞായറാഴ്ച	2.30PM – 5.00PM	കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം**
	● 3.30PM – 6.00PM	ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്**
	● 2.30 – 5.30 PM	പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ**
	● 2.30 – 5.00 PM	കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി**

Contd...

	● 2.30 – 5.00 PM	കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയങ്കോട്**
	● 6.30 – 8.30 PM	ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട**
ഒന്നാം ശനിയാഴ്ച	5.30PM – 8.30PM	പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ**
	● 6.00PM – 8.30PM	എസ്. സി. എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം**
	● 6.30PM – 8.300PM	കെ. എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ**
മൂന്നാം ശനിയാഴ്ച	6.00PM – 8.00PM	വ്യാപാര ഭവൻ, **മാനന്തവാടി**
മൂന്നാം ഞായറാഴ്ച	6.30 PM – 8.30 PM	വൈ. എം. സി. എ. ഹാൾ, **ചെങ്ങന്നൂർ**
	● 6.30 – 9.00 PM	ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്**
	● 6.30 PM – 8.30 PM	വൈ. എം. സി. എ. ഹാൾ, **പെരുമ്പാവൂർ**
രണ്ടാം ഞായറാഴ്ച	6.00 PM – 8.0 PM	വൈ. എം. സി. എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം**
എല്ലാ ബുധനാഴ്ചയും	7.30PM – 8.30PM	ശ്രീ. എൻ. പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ. വി. തോമസിന്റെ ഭവനം, **കൽപ്പറ്റ**
ഒന്നാം വ്യാഴാഴ്ച	6.30 – 8.30 PM	മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ**
നാലാം വ്യാഴാഴ്ച	6.30 – 8.30 PM	ടൗൺ ഹാൾ, **കൂത്താട്ടുകുളം**